# അഭന്നമുദ



BY REV. FR. JOSEPH NEDUMCHI[…]AS.

# അഭഗ്നമുദ്ര

അഥവാ

## അർദ്ദിതനായ വൈദികൻ.

(ഗദ്യപ്രഹസനം)

ഗ്രന്ഥകർത്താ

റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്.

സേക്രഡ് ഹാർട്ട് മൗണ്ട്, കോട്ടയം.

*First Edition copies 2000*

*All Rights Reserved*

St. Joseph's Press,

Mannanam.

1946.

Price 12 As.

# കഥാപാത്രങ്ങൾ

ഫാദർ ഫ്റാൻസീസ് — വികാരി.

ആൽബർട്ട് ലൂസർ — കപ്യാർ.

ജോസ് — ഭൃത്യൻ.

കത്രീനാ, സൂസന്ന — വൃദ്ധസ്ത്രീകൾ.

നഗരാധിപൻ, ഗൃമസ്ഥൻ.<br>ഡോക്ടർ, മെമ്പർ. } നഗരസഭ.

ജഡ്ജി, വക്കീലന്മാർ etc. — കോടതി.

ഹോട്ടൽ മാനേജർ, കൂട്ടുതടവുകാർ, വക്കീൽഗൃമസ്ഥൻ, പോലീസ്, സുപ്രണ്ട് etc.

---

N. B. പല അപ്രധാന ഭാഗങ്ങളും ഒരു നടൻ തന്നെ അഭിനയിക്കാവുന്നതും നടന്മാരുടെ സംഖ്യ കുറയ്ക്കാവുന്നതുമാണ്. നടന്മാരുടെ വേഷം പാശ്ചാത്യരീതിയിലായിരിക്കണം. ഈ പ്രഹസനം അഭിനയിക്കണമെന്നാഗ്രഹിക്കുന്നവർ ഗ്രന്ഥകർത്താവിനെ വിവരമറിയിച്ചിരിക്കണം.

# ആമുഖം

സദാചാരങ്ങളുടെ പ്രചരണത്തിനും സാമൂഹ്യപരിഷ്കരണത്തിനും ഉതകുന്ന നാടകങ്ങളും പ്രബന്ധങ്ങളും എക്കാലത്തും അത്യന്താപേക്ഷിതങ്ങളാണല്ലോ. എന്നാൽ ക്രൈസ്തവരുടെ പൊതുവേയും, കത്തോലിക്കരുടെ പ്രത്യേകിച്ചും മൗലികങ്ങളായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ചോദ്യംചെയ്യപ്പെടുകമാത്രമല്ല, നിഹനിക്കപ്പെടുകകൂടി ചെയ്യുന്ന ഈ കാലസന്ധിയിൽ, നമ്മുടെ മതത്തിന്റെ മാഹാത്മ്യത്തേയും, ഏതു ത്യാഗവും ആ മതത്തിന്റെ അവകാശസംരക്ഷണത്തിനുവേണ്ടി സഹിക്കുന്നതിന് അതിന്റെ അനുയായികളെ ശക്തിപ്പെടുത്തുന്നതിനു പര്യാപ്തമാകത്തക്കവിധം യേശുക്രിസ്തു അതിൽ സംഭരിച്ചുവച്ചിരിക്കുന്ന അനുഗ്രഹങ്ങളേയുംപററി ജനങ്ങളെ പ്രബുദ്ധരാക്കുവാൻ പററിയ നാടകങ്ങളും പ്രഹസനങ്ങളും കാവ്യങ്ങളും എത്രകണ്ട് അനുപേക്ഷണീയങ്ങളാണെന്നു വിവരിക്കേണ്ടതില്ല. ക്രൈസ്തവസഭയുടെ ആദ്യശതകങ്ങളിൽ ഉണ്ടായതുപോലുള്ള മതപീഡനമോ, തൽഫലമായ രക്തസാക്ഷിത്വമോ നമ്മുടെ നാട്ടുകളിൽ സംഭവിക്കയില്ലെന്നും വരാം. ആധുനികമതപീഡനം നവീനവും പരിഷ്കൃതവുമായ ഒരു രീതിയിലാണു നടക്കുന്നതെന്നും, അതിന്റെ വക്ത്രത്തിൽപെട്ടു പലരും ഞെളിപിരികൊള്ളുന്നു എന്നും ദൈനംദിനം നാം കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള മതമർദ്ദനത്തെ ക്രൈസ്തവർ ഏപ്രകാരം സഹിക്കണമെന്നും, രക്തംചിന്താതെയും ജീവൻ വെടിയാതെയും രക്തസാക്ഷികളാകുന്നതെങ്ങനെയെന്നും ജനസാമാന്യത്തെ പഠിപ്പിക്കുന്നതിന് പററിയ നാടകങ്ങളും സാഹിത്യപ്രബന്ധങ്ങളുമാണ് ഞാൻ വിവക്ഷിക്കുന്നത്. ഇപ്രകാരമുള്ള കൃതികൾ പ്രചരിക്കുന്നതിലും, ഏതാദൃശനാടകങ്ങൾ ഓരോ ഇടവകയിലും അഭിനയിക്കപ്പെടുന്നതിലും ക്രൈസ്തവർ ഔത്സുക്യം പ്രദർശിപ്പിക്കേ[ണ്ട]ണെന്നത്രെ എന്റെ വിനീതമായ അഭിപ്രായം.

ഈ ഉൽകൃഷ്ടമായ ഉദ്ദേശം സാധ്യപ്രായമാകുന്നതിന്ന് റവ. ഫാദർ ജോസഫ് നെടുഞ്ചിറ ഒ. എസ്സ്. എച്ച്. അവർകൾ യഥാശക്തി ഉദ്യമിച്ചുവരുന്നതായി അറിയുന്നതിൽ സന്തോഷിക്കാത്ത ക്രൈസ്തവർ ഉണ്ടായിരിക്കയില്ല. "അഭഗ്നമുദ്ര" എന്ന പേരിൽ അദ്ദേഹം ഒരു പ്രഹസനം രചിച്ച് ബഹുജനസമക്ഷം സമർപ്പിക്കുവാൻ ഇതാ തയ്യാറായിരിക്കുന്നു. ആഖ്യായികരചനയിൽ സുപ്രസിദ്ധി ആർജ്ജിച്ചിട്ടുള്ള റവ. ഫാദർ സ്പിൽമൻ എസ്. ജെ. അവർകളുടെ A victim to the seal of confession എന്ന നോവലിലെ കഥതന്നെയാണ് ഈ പ്രഹസനതല്ലജത്തിൻേറയും ഇതിവൃത്തം. യഥാർത്ഥസംഭവങ്ങളെ ആധാരമാക്കിയാണ് റവ. ഫാദർ സ്പിൽമാൻെറ ആഖ്യായികകളെല്ലാം രചിക്കപ്പെട്ടിരിക്കുന്നതെന്നുള്ളതിന്ന് ഈ പ്രഹസനത്തിന്ന് നിദാനമായ ഗ്രന്ഥം ഒരു മകുടോദാഹരണമത്രെ. ഫ്റാൻസിൽ ഒരു വൈദികൻ പാപസങ്കീർത്തനത്തിൻെറ അഭഗ്നതയെ സംരക്ഷിച്ചതുമൂലം അദ്ദേഹത്തിനുന്നേരിട്ട അത്യാഹിതമാണ് കഥാവസ്തു. ഇംഗ്ലീഷ്കൃതി "മുദ്രാമൃതം" എന്നപേരിൽ ഞാൻ മലയാളത്തിലേക്കു വിവർത്തനം ചെയ്യുകയും, മംഗലപ്പുഴ സെമ്മിനാരിയിലെ കൺവേർഷ്യൻലീഗ് അതു പ്രസിദ്ധീകരിക്കയുംചെയ്തു. "മുദ്രാമൃതം" വായിച്ചവരിൽ അനേകർ, അത് നാടകമാക്കണമെന്നു എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നതിനാൽ, ഏതു കഥയുടേയും രൂപം അഭിനയയോഗ്യമാക്കിത്തീർക്കുന്നതിന്ന് അനായാസേന സാധിക്കുന്ന ഒരു അനുഗൃഹീത "നിമിഷനാടകകൃത്തും"കൂടിയായ ഫാദർ ജോസഫ് നെടുഞ്ചിറ അവർകളെ ഞാൻ സമീപിച്ചു. അദ്ദേഹം സസന്തോഷം ആ ചുമതല ഏറെറടുക്കുകയും, ഇപ്രകാരം ഒരു നാടകകൃതി കൈരളിയ്ക്കു ഇന്നു ലഭിക്കുകയും ചെയ്തിരിക്കുന്നു. നാടകകർത്താവിൻെറ പല സംഗീതങ്ങളും, ചില നാടകരംഗങ്ങളും ഇന്നു സ്വനഗ്രാഹിണിയന്ത്രത്തിൽ കയറി കഴിഞ്ഞിരിക്കുന്നതു് ആർക്കാണ് സന്തോഷത്തെ പ്രദാനം ചെയ്യാത്തതു്? വിളംബംവിനാ അദ്ദേഹത്തിൻെറ കൃതികൾ സിനിമായിൽ കണ്ടു് ആനന്ദിക്കുന്നതിനു നമുക്കു ഭാഗധേയമുണ്ടാകുമെന്നു പ്രതീക്ഷിക്കാം. പാപസങ്കീർത്തനം മനുഷ്യമനസ്സിനെ അതീവ അശാന്തിപ്പെടുത്തുന്നതിനു പഴ്ച്ചാപ്പമായ ഒരു "ഏപ്പാടാണെന്നു്" അതിൻെറ [illegible]കമായ സ്ഥാപനത്തിൽ വിശ്വസിക്കാത്ത ചില അക

ത്തോലിക്ക മാന്യന്മാർപോലും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ക്രി
സ്തുവിനാൽ സ്ഥാപിതമായ ഒരു ക്രൂദാശയാണതെന്നു കത്തോലി
ക്കർ സംശയലേശമെന്യേ വിശ്വസിക്കുന്നു. ആ ക്രൂദാശയുടെ പാ
വനതയും, അതിന്റെ അഭഗ്നതയ്ക്കുവേണ്ടി വൈദികർ പല
പ്പോഴും അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളും മററും സാക്ഷാൽ
ക്കാരമായി വിവരിക്കുന്ന ഈ നവീന പ്രഹസനം, മതത്തിനും
സഭയ്ക്കുംവേണ്ടി എന്തുനഷ്ടവും ത്യാഗവും സഹിക്കുന്നതിനു ക്രൈ
സ്തവരെ പ്രബുദ്ധരാക്കുമെന്നുള്ള പ്രത്യാശയോടെ, ഇതിനു പ്രചു
രപ്രചാരവും നാടകകർത്താവിനു മംഗളങ്ങളും ആശംസിക്കുന്നു.

S. H. Mount
Eng. H. School
Kottayam
27-7-'46

Fr. T. Chulaparambil.

# പ്രസ്താവന

ഫാദർ സ്റ്റീൽമൻ എസ്സ്. ജെ. അവർകളാൽ വിരചിതമായ A victim to the Seal of Confession എന്നഇംഗ്ലീഷ് ആഖ്യായിക റവ. ഫാദർ തോമ്മസ് ചൂളപ്പറമ്പിൽ ബി. ഏ. ബി. ഡി. 'മുദ്രാമൃതം' എന്നപേരിൽ തർജ്ജമചെയ്യുകയും സേക്രഡ് ഹാർട്ട് ലീഗ് 1936-ൽ അതു പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. പ്രസ്തുത ചരിത്രസംഭവത്തെ അധികരിച്ച് എഴുതിയതാണ് "അഭഗ്നമുദ്ര അഥവാ അർദ്ദിതനായ വൈദികൻ" എന്ന ഈ ചെറുപ്രഹസനം. ഇതിവൃത്ത സ്വീകരണത്തിൽ പറയത്തക്ക ഭേദഗതികൾ ഒന്നും തന്നെ വരുത്തിയിട്ടില്ലെങ്കിലും പല ഭാഗങ്ങൾ ചുരുക്കേണ്ടതായും ചിലതൊക്കെ ഉപേക്ഷിക്കേണ്ടതായും വന്നിട്ടുണ്ട്. ദുഷിച്ച പ്രസിദ്ധീകരണങ്ങളും അവാസ്തവപ്രസ്താവനകളും മൂലം ലോകത്തെ വഞ്ചിച്ച് നാശഗർത്തത്തിലേക്ക വലിച്ചുകൊണ്ടോടുന്ന നിർമ്മതക്കാരും വൈദികവൈരികളും അതീതകാലങ്ങളിലും ഉണ്ടായിരുന്നതായി ഈ ചരിത്രസംഭവം സാക്ഷ്യംവഹിക്കുന്നു.

സാന്മാർഗ്ഗികവും താത്വികവുമായ കൃതികളെ സാഹിത്യലോകത്തിൽനിൽനിന്നു ഛേദിച്ചെറിയുവാൻ കലയുടെപേരിൽ കശാപ്പുകത്തിയുമായി നില്ക്കുന്ന ഇന്നത്തെ ചില നിശിത നിരൂപണപടുക്കളുടെ ദൃഷ്ടിയിൽ ഈ പ്രഹസനനിർമ്മാണം ഒരിക്കലും പരിഹരിക്കാൻ പാടില്ലാത്ത ഒരപരാധമായെന്നു വന്നേക്കാം. എന്നാൽ ഒരു സഹൃദയനെങ്കിലും ഇതിൽ ആസ്വാദനം കണ്ടെത്തിയാൽ അതുകൊണ്ടുതന്നെ ഞാൻ ചാരിതാർത്ഥ്യമടയുന്നതാണ്.

സാഹിത്യംകൊണ്ടു സാധിക്കേണ്ടതെന്താണെന്ന് പുരോഗമനവാദികൾ ഗ്രഹിച്ചിരുന്നെങ്കിൽ എത്രവേഗം ലോകം നന്മയിലേക്ക് പുരോഗമിക്കുമായിരുന്നു. നിന്ദ്യവും അനാശാസ്

ചില സംഭവങ്ങൾ തെരിഞ്ഞെടുത്ത് ഭാവനംചെയ്ത് ചമൽക്കാരത്തോടെ പർവ്വതീകരിച്ച് ആത്മാർത്ഥതയില്ലാതെ എഴുതിവിടുന്ന സാഹിത്യകാരന്മാർ, ലോകത്തിനറിയപ്പെടാത്തതും ചിലരെ മാത്രം ബാധിച്ചിട്ടുള്ളതും അങ്ങിങ്ങായി മറഞ്ഞുകിടക്കുന്നതുമായ സാംക്രമികരോഗാണുക്കൾ പെറുക്കിയെടുത്ത് ലോകം മുഴുവനും വിതയ്ക്കുകയാണു ചെയ്യുന്നത്. തന്മൂലം യുവലോകം പകർച്ചവ്യാധിക്കധീനരായി നിപതിക്കുന്നതു കാണാമെന്നല്ലാതെ മറെറാരു ഗുണവും പ്രതീക്ഷിക്കാവുന്നതില്ല. ഒരു വ്രണം ശുദ്ധിചെയ്ത് പൊതിഞ്ഞുകെട്ടാതെ തുറന്നുകാണിച്ചുകൊടുക്കണമെന്നുള്ള വഴിപിഴച്ചവാദം സമാദരണീയമല്ല. അതുകൊണ്ട് നാടാകെ ദുർഗ്ഗന്ധം പരത്താൻ കഴിയുമെന്നല്ലാതെ രോഗശാന്തിവരുത്താമെന്നു പറയുന്നതല്ലേ മൗഢ്യം.

ഈ വിനീതകൃതിയുടെ രചനയ്ക്കു എന്നെ പ്രോത്സാഹിപ്പിക്കുകയും ഒരാമുഖം എഴുതിത്തരികയുംചെയ്ത ഭാഷാഭിമാനിയും മഹാമനസ്കനുമായ സേക്രഡ്ഹാർട്ട് ഇംഗ്ലീഷ്ഹൈസ്കൂൾഹെഡ്മാസ്റ്റർ റവ. ഫാദർ തോമ്മസ് ചൂളപ്പറമ്പിൽ ബി. ഏ; ബി. ഡി; അവർകളോടും മുദ്രണകൃത്യം ഭംഗിയായി നിർവ്വഹിച്ചുതന്ന മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സ് ഭാരവാഹികളോടുമുള്ള കൃതജ്ഞത ഇവിടെ പ്രകാശിപ്പിച്ചുകൊണ്ട് "അഭഗ്നമുദ്ര" സഹൃദയസമക്ഷം പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

S. H. Mount,
1—8—46.

ഗ്രന്ഥകർത്താ.

# അഭഗ്നമുദ്ര

അഥവാ

# അദ്വിതനായ വൈദികൻ

## രംഗം 1.

(വിക്ടർ എന്ന ഇടവകയുടെ ബ. വികാരിയായ ഫാദർ ഫ്റാൻസീസ് താമസിക്കുന്ന പള്ളിമേട. ജോസ് എന്ന ഭൃത്യൻ പ്രവേശിച്ച് മേശ, കസാല ആദിയായവ വെടിപ്പാക്കി ക്രമീകരിക്കുന്നു. സമയം പ്രഭാതം.)

ജോസ്— എൻെറ അപ്പാ! വികാരി അച്ചനാണെന്നുവിചാരിച്ചു വല്ലവരും ഇത്രയേറെ നമസ്കാരം ചൊല്ലിക്കൂട്ടാറുണ്ടോ? കോഴികൂവുമ്പോൾ പള്ളിയിൽകാലുകുത്തും തിരിച്ചു മുററത്തിറങ്ങുമ്പോൾ സൂര്യൻ തലക്കുമീതെ എത്തും. അച്ചൻ വല്ലതും കഴിച്ചിട്ടാകാം ഇവൻെറ കാര്യമെന്നു വിചാരിച്ചാൽ ഈശുള്ളവനു തല ചുററലുതുടങ്ങും. ഒരച്ചൻെറ കുശിനിക്കാരനുള്ള വരുമാനം അവൻെറ വയററിൽ കൊള്ളിക്കാവുന്നടത്തോളമല്ലാതെ മററെന്തിരിക്കുന്നു? ഞാൻ പോണു. അച്ചനെ നോക്കിനിന്നാൽ ഈശുള്ളവൻെറ നാക്കു തളരും. (പോകുന്നു. അല്പം കഴിഞ്ഞു ഫാദർ ഫ്റാൻസീസ് പ്രവേശിക്കുന്നു. കൈയിൽ ഇരുന്ന പ്രാർത്ഥനഗ്രന്ഥം മേശപ്പുറത്തു വച്ചശേഷം കസാലയിൽ ഇരിക്കുന്നു.)

ഫാദർ— ജോസ്! (ഭൃത്യൻ പ്രവേശിക്കുന്നു.)

ജോസ്— ആ കിഴവി വന്നുനില്ക്കുന്നു. കാപ്പികുടി കഴിയട്ടെന്നു പറഞ്ഞുനിറുത്തിയിരിക്കുകയാണ്.

ഫാദർ— ഏതു കിഴവി?

ജോസ്— കത്രീനാമ്മൂമ്മ.

ഫാദർ— കിഴവിയെപറഞ്ഞയച്ചശേഷംകാപ്പികുടിക്കാം കയറിവരാൻ പറയു. (ജോസ് പോകുന്നു. എൺപതു വയസ്സ് പ്രായംവരുന്ന കത്രീനാ ഒരു വടിയുമൂന്നി പണക്കിഴിയുമായി പ്രവേശിച്ച് ആചാരം ചെയ്യുന്നു.)

കത്രീന— ഈശോമിശിഹാക്കു സ്തുതിയായിരിക്കട്ടെ! (പണക്കിഴി മേശപ്പുറത്തുവയ്ക്കുന്നു.)

ഫാദർ— കത്രിനാമ്മേസ്സു സുഖമല്ലേ?

കത്രീ— തൊകക്കേടൊന്നുമില്ലച്ചാ! നടക്കാൻ പൊറയാം തമാ. തമ്പുരാൻെറ തകായംകൊണ്ടു കഴിഞ്ഞ ആഴ്ച്ചയിൽ പിരിഞ്ഞുകിട്ടിയ തുകമുഴുവനും ഞാൻ കൊണ്ടുവന്നിട്ടുണ്ട്. അച്ചൻ തെയവായി ഇതുക്രൂടെ ഒന്നു ശൂക്ഷിച്ചുതരണം. (അച്ചൻ പണക്കിഴി മേശസ്സുള്ളിൽ വയ്ക്കുന്നു.) അച്ചാ! ആതുരചാല തിന്നുകണ്ടു മരിക്കണമെന്നൊരാഗ്രഹമേ എനിക്കിനി ഈ വയസ്സുകാലത്തുള്ളൂ.

ഫാദർ— ദൈവം അതിന്നിടവരുത്തും.

കത്രീ— അച്ചൻ പ്രാൎത്ഥിച്ചാൽ പലിക്കമേ.

ഫാദ— ഞാൻ പ്രാൎത്ഥിക്കുന്നുണ്ട്.

കത്രീ— അതുമതിയച്ചാ! അതുമതി. തൈവം നല്ലവനല്ല്യോ.

ഫാദ— ആതുരശാലയുടെ പണി ഉടൻ ആരംഭിക്കണം. നീട്ടിവയ്ക്കുന്നതു് ഇനി നന്നല്ല. സംഭാവനചെയ്യുവരൊക്കെ പിറുപിറുത്തുതുടങ്ങി.

കത്രീ— അതു ചരിയാണച്ചാ! കൺട്രാക്കെട്ടു കൊടുത്തു പണി ഉടൻ തുടങ്ങണം.

ഫാദർ— ഈ കെട്ടിടത്തിനു നല്ല ഉറപ്പില്ലാത്തതുകൊണ്ടു് പണം ഇവിടെവച്ചു ഞാൻ സൂക്ഷിക്കുന്നതു് ബുദ്ധിപൂൎവ്വമായ ഒരു പ്രവൃത്തിയല്ല.

കത്രീ— പേടിക്കാനൊന്നുമില്ലച്ചാ! പള്ളിമേടയിൽ കള്ളൻ കാലുകുത്തുമോ? തൈവം ആവതിക്കന്നിടത്തു് ആപാതന്മാർ വരുകില്ല പിതാവേ!

ഫാദർ— പണം ഇരിപ്പുണ്ടെന്നറിഞ്ഞാൽ പലൎക്കും പ്രലോഭനമുണ്ടാകും.

കത്രീ— നേരാ, തുറന്നിരുന്നാൽ പുണ്യവാളച്ചൻക്രൂടെ കൈയിട്ടുതപ്പുമെന്നൊരു പറച്ചിലുണ്ടു്. വരുന്ന ആഴ്ച്ചയിൽവന്നു ഞാൻ മുഴുവനും കൊണ്ടുപൊയ്ക്കൊള്ളാം. തമയംപോയി. ഞാൻ പോണു. (സ്തുതിചൊല്ലി പോകുന്നു.)

ജോസ്— (പ്രവേശിച്ചു്) ആ കിഴവി ശയിററിനു പുറത്തിറങ്ങി. കാപ്പിതണുത്തുതണുത്തു് അതിൻെറ ഗുണവും മണവും പോയി. ഇനിയെങ്കിലും വന്നുകുടിക്കരുതോ?

ഫാദർ— ഞാൻ ഇതാവരുന്നു. (ഇരുവരുംപോകുന്നു.)

കർട്ടൻ

## രംഗം 2. പള്ളിമേട.

(ലൂസർ എന്നൊരു ദീർഘകായൻ കോട്ടും ധരിച്ച് പ്രത്യക്ഷപ്പെടുന്നു. വിരൂപമായ മുഖം. മീശപിരിച്ചുവച്ചിരിക്കുന്നു. ഒരു കവിൾത്തടത്തിൽ മുറിവേററു കരിഞ്ഞ ഒരു കറുത്ത പാടുണ്ട്. ഒരു മെഡൽ കോട്ടിൽ തൂക്കിയിട്ടിട്ടുണ്ട്. പട്ടാളസേവനം കഴിഞ്ഞ് ഉദ്യോഗം തേടി നടക്കുകയാണ്. സമയം പ്രഭാതം.)

ലൂസർ— (ചുററിനടന്ന് നോക്കിയശേഷം ആരേയുംകാണാഞ്ഞ്) ഈ മേടയിൽ ആരുമില്ലേ?

ജോസ്— ആരാണത്? (പ്രവേശിക്കുന്നു. ലൂസറിനെ കണ്ടു ഒന്നു ഭയന്നു ഞെട്ടുന്നു.)

ലൂസർ— വികാരിയച്ചൻ ഇവിടെയില്ലേ?

ജോസ്— എന്താണു വിശേഷം?

ലൂസർ— കണ്ടിട്ടുകാര്യമുണ്ട്.

ജോസ്— യജമാനൻ എവിടെനിന്നു വരുന്നു.

ലൂസർ— നിങ്ങൾക്കതൊന്നും ചോദിക്കേണ്ട കാര്യമില്ല. വികാരിയച്ചൻ ഇവിടെയുണ്ടോ?

ജോസ്— പള്ളിയിൽ ഇരുന്നു കുമ്പസാരം കേൾക്കുകയാണ്. ഇപ്പോൾവരും. (പോകുന്നു.)

ലൂസർ— മണിപത്തുകഴിഞ്ഞിട്ടും കത്തനാക്കു പള്ളിയിൽ നിന്നിറങ്ങാൻ നേരമായില്ല. (ഫാദർ പ്രവേശിക്കുന്നു. ലൂസർ ആചാരംചെയ്തശേഷം ഒരു കത്തു കൊടുക്കുന്നു.)

ഫാദർ— ഇതാരുടെ കത്താണ്?

ലൂസർ— മുനിസിപ്പൽ പ്രസിഡണ്ടു തന്നയച്ചതാണ്.

(ഫാദർ കത്ത് പൊട്ടിച്ചുനോക്കുന്നു.)

ഫാദർ— നിങ്ങളുടെ സ്വദേശം?

ലൂസർ— ലോറയിൻ പട്ടണം. ഞാൻ പട്ടാളക്കാരൻ ആയിരുന്നു. ഫ്റഞ്ചുകാരും പേർഷ്യാക്കാരുമായുണ്ടായ മഹായുദ്ധത്തിൽ ഒരുസംഘം പേർഷ്യൻപട്ടാളത്തെ ഒററയ്ക്കു തുരത്തിവിട്ട ധീരയോദ്ധാവാണുഞാൻ. ശത്രുക്കളുടെ ഖഡ്ഗത്തെ തൃണവൽഗണിച്ച് പോരാടിയതുമൂലം എനിക്കു ലഭിച്ച മായാത്ത മുദ്രയാണ് എന്റെ ഈ കവിൾത്തടത്തിൽ കാണുന്ന കറുത്ത അടയാളം. ഭയങ്കരമായ മുറിവേററിട്ടും പോർക്കളത്തിൽ വീ...

ധീരധീരം പോരാടി പ്രതിയോഗികളെ അരിഞ്ഞരിഞ്ഞു തുരത്തി രാജ്യത്തെ സംരക്ഷിച്ചതിനാൽ എനിക്കു ലഭിച്ച പാരിതോഷികമാണ് ഈ മെഡൽ. (മെഡൽ കാണിക്കുന്നു.) കീർത്തിമുദ്ര കൈവന്നശേഷം ജോലി ഒന്നും ഇല്ലാതായിട്ട് നാളുകൾ പലതു കഴിഞ്ഞു. ഇനി ഒരു യുദ്ധമുണ്ടാകുന്ന കാലത്തുമാത്രമേ അവർ എൻെറ സേവനം ആവശ്യപ്പെടുകയുള്ളൂ. എന്നാൽ ഇപ്പോൾ ഒരു ഗതിയുമില്ല. ബ. അച്ചൻ ദയവായി വല്ലതുമൊരു ജോലി തരണം.

ഫാദർ — അടരാടിയ ഭടന്മാർക്കു യുദ്ധാനന്തരം നല്ല ഉദ്യോഗം കൊടുക്കുന്നുണ്ട്. എന്നാൽ നിങ്ങളുടെ കാര്യം അധികൃതർ വിസ്മരിച്ചതിൽ പ്രത്യേകകാരണം വല്ലതുമുണ്ടോ?

ലൂസർ— കാര്യക്ഷമതയും സത്യസന്ധതയും നോക്കിയാണോ ഇക്കാലത്ത് ഉദ്യോഗം വിതരണം ചെയ്യുന്നത്? ആത്മാഭിമാനം വെടിഞ്ഞ് ഭരണാധികാരിയെ പ്രീണിപ്പിക്കാത്തവനു ഒരു രക്ഷയുമില്ല. സത്യസന്ധന് ഉദ്യോഗം കിട്ടുന്നത് പെരുവഴിയിലാണ്. ഇന്നത്തെ ഭരണാധികാരികൾ ഉദ്യോഗാപ്പക്ഷണം വില്പനനടത്തുന്നത് കരിംചന്തയിലാണെന്നു ധരിക്കണം.

ഫാദർ— നിങ്ങളുടെ പേർ?

ലൂസർ— ആൽബർട്ട് ലൂസർ.

ഫാദർ— നിങ്ങൾക്കുതകിയ ഉദ്യോഗമൊന്നും ഇവിടെത്തരാനില്ല. കുശിനിവേലയ്ക്കൊരു ഭൃത്യനും പള്ളിമുററം അടിച്ചുവാരുന്നതിനു ഒരു കിഴവിയുമുണ്ട്. ഈ പട്ടണത്തിലുള്ള വ്യാപാരികളെ സമീപിച്ചാൽ നല്ല ജോലി വല്ലതുംകിട്ടും.

ലൂസർ— ലക്ഷക്കണക്കിനു സൈനികസേവനം കഴിഞ്ഞു യുവാക്കന്മാർ ഇറങ്ങിയതുകൊണ്ട് ഒരൊഴിവുവരുന്നിടത്ത് ഒരു ഡസ്സൻ എത്തിക്കഴിയും. റെക്കമെൻേറഷ്യൻ ഇല്ലാതടക്കുന്നവനെ മുററത്തുക്കൂടെ നിറുത്തുകില്ല. ഉപജീവനത്തിനു യാതൊരുമാർഗ്ഗവുമില്ലാതെ വലയുന്ന എന്നെ ബ. അച്ചൻ ദയവായി ഒന്നു സഹായിക്കണം. ഏതു ജോലിക്കും സന്നദ്ധനായി അങ്ങയെ സമീപിച്ച എന്നെ പരിത്യജിച്ചാൽ ഞാൻ പട്ടിണികിടന്നു മരിക്കുന്നതു് അങ്ങ് കാണേണ്ടിവരും.

ഫാദർ— നിർദ്ധനനായ വൈദികൻ എന്തുജോലിയാണു ധീരയോദ്ധാവിനു കൊടുക്കുക. നഗരാധിപൻെറ ശുപാശ

ക്കത്തനുസരിച്ച് കപ്യാർജോലിതന്നാൽ നിങ്ങൾ അതു് സ്വീകരിക്കുമോ?

ലൂസർ— എനിക്കു നല്ല പരിചയമില്ലെങ്കിലും ആ ജോലിസസന്തോഷം സ്വീകരിച്ചുകൊള്ളാം.

ഫാദർ— ഇതു് ഒരു പാവപ്പെട്ട ഇടവകദേവാലയമാണ്. വലിയ വരുമാനമൊന്നും പ്രതീക്ഷിക്കാവുന്ന ഒന്നല്ല. ഈ പള്ളിയുടെ നിർധനാവസ്ഥകൊണ്ട് ഇന്നുവരെ ആ ജോലി ഞാൻ തന്നെ നടത്തിവരികയാണ്.

ലൂസർ— ഞാൻ കപ്യാർജോലി സ്വീകരിച്ചു, ഇവിടെയെങ്ങാനും ഒരുസ്ഥലം കിട്ടുമെങ്കിൽ അങ്ങനെ, അല്ലെങ്കിൽ പട്ടണത്തിൽ താമസിച്ചുകൊള്ളാം.

ഫാദർ— നിസ്സാരമായ വരുമാനംകൊണ്ട് നിങ്ങൾ എങ്ങനെ ജീവിക്കും?

ലൂസർ— ഒന്നുമില്ലാത്തതിലും ഭേദമാണല്ലോ!

ഫാദർ— ശരി, വൈമനസ്യമില്ലെങ്കിൽ നിങ്ങൾക്കു കപ്യാർജോലി സ്വീകരിക്കാം. വേറൊരു നല്ല ജോലികിട്ടുമ്പോൾ ഇതു് രാജിവെക്കുകയുമാകാം. വരൂ, ദേവാലയത്തിൻെറ താക്കോലുകൾ ഏല്പിക്കാം. (ഇരുവരും പോകുന്നു.)

കർട്ടൻ.

---

## രംഗം 3. പള്ളിമേട.

ജോസ്— (പ്രവേശിച്ച്) ഇങ്ങനെ വല്ല വികാരിമാരുമുണ്ടോ? ഈ നാട്ടിലെങ്ങാനുമൊരുവീട്ടിൽ ദീനം വന്നാൽ അന്നു വികാരിയച്ചനു ഊണുമില്ല ഉറക്കവുമില്ല. പൂജകഴിഞ്ഞ ഉടൻ സുഖക്കേടുകാരെക്കാണാൻഓടി. ഉച്ചക്കലത്തേക്കുള്ള സാമാനമെല്ലാം ചന്തയിൽ കിടക്കുന്നു. ആരോടു കാശുവാങ്ങിക്കാനാണു്. അച്ചനുവേണ്ടെന്നു വിചാരിച്ചു ഞാൻ പട്ടിണികിടക്കണോ?

ലൂസർ— (പ്രവേശിക്കുന്നു) അച്ചൻ ഇവിടെയില്ലേ?

ജോസ്— കൊള്ളാം. അച്ചനെക്കാണാൻ വരുന്ന സമയം. ഉച്ചയായപ്പോളാണോ താൻ പള്ളിതുറക്കാൻ വരുന്നതു്? വെളുപ്പിനു കരിശുമണി അടിക്കാൻ താൻ വല്ലവരേയും ശമ്പളത്തിനു ഇവിടെ ഇരുത്തിയിട്ടുണ്ടോ? ജോലി മുഴുവൻ എനിക്കും വരുമാനമെല്ലാം തനിക്കും. ഇനി ഇതു നടപ്പില്ല. വെളുപ്പിനു മണിയടിച്ച് പള്ളി തുറക്കണം. ആറുമണിക്കു പൂജകാണാൻ ആളുകൾ വരും.

ലൂസർ— എനിക്കുവേണ്ടി നീയൊന്നും പണിയണ്ടാ. മേലാൽ ഞാൻ വന്നതിൻെറശേഷം ആളുകൾവന്നാൽമതി.

ജോസ്— അച്ചനു ആറുമണിക്കു കുബ്ബാന ചൊല്ലണമല്ലോ.

ലൂസർ— ഞാൻ വന്നിട്ടു ചൊല്ലിയാൽമതി. കുശിനിയിൽ കുത്തിയിരിക്കുന്ന നിനക്കെന്തറിയാം പള്ളിക്കൂടം, കച്ചേരി, ബാങ്ക് ഇവയെല്ലാം പത്തുമണി കഴിഞ്ഞല്ലേ തുറക്കുന്നതു്? വക്കീലന്മാർ പതിനൊന്നുമണിക്കല്ലേ കോർട്ടിൽ പോകുന്നതു്?

ജോസ്— തൻെറ ന്യായം കേട്ടതുമതി! എടോ മദ്ല്യഷാപ്പു് എപ്പോൾ തുറക്കും? വകതിരുവില്ലാത്ത തന്നോടു വാദിച്ചുനില്ക്കാൻ നേരമില്ല. (പോകുന്നു.)

ലൂസർ— പരമാർത്ഥം പറഞ്ഞാൽ ചെറുപ്പംമുതൽ എനിക്കു കത്തനാരന്മാരെ കണ്ടുകൂടാ. എന്നാൽ ഗതിയററവനുണ്ടോ അഗ്രഹാനുസരണം ഒരുദ്യോഗം ലഭിക്കുന്നു? ഇരുപതുകൊല്ലമായിട്ടു കുമ്പസാരിക്കാത്ത എനിക്കാണു കപ്യാരുദ്യോഗം കിട്ടിയിരിക്കുന്നതു്. അക്കഃചേതം, ജോലിയെല്ലാം വികാരിയച്ചനും വരുമാനമെനിക്കും. വല്ലതുമാകട്ടെ കുറേനാളുകൾകൂടി സേവിച്ചേക്കാം. (ഒരാൾ പ്രവേശിക്കുന്നു.)

ലൂസർ— നിങ്ങൾ ആരാണ്?

ആഗതൻ— ഈ പള്ളിഇടവകയിൽപ്പെട്ടവനാണ്.

ലൂസർ— വന്നകാര്യം?

ആഗത— കപ്യാരെ ഒന്നുകാണണം.

ലൂസർ— എന്താണു വിശേഷം?

ആഗത— ഒരാൾക്ക് അന്ത്യക്രിദാശകൊടുക്കണം.

ലൂസർ— ക്രിദാശചെയ്യുന്നത് കപ്യാരല്ല, അച്ചനാണ്.

ആഗത— വികാരിയച്ചൻ രോഗിയുടെ വീട്ടിലുണ്ട്. കപ്യാരെ വിവരമറിയിച്ച് "ഉപ്പൂശ്രൂമാ"പെട്ടിയുമെടുപ്പിച്ച് കൊണ്ടുവരാൻ എന്നെ പറയഞ്ഞയച്ചതാണ്.

ലൂസർ— അന്ത്യക്രിദാശസ്സു കപ്യാക്കു വരുമാനം വല്ലതുമുണ്ടോ?

ആഗത — എടോ, അച്ചനില്ല പിന്നെയാണോ കപ്യാക്ക്. നിങ്ങൾ ഇന്നാട്ടുകാരനല്ലേ?

ലൂസർ— ഞാൻ വെറുതെ ചോദിച്ചതാണ്. ഇവിടന്നു എന്തകലംവരും.

ആഗത— ഒരുമണിക്കൂർ നടക്കണം. പുതിയ കപ്യാർ എവിടെയാണ് താമസിക്കുന്നത്?

ലൂസർ— അല്പം മുമ്പ് കപ്യാരെ ഞാൻ സങ്കീർത്തിമുറിയിൽ കണ്ടു. വേഗംചെന്നു നോക്ക്. (ആഗതൻ പോകുന്നു) ഒരു മണിക്കൂർനേരം പെട്ടിയും ചുമന്നുനടന്നുചെന്ന് അന്ത്യക്രിദാശകൊടുക്കാൻ എനിക്കു ഭ്രാന്തുണ്ടോ? 'ഉപ്പൂശ്രൂമാ' പെട്ടി ചുമന്നുവീട്ടുതോറും നടക്കാനുള്ള കാലം ലൂസറിനായില്ല.

(ആഗതൻ വീണ്ടും പ്രത്യക്ഷപ്പെടുന്നു.)

ആഗത— പള്ളിയിൽ ആരുമില്ല. പുതിയ കപ്യാരെ ഞാൻ അറിയുകില്ല. ദയവായി അയാളുടെവീടൊന്നു പറഞ്ഞുതരണം. ആ രോഗി ഇപ്പോൾ മരിക്കും.

ലൂസർ— എടോ, കപ്യാർ കുന്തിരിക്കവും ഗോതമ്പുംവാങ്ങാൻ കടകളിൽ പോയിരിക്കയാണെന്നു തോന്നുന്നു. അത്യാവശ്യമാണെങ്കിൽ സങ്കീർത്തിമുറിയിൽ മേശപ്പുറത്തിരിക്കുന്ന പെട്ടിയുമെടുത്തു വേഗം നടന്നോളൂ. പട്ടണത്തിൽവച്ചെങ്ങാനം കപ്യാരെക്കണ്ടാൽ ഞാൻ പുറകെ പറഞ്ഞയച്ചേക്കാം). (ഇരുവരുംപോകുന്നു.)

കർട്ടൻ.

### രംഗം 4 (പള്ളിമേട)

(ഫാദർ ഫ്റാൻസിസ് എഴുതിക്കൊണ്ടിരിക്കുന്നു.)

ജോസ്– (പ്രവേശിച്ച്) ഞാൻ ഒരുസംഗതി പറയാൻ വിട്ടുപോയി. നാളെ പത്തുമണിക്കു കത്രീനാമ്മവരുമെന്നു മിനി ഞ്ഞാനു എന്നെ കണ്ടപ്പോൾ പറഞ്ഞു.

ഫാദർ– വലിയ ഉപകാരം. പണം മുഴുവൻ കൊടുത്ത യശ്ശാമല്ലോ.

ജോസ്– ഞാൻ ഒരു സംഗതി പറഞ്ഞോട്ടെ. ആ കക്കുന്ന കപ്യാരെ ഉടൻപിരിച്ചുവിടണം. മേൽവിലാസമില്ലാത്തവനെ വച്ചുകൊണ്ടിരുന്നാൽ വലിയ കുഴപ്പമാണ്. നേർച്ചപ്പെട്ടിക്കൂടെ അവൻ കുത്തിത്തുറന്നുനോക്കി. അവന്റെ അരിശവും നോട്ടവും കണ്ണുരുട്ടും സൗന്ദര്യവുംകണ്ടു പെൺപിള്ളേരാരും പള്ളിയിൽ വരുന്നില്ല. പോരെങ്കിൽ അവൻ ജാതി മഹാ വേന്തിരനാണ്.

ഫാദർ— കുറച്ചുനാളുകൾ ക്ഷമിക്കാം.

ജോസ്– മണിഅടി, ഓസ്തിഅടി ഇതെല്ലാം എനിക്കും വരുമാനവും ശമ്പളവുമെല്ലാം പട്ടാളക്കാരനും. ഇങ്ങനെയായാൽ എങ്ങനെയാ.

ഫാദർ— നഗരാധിപന്റെ ശുപാർശ സ്വീകരിക്കേണ്ടതല്ലേ?

ജോസ്— പള്ളിഭരിക്കാൻ പോരണ്ടെന്നു പറയരുതോ? മരിച്ചാൽ സെമിത്തേരിയിൽ കുഴിച്ചിടാൻ പാടില്ലാത്തവന്റെ ശുപാർശ കേൾക്കുന്നതാരാണ്?

ഫാദർ– മാനസാന്തരപ്പെട്ടുവരും. നമുക്കു പ്രാർത്ഥിക്കാം.

ജോസ്– അച്ചന്റെ ഈ ശുദ്ധഗതിയുംകൊണ്ടിരുന്നാൽ സംഗതി ഒന്നിനൊന്നു ചീത്തയാകുന്നതല്ലാതെ മറെറാരുഗുണവുമുണ്ടാകില്ലെന്നു ഞാൻ ഇപ്പോഴേ സത്യംചെയ്യാം.

ഫാദർ– വേദോപദേശം പഠിക്കാൻ കുട്ടികൾവന്നു കാണും. (സമയം നോക്കുന്നു.)

ജോസ്– ആരും വന്നില്ല. ഇന്നത്തെ അച്ചന്റെ പ്രസംഗം പൊടിപൂരമായിരുന്നു. കുമ്പസാരരഹസ്യം! എന്റെ അപ്പാ! തലപോയാലും കുമ്പസാരത്തിൽ കേട്ടതൊന്നും ഉരിയാടുകില്ലെന്നല്ലേ? മുത്തിയമ്മമാരുടെ കണ്ണിൽനിന്നു വീഴുന്നതുകണ്ടു് ഉള്ള

ളുപറഞ്ഞാൽ ഞാനും അങ്ങുകരഞ്ഞുപോയി. ആ നമ്മുടെ പാണ്ടൻ കപ്യാരു് പള്ളിയിൽ ഇരുന്നു ചിരിയടാചിരി. ആ പട്ടാളക്കാരനെ പിടലിക്കു പിടിച്ചു പുറത്തിറത്തിറക്കി രണ്ടുകൊട്ടുകൊട്ടെ എന്നുതന്നെ എനിക്കു തോന്നിപ്പോയി. പിന്നെ അച്ചനെ പേടിച്ചു ഞാനങ്ങടങ്ങി.

ഫാദർ— ലൂസറിനെ പിരിച്ചുവിടണമെന്നുതന്നെ ഞാൻ വിചാരിക്കുന്നു.

ജോസ്— വലിയ ഉപകാരം. അവൻെറ ഭയങ്കര സപ്തദൃഷ്ടികാണുമ്പോൾ കുഞ്ഞുങ്ങളെല്ലാം സ്വർഗ്ഗത്തിലാകും. ശകാരം കേട്ടാൽ വായാടികൾപോലും നാണിക്കും. കഴിഞ്ഞ ഞായറാഴ്ച ഒരു കൊച്ചിനെ ഒന്നു തുറിച്ചുനോക്കിയപ്പോൾ അതു് വിരയിളകിയാലെങ്ങനാ അതുപോലെ ഞെളിപിരികൊള്ളുകയായിരുന്നു. അതിൻെറ തള്ള ഇനി ഇങ്ങോട്ടില്ലെന്നു സത്യം ചെയ്യാണുപോയതു്.

ഫാദർ— ഇതൊന്നും ഞാൻ അറിയുന്നില്ല

ജോസ്— എങ്ങനെ അറിയാനാണു്! പ്രാർത്ഥനയും ധ്യാനവും കഴിഞ്ഞു പള്ളിയിൽ നിന്നിറങ്ങാൻ നേരമുണ്ടോ.

ഫാദർ— നീ പോയി കുട്ടികൾ വന്നിട്ടുണ്ടോ എന്നു നോക്കുക. ഞാൻ കത്രീനായുടെ കണക്കൊന്നു നോക്കട്ടെ. (ഫാദർ മേശതുറന്നു പണസഞ്ചി പുറത്തെടുത്തു എണ്ണിനോക്കി കണക്കു തിട്ടപ്പെടുത്തുന്നു. അവിചാരിതമായി ലൂസർ പ്രവേശിക്കുന്നു. ലൂസർ പണം കാണുന്നു.)

ലൂസർ— ക്ഷമിക്കണം! അവിടുന്നു് ഇത്ര വലിയ ധനികനാണെന്നു ഞാൻ വിചാരിച്ചിരുന്നില്ല. വൈദികൻെറ കുബേരത്വവും സന്ന്യസ്തജീവിതവും തമ്മിൽ ഒരു പൊരുത്തവുമില്ലെന്നു ഞാൻ നേരത്തെ മനസ്സിലാക്കിയിട്ടുണ്ടു്. കപ്യാരന്മാരെ പട്ടിണികിടത്തി ദ്രവ്യം വാരിക്കൂട്ടുന്ന വികാരിയച്ചന്മാർ ചെന്നുചേരുന്ന ആ വിരസസ്വർഗ്ഗം ഏതാണെന്നു കണ്ടറിയണം.

ഫാദർ— കഷ്ടം! നിങ്ങൾ എന്തിനു് എന്നെ പഴിക്കുന്നു? ഇതിൽ ഒരു പെനിപോലും എൻേറതല്ല. അതുരശാലയ്ക്കുവേണ്ടി പിരിച്ചെടുത്ത പണമാണു്. ഇതുംകൊണ്ടുപോകുവാൻ നാളെ കത്രീനാ ഇവിടെ വരികയും ചെയ്യും.

ലൂസർ– (പരിഹാസാപ്പുഞ്ചിരിയോടെ) ഈ കാണുന്ന നോട്ടുകളിൽ ഒന്നെങ്കിലും അപഹരിക്കണമെന്നൊരു ദുരാഗ്രഹം എനിക്കില്ലെന്നു അച്ചൻ അറിയണം.

ഫാദർ— അങ്ങനെ ഒരു തെററിദ്ധാരണ എനിക്കില്ല.

ലൂസർ– പിന്നെന്തിനു സ്വന്തം ദ്രവ്യം അപരൻേറതാക്കുന്നു.

ഫാദർ— എൻെറ വാക്കുകൾ നിങ്ങൾ അവിശ്വസിക്കുന്നല്ലോ.

ലൂസർ— ഞാൻ കുമ്പസാരിച്ചിട്ട് വർഷം ഇരുപതു കഴിഞ്ഞെന്നുള്ളതു് ശരിതന്നെ. ഇന്ന് എൻെറാ മാനസാന്തരത്തെ ലാക്കാക്കിയുള്ള അങ്ങയുടെ ശക്തിയേറിയ പ്രസംഗം ശ്രവിച്ചിട്ടു പോലും കുമ്പസാരിക്കണമെന്നൊരു വിചാരം എനിക്കു വരുന്നില്ല. (നെഞ്ചത്തടിച്ചുകൊണ്ട്) എന്നാൽ ഈ അൽബർട്ട് ലൂസർ ഒരു ദ്രവ്യാഗ്രഹിയെന്നോ വഞ്ചകനെന്നോ പരമാർത്ഥിയല്ലെന്നോ ലോകം ഇതുവരെ വിധിച്ചിട്ടില്ല. ഇനി വിധിക്കയുമില്ല.

ഫാദർ— പ്രിയ സഹോദരാ! ദൈവത്തോടും സ്വന്തം ആത്മാവോടുമുള്ള നിർബന്ധചുമതലകളെ പരിത്യജിച്ച്, ഇരുപതിൽപരം സംവത്സരമായിട്ട് ദൈവത്തിൽനിന്നകന്ന് ജീവിതം നയിച്ചുകൊണ്ടിരിക്കുന്നവൻ മനഃശുദ്ധിയുള്ളവനെന്നു പറയുന്നതെങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. തനിക്കുതന്നെ ശത്രുവായവൻ അന്യനു ഉത്തമമിത്രമാകുമോ?

ലൂസർ— ഇന്ന് അച്ചൻ ശക്തിയായി പ്രസംഗിച്ചല്ലോ? യഥാർത്ഥത്തിൽ ദൈവം എന്നൊരാൾ ഉണ്ടോ? ഉണ്ടെങ്കിൽതന്നെയും നമ്മെപ്പോലുള്ള നിസ്സാരജീവികളെ അദ്ദേഹം കാര്യമായി ഗണിക്കുന്നുണ്ടോ? ആത്മാവിനെ വല്ലവരും കണ്ടതായിട്ടറിയാമോ? ഇതെല്ലാം അച്ചനും ഉപദേശിയും അവരുടെ ഉദ്യോഗത്തിനു അവശ്യം അറിഞ്ഞിരിക്കേണ്ട അന്ധവിശ്വാസം എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു.

ഫാദർ– നിങ്ങളെത്തന്നെ നിങ്ങൾ വിസ്മരിക്കുന്നു.

ലൂസർ— ക്ഷമിക്കണം! ഈശ്വരവിശ്വാസം കപ്യാരന്മാർക്കും വേണ്ടതാണ്.

ഫാദർ– നിങ്ങൾ ഇപ്പോൾ എന്തിനുവന്നു?

ലൂസർ— എൻെറ അച്ചോ! ആതുരശാലസ്ഥാപ്യയുള്ള അങ്ങയുടെ ആ വമ്പിച്ച സമ്പാദ്യം കണ്ടപ്പോൾ ബലഹീനനായ

ഞാൻ വന്നകാര്യം മറന്നുപോയി. എനിക്കെംരാഷ്ട്രത്തേക്ക അവധി വേണം. മാഴ്സയിൽ ഒരുദ്യോഗത്തിനു ഒഴിവുവന്നിട്ടുണ്ടെന്നും കപ്യാരുദ്യോഗം ഭരിച്ച് അൾപ്പട്ടിണിക്കാരനായി കാലം കഴിക്കുന്നതിലും ഭേദംആ ജോലിയാണെന്നും കാണിച്ച് ഒരു മാന്യസ്നേഹിതൻ എനിക്കൊരു കത്ത് അയച്ചുകയുണ്ടായി. (കീശയിൽ തപ്പുന്നു) അതു ഞാൻ എവിടെയോ വച്ചു.

ഫാദർ— കത്തു കാണണമെന്നില്ല. അവധി അനുവദിച്ചിരിക്കുന്നു. നിങ്ങൾ എപ്പോൾ പുറപ്പെടും.

ലൂസർ— ഇന്നു സന്ധ്യയ്ക്കുള്ള ലാസ്റ്റ് ട്രെയിനിൽ പുറപ്പെടാൻ പ്രോഗ്രാം തയ്യാറാക്കിക്കഴിഞ്ഞു. എന്നാൽ പണത്തിനു എപ്പോഴും പ്രയാസമുള്ളവനാണു ഞാൻ എന്ന് അങ്ങേക്കറിയാവുന്നതുകൊണ്ടും ഇപ്പോൾ അച്ചന്റെ പക്കൽ ധാരാളം ദ്രവ്യം ഉള്ളതുകൊണ്ടും യാത്രച്ചിലവിനു വരുന്ന സംഖ്യ എനിക്കു കടം തരാമോ?

ഫാദർ— കടംകൊടുക്കാൻ ഇതു് എന്റെ സ്വന്തമല്ല. അഥവാ അങ്ങനെങ്കിൽതന്നെയും നിങ്ങൾക്കിനി പണം വായ്പ തരികയില്ലെന്നു തീർച്ചപ്പെടുത്തിയിരിക്കുകയാണ്.

ലൂസർ— ലൂസർ ഒരു വഞ്ചകനോ പരദ്രവ്യം അപഹരിക്കുന്നവനോ അല്ല. കടം വാങ്ങിയിട്ടുള്ളതു് തിരിച്ചു തരാതിരിക്കയുമില്ല. ബ. അച്ചൻ ഈ അത്യാവശ്യം കൂടി നിർവഹിച്ചുതരണം. ഇനി മേലാൽ അങ്ങയെ ഞാൻ ഉപദ്രവിക്കുകില്ല.

ഫാദർ–(അഞ്ചുഫ്റാങ്കിന്റെ ഒരു നോട്ടു കൊടുക്കുന്നു) ഇതു് നിങ്ങൾക്കു ദാനമായിത്തരുന്നു.

ലൂസർ–(വാങ്ങിക്കുന്നു) ഞാൻ ഒരു യാചകനല്ലാത്തതിനാൽ ഇതു് ഒരു ധർമ്മമായി സ്വീകരിക്കുന്നില്ല. ഇതും എന്റെ ജോലിക്കു ന്യായമായി വരേണ്ട പ്രതിഫലമായി ഞാൻ കരുതുന്നു.

ഫാദർ— എങ്ങനെയായാലും വിരോധമില്ല. ഇനി നിങ്ങൾക്കു പോകാം. (ലൂസർ ആചാരം ചെയ്തശേഷം പോകുന്നു) ആ കത്രീനാ വന്നിരുന്നെങ്കിൽ ഇതു മുഴുവനും ഏല്പിക്കാമായിരുന്നു. ഇനി ആ അഞ്ചു ഫ്റാങ്കുകൂടി ഞാൻ ഉണ്ടാക്കണം. (പണം മേശയ്ക്കുള്ളിൽ വച്ചുപൂട്ടുന്നു) മതപഠനത്തിനു കുട്ടികൾ വരുന്നകാണും (റജിസ്റ്റർബുക്ക് എടുത്തുകൊണ്ടു പോകുന്നു)

കർട്ടൻ.

## രംഗം 5.

(ലബാൻസ് തീവണ്ടിസ്റ്റേഷ്യനു സമീപമുള്ള ഒരു ഹോട്ടൽ. ഒന്നുരണ്ടുപേർ ചായകുടിക്കുന്നു. സന്ധ്യാസമയം.)

ഒരുവൻ— തീവണ്ടിസ്റ്റേഷ്യനിൽ എന്തൊരു ബഹളമാണ്. വിശ്രമിക്കാൻ ഈ ഹോട്ടലെങ്കിലും അടുത്തുള്ളതു് ഈശ്വരാധീനംതന്നെ.

അപരൻ— ട്രെയിനിനകത്തു കാലുകുത്താൻ സ്ഥലമില്ല. വല്ലവിധേനയും അകത്തുകടന്നാൽ സൂചിക്കു നിൽക്കണം. കാക്കി യൂണിഫാറവുമായി വന്നുകയറുന്ന ഒരു കൂട്ടരുടെ മാനുഷത്വമില്ലാത്ത മർദ്ദനമേററു് വീട്ടിൽ ചെന്നുപററാൻ ഇടയായാൽ ഉടൻ "ക്ഷയരോഗനിവാരണരസായനം" സേവിച്ചില്ലെങ്കിൽ ആറുമാസത്തിൽ കൂടുതൽ ഇരുന്ന ചൊമക്കുമെന്നു വിചാരിക്കണ്ടാ. (ലൂസറും പിന്നാലെ തൻെറ സാമാനങ്ങൾ ചുമന്നുകൊണ്ടു ഒരു കുതിരവണ്ടിക്കാരനും പ്രവേശിക്കുന്നു! വണ്ടിക്കാരൻ സാമാനങ്ങൾ താഴെവെച്ചശേഷം)

വണ്ടിക്കാ— സാർ സമയം പോയി. കൂലിതരണം.

ലൂസർ— തത്രപ്പെടാതെ.

വണ്ടിക്കാ— മുമ്പിരുട്ടാണേ സാർ.

ലൂസർ— അവിടെ നില്ക്കടാ. (മണിപേഴ്സു തുറന്നു ഒരു ഫ്റാങ്കുനാണയം കൊടുക്കുന്നു.)

വണ്ടിക്കാ— ഇതാക്കാണേ സാർ. മൈലിനു ഒരു ഫ്റാങ്കുവച്ചു കിട്ടണം. അഞ്ചു മൈൽ വണ്ടി ഓടിച്ചു.

ലൂസർ— ന്യായമായ കൂലി തന്നു.

വണ്ടിക്കാ— ഇതുകൂടി താൻ എടുത്തോ.

ലൂസർ— ഛേ! നീ എന്തുപറഞ്ഞു? താൻ എന്നോ?

വണ്ടിക്കാ— യജമാനൻ കോപിക്കാതെ വേഗം കൂലി തരണം.

ലൂസർ— അല്പം താമസിച്ചാൽ?

വണ്ടിക്കാ— വേററിംഗു ചാർജ്ജുകൂടെത്തരണം. എടോ, ചക്കാത്തിൽ കയറിയിറങ്ങാൻ കുതിരയും വണ്ടിയും കടത്തുവള്ളമല്ല. സാറിൻെറ ഒന്നരടൺ ഭാരവും താങ്ങി അഞ്ചുമൈൽ ഓടിയ എൻെറ കുതിര നിന്നടത്തുനിന്നു ഞെളിപിരികൊള്ളുന്നു. പേശിനിൽക്കാൻ സമയമില്ല. കൂലിതരുന്നോ?

ലൂസർ— തന്നില്ലെങ്കിൽ?

വണ്ടിക്കാ— തന്നോട്ട മേടിക്കും. അഞ്ചു ഫ്റാങ്കു കിട്ടണം.

ലൂസർ— വേറെ തൊഴിലുവല്ലതുമറിയാമോ?

വണ്ടിക്കാ— പൂമക്കുററിയാട്ടാൻ അറിയാം.

ലൂസർ— എടാ മര്യാദയ്ക്കു സംസാരിക്കണം. പേർഷ്യൻ പട്ടാളത്തെ തുരത്തിയവനാണു ഞാൻ.

വണ്ടിക്കാ— കൂലിപ്പട്ടാളം തന്നുവിട്ട സമ്മാനമല്ലേ തന്റെ ചെവിട്ടത്തു കാണുന്നതു്. വേഗം എന്റെ കൂലി തരുന്നോ?

ലൂസർ— തന്നില്ലെങ്കിൽ നീ എന്തുചെയ്യും?

വണ്ടിക്കാ— തന്റെ ചെവിട്ടത്തു ഒരു മുദ്രക്കൂടിത്തരും.

ലൂസർ (കയർത്തു) നീ എന്തുപറഞ്ഞെടാ?

വണ്ടിക്കാ— ഇതുകണ്ടോ? (ചാട്ടകാണിക്കുന്നു) തനിക്കിതിന്റെ ചൂടറിയാമോ?

ഹോട്ടൽമാനേജർ— ഹേ, പുറത്തിറങ്ങിക്കൊണ്ടാകണം. ഇവിടെ രണ്ടു മാന്യന്മാർ ഇരിക്കുന്നു.

ലൂസർ— മാനേജർ പറയുന്ന കൂലി ഞാൻ കൊടുത്തേക്കാം.

മാനേജർ— അവൻ ചോദിക്കുന്നതു് ഒട്ടും കൂടുതലല്ലോ.

(ലൂസർ നാലു ഫ്റാങ്കുകൂടികൊടുക്കുന്നു. വണ്ടിക്കാരൻ വാങ്ങിച്ചുകൊണ്ടു പോകുന്നു. ലൂസർ ഹോട്ടലിൽ പ്രവേശിച്ചിരിക്കുന്നു.)

പോൾ— (ലൂസറിന്റെ ഒരു പരിചിതൻ) ഈ സന്ധ്യസമയത്തു നിങ്ങൾ എവിടെപ്പോകുന്നു?

ലൂസർ— മാഴ്സെയിൽവരെ.

പോൾ— വിശേഷം വല്ലതുമുണ്ടോ?

ലൂസർ— ഒരുദ്യോഗത്തിനു ചാൻസ് വന്നിരിക്കുന്നു.

പോൾ— കപ്യാർ ജോലി രാജിവച്ചോ?

ലൂസർ— ഇല്ല. അവധി എടുത്തു.

പോൾ— പണത്തിനു ബുദ്ധിമുട്ടായെന്നു തോന്നുന്നല്ലോ?

ലൂസർ— എക്കാലത്തും പണം ഒരുപോലെ മനുഷ്യനെ അനുഗ്രഹിച്ചെന്നു വരികയില്ല. വിഷമതയെല്ലാം മാറുന്ന ലക്ഷണം കാണുന്നുണ്ടു്. ലോറെയിലുള്ള എന്റെ ഒരു ഇളയമ്മ മരിക്കാറായിക്കിടക്കുന്നു. അവർക്കു ധാരാളം ദ്രവ്യമുണ്ടെങ്കിലും അതു്

അനുഭവിക്കുവാൻ ഒരു സന്താനംപോലുമില്ലാത്ത സ്ഥിതിക്ക് നമുക്കും വല്ലതും കിട്ടാതിരിക്കയില്ല.

പോൾ — എന്നാൽ ഈ കണ്ടമട്ടൊക്കെ മാറുമല്ലോ.

ലൂസർ — ചിലപ്പോൾ മാറിയേക്കും. മാനേജർ, ഒരു ബോട്ടിൽ വിസ്കി തരൂ.

മാനേ — അഞ്ചു ഫ്റാങ്കാണു വില. മനസ്സുണ്ടെങ്കിൽ വാങ്ങിച്ചാൽ മതി. വിലപേശാൻ എനിക്കു സമയമില്ല.

ലൂസർ — ബോട്ടിൽ കാണുന്നതുകൊണ്ടു വിരോധമുണ്ടോ? ഞാനും ഈ നാട്ടുകാരനാണ്. (മാനേജർ ബോട്ടിൽ എടുത്തുകൊടുക്കുന്നു. ലൂസർ വാങ്ങിച്ചുനോക്കുന്നു.)

മാനേ — ഫഷ്സ്റ്റുക്വാലിററിയാണ്. ലബോൻസ് പ്രഭുവിൻെറ അരമനയിലേക്കു ഒരു ബോട്ടിൽ കൊണ്ടുപോയിക്കഴിഞ്ഞയുടൻ അരഡസ്സനുക്കൂടി ആർഡർ വന്നു. പണമുണ്ടെങ്കിൽ എടുത്താൽ മതി. ഇമിറേറഷ്യൻ ഇരുപ്പുണ്ട്. വില കുറച്ചു തരാം.

ലൂസർ — ഇതു ഞാൻ എടുത്തുകൊള്ളാം. (സഞ്ചിയിൽ സൂക്ഷിക്കുന്നു) യാത്രച്ചിലവിനു പണം തികയുമോ എന്നു സംശയമുള്ളതുകൊണ്ട് ഇതിൻെറ വില ഞാൻ തിരിച്ചുവരുമ്പോൾ തന്നാൽ മതിയോ?

മാനേ — അഡ്വാൻസ് തന്നാൽ നിങ്ങൾ തിരിച്ചുവരുന്നതുവരെ ബോട്ടിൽ ഇവിടെ വച്ചുകൊള്ളാം.

ലൂസർ — വിശ്വാസമില്ലെങ്കിൽ വില മുഴവൻ തരാം. (അഞ്ചു ഫ്റാങ്കു കൊടുക്കുന്നു.)

പോൾ — വണ്ടി പോകാൻ സമയമായി. ഞാനും കൂടി വന്നു സ്നേഹിതനെ യാത്രഅയയ്ക്കാം. (എഴുനേറവു.)

ലൂസർ — വലിയ ഉപകാരം. (പോകുന്നു.)

കർട്ടൻ.

---

## രംഗം 6. (പള്ളിമേട)

(ഫാദർ ഫ്റാൻസീസ് സുഖമില്ലാതെ കസാലയിൽ കിടക്കുന്നു. ഭൃത്യൻ പ്രവേശിച്ച് സൂക്ഷിച്ചുനോക്കുന്നു. സമയം പ്രഭാതം കഴിഞ്ഞിരിക്കുന്നു.)

ജോസ്— അച്ചനു തീരെ സുഖമില്ലെന്നു തോന്നുന്നു. അർദ്ധരാത്രിയിലും രോഗികളുടെ വീട്ടിലേക്കോട്ടം. കഴിഞ്ഞ രാത്രിയിൽ ഒരുപോള കണ്ണടച്ചില്ല. ഇക്കണക്കായാൽ അധികംനാൾ പള്ളി ഭരിക്കത്തില്ല. മയങ്ങുകയാണെന്നു തോന്നുന്നു. (സമീപിച്ചു വിളിക്കുന്നു) തലവേദന കട്ടിയാണോ? ഞാൻ ഒരു വൈദ്യനെ വിളിച്ചുകൊണ്ടുവരാം.

ഫാദർ— ഇപ്പോൾ വേണ്ടാ.

ജോസ്— മഞ്ഞും വെയിലുംകൊണ്ടു നടന്നിട്ടാണ് സുഖക്കേടു മാറാത്തത്.

ഫാദർ— അന്ത്യക്രൂദാശസ്സമാന്തം വരുത്താമോ?

ജോസ്— അതു കഴിഞ്ഞാലെങ്കിലും ഇങ്ങു പോരണ്ടേ? "അടച്ചുവുശ്രമാ"സ്സിരുന്നാൽ ആ ഇരുപ്പ് രോഗി കണ്ണടച്ചു കഴിയുന്നതുവരെ. ശരീരം കൂടെ ഒന്നു നോക്കണം. കുറെ മുത്തിയമ്മമാരു പള്ളിയിൽ വരും. കുമ്പസാരംതന്നെ കുമ്പസാരം. തൊണ്ണൂറാംകാലത്തു ഇത്രയേറെ കുമ്പസാരിക്കാൻ വല്ലതുമുണ്ടോ? ഉച്ചസ്സാഹാരം കഴിക്കാനെങ്കിലും അച്ചനെ അവരൊന്നനുവദിക്കണ്ടേ? ഇക്കണക്കായാൽ വികാരിത്വം എത്രനാൾ നടത്തുമോ ദൈവത്തിനറിയാം. (ഒരു വശത്തേയ്ക്കു നോക്കുന്നു) ഇതാ കത്രിനാമ്മ വരുന്നു.

ഫാദർ— വലിയ ഉപകാരം. (കത്രീന ഒരു ചെറിയ കൊട്ടയുമായി വടിയുംകുത്തി പ്രവേശിക്കുന്നു.)

കത്രീനാ— ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടച്ചാ! അച്ചനു സുഖമല്ല്യോ?

ജോസ്— അച്ചനു തലവേദനയും പനിയുമാണ്.

കത്രീനാ— അടങ്ങിയിരുന്നാൽ ഈ ചടപ്പൊന്നും വരത്തില്ല.

ജോസ്— നാടാകെ ചുററുന്ന വല്യമ്മയ്ക്കു ചടപ്പൊന്നും കാണുന്നില്ലല്ലോ.

കത്രീനാ— പഴയ മണ്ണല്ലേ മക്കളേ, ഈ പ്രായംവരെ തൊകക്കേടൊന്നും തൊട്ടിട്ടില്ല.

ജോസ്— കാലത്തു വരുമെന്നു പറഞ്ഞിട്ടു മണി പത്തു കഴിഞ്ഞല്ലൊ.

കത്രീനാ— മക്കളേ, ഞാൻ കാലത്തിറങ്ങിയതാ. നടക്കാൻ വയ്യാ. അച്ചനൊന്നും ഉരിയാടുന്നില്ലല്ലോ.

ജോസ്— അച്ചനു തീരെ സുഖമില്ല. ഞാൻ പോയി മരുന്നു വാങ്ങിച്ചുകൊണ്ടു വരാം. (പോകുന്നു.)

ഫാദർ— ആ പണം മുഴുവൻ എണ്ണിക്കെട്ടിവച്ചിരിക്കയാണ്. ഈ മുറിക്കു നല്ല പൂട്ടില്ലാത്തതുകൊണ്ടു എനിക്കെപ്പോഴും ഭയമാണ്.

കത്രീനാ— ഞാൻ കൊണ്ടുപൊയ്ക്കൊള്ളാം.

ഫാദർ (എഴുന്നേററു മേശതുറന്നു തുവാലയിൽ കെട്ടിവച്ചിരുന്ന പണക്കിഴി കൊടുക്കുന്നു. കത്രീനാ വാങ്ങിച്ചു കൊട്ടയിൽ സൂക്ഷിക്കുന്നു.) നാനൂററി എൺപതു പവനുണ്ട്.

കത്രീനാ— ഞാൻ ഇത്രയ്ക്കൊന്നും വിചാരിച്ചിരുന്നില്ല.

ഫാദർ— പലതുള്ളി പെരുവെള്ളം.

കത്രീനാ— ശരിയാണച്ചാ, ഈ ആഴ്ചയിൽ ഞാൻ അഞ്ഞൂറു തികയ്ക്കും. നാളെ മുതൽ പണിതുടങ്ങണം.

ഫാദർ— ഇതെങ്ങിനെ കൊണ്ടുപോകും?

കത്രീനാ— ഈ കൊട്ടയിൽ വച്ചു കൊണ്ടുപോകുമച്ചാ, ഈ കിഴവിയെ ആരുമൊററം തമുശയിക്കില്ല. കൊട്ടക്കകത്തു ചന്തത്താമാനമാണെന്നു കാണുന്നവരൊക്കെ വിചാരിച്ചോളും.

ഫാദർ—കൊള്ളാം. നല്ലസൂത്രം.

കത്രീനാ—ഇതു ഞാൻ തെണ്ടിപ്പിരിച്ചതല്ലേ? ദൈവം തമ്പുരാനു ഇഷ്ടമുള്ള കാര്യത്തിനല്ല്യോ? പേടിക്കാനൊന്നുമില്ല. പിന്നെ ദൈവതിരുമനസ്സുപോലെ വരട്ടച്ചാ. വരാനുള്ളതു വഴിയിൽ തങ്ങുകില്ല. ഇവളെപ്പോഴും ചാകാൻ ഒരുക്കമാണ്. പിന്നെ ആതുരശാല തീൻ കണ്ടു മരിക്കണമെന്നൊരു ആഗ്രഹമുണ്ട്.

ഫാദർ— ദൈവതിരുമനസ്സുപോലെ അതും സാധിച്ചെന്നുവരും.

കത്രീനാ— നേരം ഉച്ചയായി. ഞാൻ പോണു. കുമ്പസാരിക്കാൻ ഇന്നാരും വന്നില്ലേ?

ഫാദർ— എനിക്ക സുഖമില്ലാത്തതുകൊണ്ടാരും വന്നില്ലെന്നു തോന്നുന്നു. ഞാൻ കുറെ ദൂരം കൂട്ടുപോരാം.

കത്രീനാ— വേണ്ട വേണ്ടാ, തുകമില്ലാത്ത അച്ചൻ പുറത്തിറങ്ങണ്ടാ. ചടപ്പൊക്കെ മാറീട്ടുമതി. എനിക്ക പള്ളിയിൽ കയറി ഒന്നു നമസ്കരിക്കണം. ഈ കിഴവിക്കവേണ്ടി അച്ചൻ പ്രാത്ഥിക്കണേ!

ഫാദർ— ഞാൻ പ്രാത്ഥിക്കുന്നുണ്ട്.

കത്രീനാ— അതു് എനിക്ക വലിയ അനുഗ്രഹമാണച്ചാ, ഞാൻ പോണു. അച്ചൻ കിടന്നൊന്നു മയങ്ങിയാൽ ഈ ചടപ്പൊക്കെ മാറും.

ഫാദർ— അങ്ങനെതന്നെ. (കത്രീനാ കൊട്ടയുമെടുത്തു് സ്തുതിയുംചൊല്ലി പോകുന്നു. ഫാദർ മേശപൂട്ടിയശേഷം കിടക്കമുറിയിലേക്ക പോകുന്നു.)

കർട്ടൻ.

## രംഗം 7 (പള്ളിമേട)

(ഫാദർ ഫ്റാൻസീസ് ഒരു കത്തെഴുതി കൂട്ടിൽ അടക്കംചെയ്തശേഷം ഭൃത്യനെ വിളിക്കുന്നു. സമയം സായാഹ്നം.)

ഫാദർ— ജോസ്! (ഭൃത്യൻ പ്രവേശിക്കുന്നു.) ഈ കത്ത് തപാൽപെട്ടിയിൽ ഇടണം. (ഭൃത്യൻ കത്തു വാങ്ങിക്കുന്നു.)

ജോസ്— രണ്ടു റൊട്ടികൂടെ വാങ്ങിച്ചുകൊണ്ടുപോരാം.

ഫാദർ– കൊള്ളാം. (മേശതുറന്നു പണമെടുത്തുകൊടുക്കുന്നു. ഭൃത്യൻ വാങ്ങിച്ചുകൊണ്ടുപോകുന്നു. അച്ചൻ എന്തോ ചിന്തിച്ചിരിക്കുന്നു. ലൂസർ പ്രവേശിച്ച് സവിനയം സ്തുതിചൊല്ലുന്നു.)

ഫാദർ– (സാശ്ചര്യം) ഇതാര്? ലൂസറോ! നിങ്ങൾ ഇത്ര വേഗം തിരിച്ചെത്തിയോ?

ലൂസർ— ഞാൻ പോയില്ല.

ഫാദർ– പുതിയ ഉദ്യോഗം വേണ്ടെന്നുവച്ചോ?

ലൂസർ—ബ. അച്ചാ! ഞാൻ യാത്രയ്ക്കൊരുങ്ങിയപ്പോൾ എൻെറ ഹൃദയത്തിൽ മരണത്തെക്കുറിച്ചൊരു ചിന്തയും ഭീതിയുമുണ്ടായി. മാർഗ്ഗമദ്ധ്യേ അപമൃത്യുവിന്നിരയായാൽ ഒരു കുമ്പസാരം പോലും കഴിക്കാതെ നടക്കുന്ന ഈ പാപിയുടെ ഭാവി എന്തായിരിക്കുമെന്നൊരു വിചാരം എൻെറ കഠിനഹൃദയത്തെ വല്ലാതെ ഇളക്കി. ഒരടി മുമ്പോട്ടു നടക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല, മനസ്സാക്ഷിയുടെ പ്രേരണയാൽ ഞാൻ ഇതാ ബ. പിതാവിൻെറ സന്നിധിയിൽ വന്നിരിക്കുന്നു. (ബാഷ്പാകുലനായി ഈ മുടിയനായ പുത്രൻെറ പാപങ്ങൾക്കു മോചനം തരുവാൻ ദയവുണ്ടാകണം. പിതാവേ! എനിക്കൊന്നു കു–കു–കുമ്പസാരിക്കണം.

ഫാദർ—ഒരു നാസ്തികനിൽ പശ്ചാത്താപപ്രകടനം കാണുവാൻ ഇടയായതിൽ അതിയായ ആനന്ദമുണ്ട്. സ്നേഹിതാ! സമാശ്വസിച്ചാലും! നിങ്ങളെ എനിക്കു പൂർണ്ണമായി വിശ്വസിക്കാമോ?

ലൂസർ—അച്ചൻ സംശയിക്കണ്ടാ. എനിക്കു ചിത്തഭ്രമമില്ല. ഞാൻ ഇപ്പോൾ യഥാർത്ഥത്തിൽ പശ്ചാത്തപിക്കുന്ന ഒരു നീച പാപിയാണ്. എൻെറ കഠിന പാപമോരോന്നും എൻെറ ഹൃദയത്തെ വേദനപ്പെടുത്തുന്നു. അവയെല്ലാം മർമ്മഭേദകമായ ശൂലങ്ങളത്രേ. കുമ്പസാരമെന്ന ആ പരിശുദ്ധ ക്രൂദാശയേക്കുറി

ച്ചുള്ള അങ്ങയുടെ പ്രസംഗം എൻെറ ഓർമ്മയിൽ വന്നു. പരിപാവനമായ പാപസങ്കീർത്തനത്തിനു ഞാൻ ഇതാ ഒരുങ്ങിവന്നിരിക്കുന്നു. അവിടുന്ന് ഈ പാപിയെ ഒന്നു കുമ്പസാരിപ്പിക്കണം.

ഫാദർ— എനിക്കിന്നു നല്ല സുഖമില്ലെങ്കിലും നിങ്ങളുടെ പാപസങ്കീർത്തനം കേൾക്കുവാൻ ഞാൻ സന്നദ്ധനാണ്. ചെയ്തുപോയിട്ടുള്ള മരണാവഹമായ പാപങ്ങളേക്കുറിച്ചുള്ള ശരിയായ പശ്ചാത്താപം നിങ്ങൾക്കുണ്ടെന്നു ഞാൻ വിശ്വസിക്കട്ടെ.

ലൂസർ— എൻെറ പിതാവേ, എനിക്കു മനസ്താപമുണ്ട്. എൻെറ ഹൃദയം നീറുന്നു. (ബാഷ്പാകുലനായി) എൻെറ അറിവിനായി ഞാൻ ചില സംഗതികൾ ചോദിച്ചുകൊള്ളട്ടേ.

ലൂസർ— കുമ്പസാരം കേൾക്കുന്ന വൈദികൻ എന്തെങ്കിലും കാരണത്താൽ പാപമോചനം നൽകുന്നില്ല, അഥവാ നൽകാൻ ഇടയായില്ല എന്നുവരുന്നപക്ഷം, താൻ കേട്ടതായ പാപങ്ങൾ രഹസ്യമായി വച്ചുകൊണ്ടിരിക്കാൻ കടപ്പെട്ടുന്നുണ്ടോ?

ഫാദർ— അതിലെന്താണു സംശയം? വൈദികൻെറ കഴുത്തറുത്താലും ആ പരമരഹസ്യം പുറത്തുവരുന്നതല്ല. അത് ഒരു കാലത്തും ഭഞ്ജിക്കപ്പെടാത്ത രഹസ്യമായിരിക്കും. അസാന്മാർഗ്ഗിയായ ഒരു പുരോഹിതൻപോലും കുമ്പസാരരഹസ്യം പരസ്യമാക്കിയതായി ഒരു പരാതി ഇതുവരെ തിരുസഭയിൽ ഉണ്ടായിട്ടില്ല.

ലൂസർ— അവിടുന്നു ദയവായി എൻെറ കുമ്പസാരമൊന്നു കേൾക്കണം.

ഫാദർ— നിങ്ങൾ വേണ്ടവിധം തയ്യാറായിട്ടുണ്ടോ?

ലൂസർ— ഇന്നുച്ചക്കുശേഷം ഈ സമയംവരെ ഞാൻ ഒരുങ്ങുകമാത്രമായിരുന്നു. (പരുങ്ങലോടെ) പിതാവേ, എൻെറ കുമ്പസാരം കിടക്കുമുറിയിൽവച്ചു കേൾക്കണമെന്നൊരപേക്ഷയുണ്ട്. ഞാൻ കുമ്പസാരം കഴിച്ച വിവരം ഇപ്പോൾ ആരും അറിയരുത്. അച്ചൻ ആരോടും പറകയില്ലെന്നു വിശ്വസിക്കുന്നു. അതോ അങ്ങു പറയുമോ?

ഫാദർ— ഞാൻ ആരോടും പറകയില്ലെന്നു ഇതാ പ്രതിജ്ഞചെയ്യുന്നു. ചില സാഹചര്യങ്ങളിൽ അങ്ങിനെ പറയുന്നതു് പാപസങ്കീർത്തനമുദ്രയ്ക്കു് ഒരു ഭംഗമായിത്തീരാനും പാടുണ്ട്.

(എഴനേററ്) ലൂസർ വരണം. (ഇരുവരും കിടക്കമുറിയിലേക്ക പോകുന്നു. അല്പം കഴിഞ്ഞു ലൂസർ കുപിതനായി ചാടി ഇറങ്ങി വന്നു വൈദികനെ ശകാരിക്കുന്നു.)

ലൂസർ— എടോ കള്ളക്കത്തനാരേ! താൻ എന്നെ പറഞ്ഞു ചതിച്ചില്ലേ? പാപം പോക്കാമെന്നു പറഞ്ഞതു കേട്ടു വിശ്വസിച്ചല്ലേ തൻെറ മുമ്പിൽ ഞാൻ മുട്ടുകുത്തി കുമ്പസാരിച്ചതു്. ദ്രോഹി! ഇറങ്ങിവാ. ഞാൻ പരിഹാരം ചെയ്യാതെ എൻെറ പാപം താൻ മോചിക്കുകില്ലല്ലേ? ഞാൻ പ്രായശ്ചിത്തമെടുക്കണം പോലും. എടോ, പരിഹാരം ചെയ്തു് മോചനം പ്രാപിക്കാനാണെങ്കിൽ പിന്നെ ഞാൻ തൻെറ അരികൽ വരണമോ? തന്നെ ഒററക്കത്തിനു കൊല്ലുകയാണു വേണ്ടതു്. എനിക്ക സമയമില്ലാത്തതു തൻെറ നല്ലകാലം. ഞാൻ അപഹരിച്ചെടുത്തതെല്ലാം തിരിച്ചുകൊടുക്കണംപോലും. കാലകരണപ്പെട്ടതും ആക്കും ഇനി അവകാശമില്ലാത്തതുമായ ദ്രവ്യം ഞാൻ രഹസ്യത്തിൽ തന്നെ ഏല്പിക്കണമല്ലേ? അമ്പോ! എന്തൊരു കൗശലം! ആൽബർട്ടു് ലൂസർ ഇതുകേട്ടു മയങ്ങുന്ന മണ്ടനല്ല ഇപ്പോഴല്ലേ ഉത്തരിപ്പുകടത്തിൻെറ ആ രഹസ്യം മനസ്സിലായതു്. വെറുതേയാണോ ഇതെല്ലാം വാങ്ങിച്ചു വാങ്ങിച്ചല്ലേ കത്തനാരന്മാരെല്ലാം കാശുകാരായതു്. ഞാൻ അപഹരിച്ച പണമെല്ലാം തനിക്ക തന്നിട്ടു് താൻ എൻെറ പാപം ഒന്നും മോചിക്കേണ്ടാ. (ഫാദർ സസ്മിതം പ്രത്യക്ഷപ്പെടുന്നു.)

ഫാദർ— ലൂസർ! പ്രിയസോദരാ! ശാന്തമായാലും!

ലൂസർ— തൻെറ ഉപദേശം കേട്ടതുമതി. ആട്ടേ, ഞാൻ ഇനി എന്തെല്ലാം കൂടി ചെയ്യണമെന്നാണു തൻെറ ന്യായം.

ഫാദർ— അപഹരിച്ച മുതൽ അതിൻെറ ഉടമസ്ഥനു തിരിച്ചുകൊടുക്കണം. നിങ്ങൾ മുഖേന നിരപരാധികൾ കുററക്കാരെന്നു സംശയിക്കപ്പെട്ടാൽ അവരെ രക്ഷിക്കേണ്ട കടമയും നിങ്ങളുടേതാണു്.

ലൂസർ— കേട്ടതുമതി. എൻെറ ദ്രവ്യം ഞാൻ പങ്കുവെക്കണം. പോരെങ്കിൽ എന്നെ തൂക്കാൻ കോടതിക്ക് സ്വയം ഏല്പിച്ചുകൊടുക്കയും വേണം. താൻ വിചാരിക്കുന്നതുപോലൊരു കഴുതത്തലയൻ അല്ല ഞാൻ. തൻെറ ഈ ഉപദേശം കേൾക്കാനാണോ രാപകൽ കുമ്പസാരക്കൂട്ടിൽ ഈച്ച ആക്കുന്നതുപോലെ ആൾ അടുക്കുന്നതു്? നിങ്ങളുടെ ഈ ഉപദേശവും കുമ്പസാരവു

മെല്ലാം വെറും മിഥ്യാചാരമല്ലേ? ഇനി ഏററം നല്ലവഴി തൻെറ കഥക്കൂടെ കഴിച്ചേക്കുകയാണ്.

ഫാദർ— അതിന് എന്താണ വിഷമം?

ലൂസർ— എനിക്കിപ്പോൾ അതിനുത്ര ധൈര്യം വരുന്നില്ല. അതു തൻെറ നല്ലകാലം. താൻ കരുതിയിരുന്നു കൊള്ളണം.

ഫാദർ— വളരെ ഉപകാരം. ഏതവസരത്തിലും മരിക്കാൻ ഞാൻ ഒരുക്കമാണ്. ലൂസർ! സ്നേഹിതാ! ഒരു കാലത്ത് നിങ്ങൾ പശ്ചാത്തപിക്കും. ഞാൻ നിങ്ങളുടെ മാനസാന്തരത്തിനായി ദൈവത്തെ പ്രാർത്ഥിക്കുന്നു. (പോകുന്നു.)

ലൂസർ— ആ കള്ളക്കത്തനാരെക്കൊണ്ട് എന്തിനധികം പ്രാർത്ഥിപ്പിക്കുന്നു. പോയി ഒരു ഗ്ലാസ്സ് വിസ്കിക്കൂടി അടിച്ചശേഷം അയാളെ കൈയോടെ കാച്ചുകയാണ വേണ്ടതു്. (ചിന്തിച്ചശേഷം) വേണ്ട, ഇനി ഇവിടെ നിൽക്കുന്നതു് അത്ര നന്നല്ല. കപ്പൽകയറി അമേരിക്കയിൽ കാലുകുത്തിയാൽ ഞാൻ രക്ഷപെട്ടു. (ഓടിപ്പോകുന്നു.)

കർട്ടൻ.

---

രംഗം 8. (സ്വർണ്ണറോസ്ഹോട്ടൽ)

(നഗരാധിപൻ, നഗരസഭാഗ്രൂമസ്റ്റൻ, നഗരസഭാമെമ്പർ, ഒരു ഡോക്ടർ ഇത്രയും പൗരന്മാർ ഒരു മേശയ്ക്കു ചുററും ഇരുന്നു മദ്യപിക്കുന്നു സമയം രാത്രി ഒൻപതുമണി)

നഗരാധിപൻ- മാനേജർ ഓരോ ഔൺസ് വയിൻ കൂടിത്തരൂ (മാനേ—വയിൻ ഗ്ലാസിൽ പകർന്നുകൊടുക്കുന്നു.)

ഗ്രൂമസ്റ്റൻ- വിസ്കി പൊട്ടിച്ചതു തീർന്നോ.

മാനേജർ—അരക്കുപ്പി കാണും.

ഗ്രൂമസ്റ്റൻ- ഓരോ ഔൺസുകൂടി എടുക്കൂ.

ഡോക്ടർ- അധികമായാൽ അമൃതും വിഷം.

നഗരാ- സാരമില്ല, എടുക്കൂ.

മെമ്പർ- നാം പലതും ആലോചിച്ചു സമയം കളയുന്നതല്ലാതെ ഒന്നിനും ഒരു തീരുമാനം വരുത്തുന്നില്ല. (മാനേജർ വിസ്കി പകർന്നുകൊടുക്കുന്നു.)

ഗ്രൂമസ്റ്റൻ- രാഷ്ട്രീയശക്തി ഉപയോഗിച്ചെങ്കിലും മതത്തെ അമർത്താതിരുന്നാൽ കാലാന്തരത്തിൽ ഈ നഗരസഭാഭരണം കത്തനാരന്മാരുടെ കൈയിൽ ചെന്നുചാടും. പോരെങ്കിൽ അവർക്കു പിന്തുണയായി ഒരു വലിയസംഘം മതഭ്രാന്തരുമുണ്ട്.

ഡോക്ടർ—സമുദായ പുരോഗമനത്തെ തകർക്കുവാൻ ചിന്തിച്ചിട്ടു ഒരു മാർഗ്ഗവും കാണുന്നില്ല. ശരിയായ വിവേചനകൂടാതെ വല്ലതും പ്രവൃത്തിച്ചാൽ ഭൂരിപക്ഷത്തിൻെറ പ്രതിഷേധത്തോടു നേരിടേണ്ടിവരും.

മെമ്പർ- പ്രതിഷേധമൊന്നും രാഷ്ട്രീയശക്തി കൈയിലുള്ള കാലത്തോളം ഭയപ്പെടാനില്ല. അടുത്തുവരുന്ന തെരിഞ്ഞെടുപ്പിൽ പുരോഹിതപ്പരിഷ നിറുത്തുന്ന സ്ഥാനാർത്ഥികളെ പരാജിതരാക്കണം.

നഗരാ- സാധുസേവനത്തിനെന്ന ഭാവേന, അവർ ആതുരശാലകൾ അനാഥമന്ദിരങ്ങൾ ആദിയായവ സ്ഥാപിക്കുവാൻ പണം പിരിച്ചുതുടങ്ങിയിരിക്കുന്നു. ആശുപത്രിയിലെ കന്യാസ്ത്രീകളുടെ സേവനം അവരുടെ ഉദ്ദേശസാദ്ധ്യത്തിനു ഒരാകർഷണോപകരണമാണ്. മുനിസിപ്പൽ ആശുപത്രിയിൽ നിന്നു അവരെ പിരിച്ചുവിടാൻ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. ഫാദർ ഫ്റാൻസിസ് നിങ്ങൾ വിചാരിക്കുന്നതുപോലെ അത്ര നല്ലവ

നൊന്നുമല്ല. ആദ്യമായി അദ്ദേഹത്തെ ഈ വിക്ററർ ഇടവകയിൽ നിന്നോടിക്കണം!

ഗ്രമസ്സൻ— കപ്പ്യാർ ലൂസർതന്നെ അദ്ദേഹത്തെ തുരത്തിക്കൊള്ളും.

നഗരാ— അൽ അറിഞ്ഞാണു ഞാൻ ഗ്രൂപാശ് ചെയ്തതു്.

മെമ്പർ— പണി ആരംഭിക്കുവാൻ പോകുന്ന ആതുരശാലയ്ക്കു നഗരസഭയിൽനിന്നു ഒരു നിരോധനാജ്ഞ കൊടുക്കണം. ഈ സ്ഥാപനങ്ങൾ എല്ലാം നഗരസഭയേറെറടുത്തു നടത്തണം. കന്യാസ്ത്രീകൾക്കും കത്തനാരന്മാർക്കും നിർബന്ധമെങ്കിൽ അവർ നടത്തിക്കൊള്ളട്ടെ. ഒരു പെനിപോലും ഗ്രാൻറു കൊടുക്കാതിരുന്നാൽ മതി.

നഗരാ— അടുത്ത നഗരസഭയിൽ നിങ്ങൾ പ്രമേയം അവതരിപ്പിച്ചു് പാസ്സാക്കിയാൽ ഞാൻ അതു് ഉടൻ നടപ്പിൽവരുത്തിക്കൊള്ളാം.

ഗ്രമസ്സ— കരതോറും പള്ളിവെക്കാനും കപ്പേള പണിയാനും മുക്കവലയ്ക്കൊക്കെ രൂപം സ്ഥാപിക്കാനും ആളുള്ളടത്തൊക്കെ ശവക്കോട്ട സ്ഥാപിക്കാനും അനുവാദം കൊടുക്കാതിരുന്നാൽ ഇവരുടെ പ്രേഷകവൃത്തിയും ജനസ്വാധീനതയും താനേ ക്ഷയിച്ചുകൊള്ളും. പൊതുസ്ഥാപനത്തിന്റെ പേരിൽ ഗവമ്മെൻറനുമതികൂടാതെ പണം പിരിച്ചുപോകരുതെന്നും പ്രായപൂത്തി വരാത്ത ബാലികാബാലന്മാർക്കു മതോപദേശം നൽകരുതെന്നും കാണിച്ചു് ഗവമ്മെൻറിൽനിന്നു ഒരു സർക്കലർ പുറപ്പെടുവിപ്പിക്കാൻ സാധിക്കുമെങ്കിൽ നാം ജയിച്ചു. കൂടാതെ കമ്മ്യൂണിസ്ററുകാരോടു് അനുഭാവം പ്രകടിപ്പിച്ചാൽ തൊഴിലാളിവർഗ്ഗത്തിന്റെ വോട്ടു മുഴുവൻ നമുക്കു കിട്ടുന്നതുമാണു്.

നഗരാ— അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ വിജയം പ്രാപിച്ചു് രാഷ്ട്രീയകൗൺസിലിൽ കാലുകുത്താൻ ഇടയായാൽ ഞാൻ ഇതെല്ലാം നടപ്പിൽ വരുത്തിക്കൊള്ളാം. ഡോക്ടർ എന്താണു് മൗനം അവലംബിച്ചിരിക്കുന്നതു്.

ഡോക്ടർ— നിങ്ങളുടെ അഭിപ്രായപ്രകടനമൊക്കെയൊന്നും കഴിയട്ടെന്നു വിചാരിച്ചിരുന്നതാണു്. (ഡപ്പിയിൽനിന്നു ഒരു നുള്ളു പൊടിയെടുത്തു വലിച്ചശേഷം) ആശുപത്രിയിൽനിന്നു കന്യാസ്ത്രീകളെ ഓടിക്കുന്ന കാര്യത്തിൽ ഞാൻ അനുകൂലിയല്ല.

ധർമ്മാശുപത്രികൊണ്ട് നാം ഉദ്ദേശിക്കുന്ന ഫലം രോഗികൾക്കു കിട്ടണമെങ്കിൽ ശുശ്രൂഷയുടെ ഭാരം മുഴുവനും അവരുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽതന്നെ വിട്ടുകൊടുക്കണം. കുബേരനേയും കുചേലനേയും സർക്കാർ ഉദ്ദ്യോഗസ്ഥന്മേയും സാംക്രമികരോഗബാധിതനേയും ശുശ്രൂഷിക്കുന്ന കാര്യത്തിൽ അവർക്ക് ഒരേ ഒരു മനോഭാവമാണുള്ളത്. അവർ പ്രതിഫലം ആഗ്രഹിക്കുന്നില്ലെന്നുള്ളത് ആതുരന്മാർക്കു വലിയൊരനുഗ്രഹമാണെന്നുകൂടി മനസ്സിലാക്കണം.

മെമ്പർ—ഇപ്പോൾ ജോലി ചെയ്യുന്നവരെല്ലാം അതേപടി തുടൻകൊള്ളട്ടേ. പുതിയ നിയമനം അനുവദിക്കാതിരിക്കയും തൽക്കാലം ഇപ്പോൾ നൽകുന്ന ഗ്രാൻറിൽ ഒരംശം വെട്ടിക്കുറക്കയും ചെയ്താൽ മതി.

ഹോട്ടൽ മാനേജർ—നിങ്ങൾക്കു വിരോധമില്ലെങ്കിൽ ഞാൻ ഒരഭിപ്രായം പറയാം.

ഗ്രമസ്സൻ—മാനേജർക്കു അടുത്തുവന്നു പറയാമല്ലോ.

മാനേ- (സമീപിച്ച്) ഇവിടെ വന്നു വിശ്രമിക്കാത്ത ഒരൊററ യുവസാഹിത്യകാരൻ ഈ പട്ടണത്തിലില്ല. പത്രപ്രവർത്തകന്മാരും ധാരാളം വന്നുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾക്കു വൈദികവിദ്വേഷം ജനിക്കത്തക്ക അവാസ്തവപ്രസ്താവനകളും ചെറുകഥകളും കവിതകളും ഒരു കുപ്പി ബീയർ കൊടുത്താൽ നാം പറയുന്നതുപോലെ എഴുതിത്തരാൻ പലരുമുണ്ട്. പണം കൊടുത്തിട്ടെങ്കിലും പത്രങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്താമെങ്കിൽ വൈദികവിദ്വേഷം കാട്ടുതീപോലെ നാടാകെപ്പടൻകൊള്ളും.

നഗരാ— പറഗിയ തന്ത്രം.

മാനേ- മുതലാളിയുടെ മർദ്ദനനയം തൊഴിലാളിയുടെ ദരിദ്രാവസ്ഥ മുതലായവ വർണ്ണിച്ച ചെറുകഥകളും വൈദികരെ അപഹസിച്ച് ഒന്നുരണ്ടു കവിതകളും ശൃംഗാരരസം തുളുമ്പുന്നതും ചാരിത്രഹാനിയിലോ ആത്മഹതിയിലോ പര്യവസാനിക്കുന്നതുമായ നാലഞ്ചു പ്രണയാഭാസകഥകളും കവനങ്ങളും എഴുതിവാങ്ങിച്ച് പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്താമെങ്കിൽ നമ്മുടെ ഉദ്ദേശം സാധിക്കുമെന്നു തന്നെയല്ല അത് ഒരു ധനാഗമമാർഗ്ഗം കൂടിയായിരിക്കും.

മെമ്പർ—യാഥാസ്ഥിതികരായ കവികൾ പ്രതിഷേധി ച്ചെന്നു വരികയില്ല.

മാനേ—അതു സാരമില്ല. പുസ്തകാഭിപ്രായത്തുപേണ അവരുടെ ഗ്രന്ഥങ്ങളെല്ലാം അടിച്ചുതകൎത്ത് നിരൂപണം ചെയ്ത് എഴുതിവിട്ടാൽ മതി.

നഗരാ— അവശ്യം വേണ്ട പണം ഞാൻ തന്നുകൊള്ളാം. നിങ്ങൾതന്നെ എഴുതിച്ച് പ്രസിദ്ധപ്പെടുത്തിക്കൊള്ളുക.

ഡോക്ടർ —(എഴുന്നേററ്) ഞാൻ പോകുന്നു. ഒരു രോഗിയെ സന്ദൎശിക്കുവാനുണ്ട്. (നഗരാധിപനു കൈകൊടുത്തശേഷം ഡോക്ടർ പോകുന്നു.)

മാനേ— കത്രീനായുടെ വേലക്കാരൻ നഗരാധിപനെക്കണ്ടു് എന്തോ സങ്കടം പറയുവാൻ പുറത്തുവന്നു നില്ക്കുന്നു.

നഗരാ— അവൻ കയറിവരട്ടെ. (ഭൃത്യൻ ദുഃഖിതനായി പ്രവേശിക്കുന്നു.) എന്താണു സംഗതി?

വേല— ഇതുവരെ കത്രീനാമ്മ വിട്ടിൽ വന്നില്ല.

നഗരാ— അതിനു ഞാൻ എന്തുവേണം?

ഗ്രമസ്റ്റ—നീ എങ്ങും അന്വേഷിച്ചില്ലേ?

വേല—ഈ പട്ടണം മുഴുവൻ ഞാൻ നോക്കി നടന്നു.

മെമ്പർ — ഇതെന്തു ഗ്രഹപ്പിഴയാണ്!

വേല —വല്ലവരും (കരയുന്നു) അകപ്പെടുത്തി പണം അപഹരിച്ചു കാണണം. വികാരിയച്ചൻെറ പക്കൽനിന്നും പണം വാങ്ങിച്ചുകൊണ്ടുവരുവാൻ കാലത്തു പോയതാണ്. ഇതുവരെ തിരിച്ചുവന്നില്ല.

ഗ്രമസ്റ്റ—വയസ്സുചെന്നാൽ എങ്കിലും വീട്ടിൽ ഇരിക്കണം.

നഗരാ—എൻെറ മുനിസിപ്പൽ അതിൎത്തിക്കുള്ളിൽ ഒരു നിഷ്ഠുരസംഭവം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മെമ്പർ— വികാരിയച്ചൻ പണം മുഴുവനും അടിച്ചെടുത്തു കിഴവിയെ നാടുകടത്തിക്കാണണം.

ഗ്രമസ്റ്റ— ഫാദർ ഫ്റാൻസിസ് അതിനൊട്ടും മടിക്കുന്നവനല്ല.

നഗരാ—ആ കള്ളക്കത്തനാരെ മൎയ്യാദ പഠിപ്പിക്കാൻ പററിയ അവസരം ഇതാണ്. (എഴുന്നേററ്) വരുവിൻ! ഈ രാത്രിയിൽതന്നെ ഇതിൻെറ രഹസ്യമെന്തെന്നറിയണം.

മാനേ—ഞാനും വരുന്നു.

നഗരാ—ഗൃഹപരിശോധന നടത്തണം. രണ്ടു പോലീസുകാർകൂടി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു.

മാനേ—രണ്ടു പോലീസുകാർ അകത്തിരിപ്പുണ്ട്.

നഗരാ—അവരെക്കൂടി വിളിച്ചോളൂ.

മെമ്പർ— ഗൃഹപരിശോധന രാത്രിയിൽ നടത്തുന്നതു് ശരിയല്ല.

ഗ്രമസ്റ്റ—ശരിയും തെററും വിധിക്കാനുള്ളവരെ നാം അറിയുകില്ലേ? അവശ്യം നേരിട്ടാൽ അർദ്ധരാത്രിക്കും പരിശോധന നടത്തണം.

മെമ്പർ— കപ്യാർ അവിടെക്കാണുമോ?

മാനേ— അയാൾ സ്ഥലത്തില്ല.

നഗരാ— അതു് അവൻെറ നല്ലകാലം. മാനേജർ! റാന്തൽവിളക്കെടുക്കൂ. നമുക്ക നടക്കാം (പോകുന്നു.)

കർട്ടൻ.

---

## രംഗം 9. പള്ളിമേട.

(ഫാദർ ഫ്റാൻസീസ് ചിന്താമഗ്നനായി വരാന്തയിൽ നടക്കുന്നു. നഗരാധിപൻ മുതൽപേർ റാന്തൽവിളക്കുമായി പ്രവേശിക്കുന്നു. സമയം രാത്രി 11 മണി.)

നഗരാ– അച്ചനു സുഖമില്ലെന്നുകേട്ട് ഞങ്ങൾ വന്നതാണ്.

ഫാദർ– വളരെ സന്തോഷം. എന്നാൽ അത് അർദ്ധരാത്രിയ്ക്കു വേണമെന്നില്ലല്ലോ.

ഗ്ലമസ്സൻ– രാത്രി പതിനൊന്നുമണി കഴിഞ്ഞിട്ടും സുഖമില്ലാത്ത അച്ചന് ഉറക്കം വരാത്തതിൻെറ കാരണമറിഞ്ഞാൽ കൊള്ളാം.

ഫാദർ– പതിവിൽ കൂടുതൽ ഇന്നുപകൽ കിടന്നുറങ്ങിയതുകൊണ്ടാണ്.

നഗരാ— ഞങ്ങൾ കത്രീനായെ അന്വേഷിച്ചിറങ്ങിയിരിക്കുകയാണ്. ദയവായി ഒന്നു കാണിച്ചുതരണം.

ഫാദർ— നിങ്ങൾ അർദ്ധരാത്രിയിൽ ആരാഞ്ഞു നടക്കുന്ന സ്ത്രീയെ കാണിച്ചുതരാൻ അവരുടെ വസതിയിതല്ല.

മെമ്പർ– അല്ലെന്നു ഞങ്ങൾക്കറിയാം.

ഫാദർ–പിന്നെ നിങ്ങൾ അസമയത്ത് എന്തിനുവന്നു.

നഗരാ– കത്രീനാ ഇവിടെ വന്നിരുന്നോ?

ഫാദർ— വന്നിരുന്നു.

മെമ്പർ— എപ്പോഴാണു വന്നത്?

ഫാദർ— ഉച്ചയ്ക്കു മുമ്പായിരുന്നു.

മാനേ— ആ സ്ത്രീ ഇതുവരെ അവരുടെ ഭവനത്തിൽവന്നിട്ടില്ല.

ഫാദ– അതിനു ഞാൻ ഉത്തരവാദിയല്ല.

ഗ്ലമസ്സൻ— ആ സ്ത്രീയെ കാണിച്ചുതരണം.

ഫാദർ— ഇവിടെ ഉണ്ടെങ്കിൽ കണ്ടോളു.

മാനേ— ഇവിടെനിന്ന് എങ്ങോട്ടാണ് പോയത്?

ഫാദർ— അതെനിക്കറിഞ്ഞുകൂടാ. വീട്ടിലേക്കു പോകുന്നെന്നു പറഞ്ഞ് നാനൂററിഎൺപതു പവനും വാങ്ങിച്ചു ഇവിടെ നിന്നിറങ്ങി. പിന്നീടേതുവഴി പോയെന്നും ഇപ്പോൾ എവിടെ ആണെന്നും എനിക്കറിഞ്ഞുകൂടാ.

നഗരാ— (സാശ്ചര്യം)നാനൂററി എൺപതു പവൻ! എന്തൊരുബുദ്ധിഹീനത! അതു് നഷ്ടപ്പെട്ടുപോയെങ്കിൽ നിങ്ങൾതന്നെ ഉത്തരിക്കണം.

ഫാദർ— പട്ടണത്തിൽ നടക്കുന്ന പണാപഹരണം എൻെറ അറിവോടുകൂടിയാണെങ്കിൽ മാത്രം ഞാൻ ഉത്തരിച്ചാൽമതിയല്ലോ. പകൽസമയത്തുപോലും ഈ പട്ടണത്തിൽകൂടി പണവുമായി നടക്കുന്നതു് ബുദ്ധിയില്ലാത്ത പ്രവൎത്തിയാണെന്നു സമ്മതിക്കുന്ന നഗരാധിപൻെറ ഭരണംമൂലം എന്തൊരുനന്മയാണു് ഈ നഗരവാസികൾക്കു സിദ്ധിക്കുന്നതു്?

നഗരാ— ഓഹോ! കത്തനാരച്ചൻ എന്നെ കുററപ്പെടുത്തുകയാണോ? അതു ഞാൻ കാണിച്ചുതരാം.

ഗ്രമസ്റ്റൻ— ഇവിടെ വന്നിരുന്നെന്നു നിങ്ങൾ സമ്മതിക്കുന്ന കത്രിനായെ ഉടൻ കാണിച്ചുതരാത്തപക്ഷം തന്നെ വെറുതെ വിടുകയുമില്ല, ഞങ്ങൾ ഇവിടന്നൊട്ടിറങ്ങുകയുമില്ല.

നഗരാ— താൻ പണം അപഹരിച്ചു് ആ സ്ത്രീയെ തൻെറ ഏജൻറന്മാർമൂലം എവിടെയാണു കരകടത്തിയിരിക്കുന്നതു്? സത്യം പറയരുതോ? എന്തിനു വീർപ്പുമുട്ടുന്നു.

ഫാദർ— എന്നെ ക്രാസു് ചെയ്യാൻ വന്നതാണെങ്കിൽ അതു് നേരം പുലൎന്നിട്ടാകാം. വേറെ പറയത്തക്ക അത്യാവശ്യസംഗതി ഒന്നുമില്ലെങ്കിൽ ഉപദ്രവിക്കാതെ ഇവിടന്നു പുറത്തിറങ്ങിത്തരണം. എനിക്കു നിദ്രചെയ്യുവാൻ സമയമായി.

മാനേ— തന്നെ ഉറക്കാം. അല്പംകൂടി ക്ഷമിക്കണം. ആ സ്ത്രീ ഇവിടെ എവിടെയോ കാണും.

നഗരാ— പോലീസു് നമ്മോടുകൂടെ ഉള്ളതുകൊണ്ടു് പള്ളിയും പരിസരങ്ങളും ഒന്നുപരിശോധിക്കുകതന്നെ.

മെമ്പർ— ചിലപ്പോൾ ആ കിഴവി പള്ളിയിൽ കയറി പ്രാൎത്ഥിച്ചു മയങ്ങി ഇരുന്നുപോയെന്നുംവരും.

ഗ്രമസ്റ്റൻ— കപ്യാർ ഇവിടെയുണ്ടോ?

ഫാദർ— ഇല്ല.

നഗരാ— എന്നാൽ ഫാദർകൂടി വരണം (റാന്തൽവിളക്കുമായി എല്ലാവരും ദേവാലയത്തിലേക്കു പോകുന്നു.)

കർട്ടൻ

## രംഗം 10. (ദേവാലയം)

(പള്ളിയുടെ സങ്കീർത്തിമുറിയിൽ കത്രീനായുടെ മൃതശരീരം ഒരു കറുത്ത തുണികൊണ്ട് മറവ് ചെയ്തുകിടക്കുന്നു. ഒരു പാദംമറയാതെ പുറത്തേക്കു അല്പം നീണ്ടുകിടക്കുന്നു. പരിശോധന സംഘം റാന്തൽവിളക്കുമായി പ്രവേശിച്ച് ദേവാലയം മുഴുവനും നോക്കുന്നു. അവസാനം കറുപ്പുവസ്ത്രം കാണുന്നു. ഒരു പോലീസുകാരൻ വസ്ത്രം മാററിനോക്കുന്നു. എല്ലാവരും ഭയന്നു ഞെട്ടുന്നു. ഫാദർ ഫ്രാൻസീസിനു വലിയ ഭാവഭേദം ഉണ്ടായില്ല.)

നഗരാ—അയ്യോ! ഇതാ പ്രേതം! പ്രേതം! രക്തത്തിൽ കുളിച്ചുകിടക്കുന്നു. (ഫാദർ ഫ്രാൻസീസ് മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.)

ഗ്രമസ്റ്റ— ഭയങ്കരമായ കൊലപാതകം!

മെമ്പർ— (സൂക്ഷിച്ചുനോക്കുന്നു.) ആരോ കിഴവിയുടെ കഴുത്ത് ഞെരുക്കിയാണ് കുത്തിക്കൊന്നതു്.

നഗരാ— ദ്രവ്യാഗ്രഹം! ദ്രവ്യാഗ്രഹം! പട്ടണത്തിൽ പണാപഹരണം ഉണ്ടെന്നു പറഞ്ഞു എന്നെ പഴിച്ച ഈ പുരോഹിതൻ ഭരണം നടത്തുന്ന ദേവാലയത്തിൽ നാം ഇപ്പോൾ ദർശിക്കുന്നതെന്താണ്?

ഗ്രമസ്റ്റ— ഭയങ്കരമായ കൊലപാതകവും പണാപഹരണവുമല്ലാതെ മറെറാന്നുമല്ല.

മാനേ— പരിശുദ്ധമായ ദേവാലയം ഒരു രക്തപ്പുഴയായല്ലോ! കഷ്ടം!

നഗരാ— ഇവരുടെ ഉപദേശവും പ്രസംഗവും ഭക്തികൃത്യങ്ങളും കണ്ടാൽ ആരും ഇക്കൂട്ടർക്കു സ്തുതി ചൊല്ലിപ്പോകും. എന്നാൽ ആട്ടുംതോൽ ധരിച്ച ചെന്നായ്ക്കളാണിവർ എന്നുള്ള സത്യാവസ്ഥ ലോകം അറിയുന്നില്ല. ഇതറിയിക്കാതെ വിടുകയുമില്ല. ഹേ! സേർ, കത്തനാരച്ചൻ, നിങ്ങളുടെ ജപം നിറുത്തിയാലും. (ഫാദർ മുട്ടിൽനിന്നെഴുനേല്ക്കുന്നു.)

മെമ്പർ— കത്രീനായെ ഞങ്ങൾ കണ്ടു. ഇനി അവിടുന്നു കാണിച്ചുതരണ്ടാ. ഇതിനു സമാധാനം പറഞ്ഞാൽ മാത്രംമതി.

ഗ്രമസ്റ്റ— ദയവായി തൻെറ മുടന്തൻന്യായങ്ങളൊന്നും എഴുന്നള്ളിക്കാതിരുന്നാൽ വലിയ ഉപകാരമായിരിക്കും.

നഗരാ— കപ്യാർപോലും സ്ഥലത്തില്ലാതിരിക്കുന്ന വേളയിൽ ദേവാലയത്തിൽ നടക്കുന്ന അനിഷ്ടസംഭവത്തിനു ആരാണുത്തരവാദി? വികാരിയല്ലേ?

ഫാദർ— വികാരിയുടെ അറിവോടും അനുമതിയോടുംകൂടി നടക്കുന്ന പ്രവൃത്തികൾക്കു മാത്രമേ ഉത്തരവാദിത്വം വഹിക്കാൻ നിവൃത്തിയുള്ളൂ.

മെമ്പർ— തൻെറ തർക്കശാസ്ത്രവും തത്വശാസ്ത്രവുമെല്ലാമൊന്നുമാററിവച്ചിട്ട് ചോദ്യത്തിനുത്തരം പറയണം.

ഗൃഹസ്ഥ— തർക്കിക്കാൻ സമയമില്ലെങ്കിലും ശാസ്ത്രമെല്ലാം ഞങ്ങൾക്കുമറിയാം.

പോലീ— സത്യം പറയിക്കാനുള്ള ശാസ്ത്രം ഞങ്ങൾ പഠിച്ചിട്ടുണ്ട്.

നഗരാ— ഫാദർ ഫ്റാൻസീസ്, നിങ്ങൾ ഈ സംഭവത്തെക്കുറിച്ച് എന്തു പറയുന്നു?

ഫാദർ— എനിക്കൊന്നും പറയുവാനില്ല. മൃതി അടഞ്ഞ കത്രീനാക്കും അവരെ വധിച്ച ഘാതകനുംവേണ്ടി പ്രാർത്ഥിക്കുകമാത്രമേ എനിക്കിനി ചെയ്യാനുള്ളൂ.

നഗരാ— ശവം കുഴിച്ചിടണ്ടേ?

മെമ്പർ— ഒരൊപ്പീസും പാട്ടുകുർബാനയുംകൂടി ചൊല്ലിച്ചാലോ?

ഗൃഹസ്ഥ— അതിനുള്ള ഫീസ് മുമ്പേർ തന്നാൽ സത്യം പറയാമോ?

പോലീ— കത്തനാരച്ചൻ മടിക്കാതെ സത്യം പറയുകയാണു നല്ലതു്. നിങ്ങളുടെ മഹറോൻ ശാപമൊന്നും പോലീസിനെ തൊടുകില്ല.

ഫാദർ— ഞാൻ എന്തുപറയണമെന്നാണു നിങ്ങൾ ആവശ്യപ്പെടുന്നതു്?

നഗരാ— നിങ്ങൾ അല്ലേ ഈ കിഴവിയെ വധിച്ച് പണം അപഹരിച്ചതു്?

ഫാദർ— കഷ്ടം! ഇങ്ങനെ ഒരു ഭയങ്കരപാപം ഞാൻ ചെയ്യുമെന്നു നിങ്ങൾ വിചാരിക്കുന്നോ?

മെമ്പർ— അമ്പോ! ഒരു പുണ്യവാൻ! എത്ര പുച്ഛസന്യാസികളെ ഞാൻ കണ്ടിരിക്കുന്നു.തൻെറ പുച്ഛൊന്നും കാണിക്കണ്ടടോ.

നഗരാ— നിങ്ങൾ അല്ലെങ്കിൽ പിന്നെ ആരെന്നു പറയൂ.

ഫാദർ— എനിക്കു നിവൃത്തിയില്ല.

മാനേ— ഭയപ്പെടണ്ടാ. പറഞ്ഞോളൂ.

ഫാദർ— കൊലപാതകകൃത്യം കാണാത്ത ഞാൻ ആരുടെ പേർ പറയണമെന്നാണു് നിങ്ങൾ ശഠിക്കുന്നതു്? നിങ്ങളിൽ ആരുടെയെങ്കിലുംപേർ പറഞ്ഞാൽ അതു് ശരിയായിരിക്കുമോ?

ഗുമസ്ത—സൂക്ഷിക്കണം. ഈ കത്തനാർജാതി മൂർഖനാണ്. നമ്മോടുള്ള ഇയാളുടെ പക വീട്ടാനുള്ള അവസരം അയാൾ സൃഷ്ടിക്കുന്നതുകണ്ടോ?

ഫാദർ— ഞാൻ നിങ്ങൾ വിചാരിക്കുന്നതുപോലൊരു നികൃഷ്ടനല്ല.

പോലീ— കത്തനാരച്ചാ! നേരം പാതിരാത്രിയായി. ഇനിയെങ്കിലും താൻ സത്യംപറഞ്ഞില്ലെങ്കിൽ ക്ഷയത്തിനു ചികിത്സിക്കേണ്ടിവരും. തന്നെ ഇപ്പോൾ അറസ്റ്റുചെയ്യും. ഘാതകനെ പിടികൂടിയാൽ അന്നേരം വിലങ്ങുവയ്ക്കണമെന്നുള്ളതാണു് ഞങ്ങളുടെ ഡ്യൂട്ടി. പോരെങ്കിൽ തൊണ്ടിസഹിതമാണു് തന്നെ പിടികൂടിയിരിക്കുന്നതു്.

നഗരാ— പരിശോധന മുഴുവൻ തീർന്നശേഷം അറസ്റ്റുചെയ്താൽ മതി. ഫാദർ ഫ്റാൻസീസിനെ ഞാൻ ഇവിടെ സൂക്ഷിച്ചുനിന്നുകൊള്ളാം. നിങ്ങൾ റാന്തലുമായി പോയി ഇതരമുറികൾകൂടി പരിശോധിച്ചിട്ടുവരണം. (മററുള്ളവർ പോകുന്നു.)

ഫാദർ— എന്നെ ഭയപ്പെടാൻ ഒന്നുമില്ല. ഓടി ഒളിക്കുവാൻ ഞാൻ ഒരു കുററക്കാരനോ ഭീരുവോ അല്ല.

നഗരാ— (സസ്നേഹം) അവരെ പറഞ്ഞയയ്ക്കാൻ ഞാൻ ചെയ്ത ഒരു തന്ത്രമെന്നല്ലാതെ വേറൊന്നുമല്ല, പാദർ ഒന്നുകൊണ്ടും വിഷാദിക്കണ്ട. അങ്ങയെ ഞാൻ രക്ഷിച്ചുകൊള്ളാം.

ഫാദർ— എനിക്കൊരു ക്രൂസലുമില്ല. ഞാൻനിരപരാധിയാണു്.

നഗരാ— ഇനി എന്തു പറഞ്ഞാലും അതു ഫലിക്കയില്ല. അർദ്ധരാത്രിവരെ വച്ചുകൊണ്ടിരിക്കാതെ പ്രേതം നേരത്തെ മറവു് ചെയ്യേണ്ടിയിരുന്നു. കക്കാൻ തുടങ്ങുന്നതിനുമുമ്പ് നില്ക്കാനുള്ളമാർഗ്ഗംകൂടി പഠിച്ചിരിക്കണം. സാരമില്ല. ഇനി എന്തുവന്നാലും അങ്ങയെ ഞാൻ രക്ഷിച്ചുകൊള്ളാമെന്നു വാക്കുതരുന്നു.

ഫാദർ— നിങ്ങൾ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല.

നഗരം— (രഹസ്യത്തിൽ) ആ പവൻ അച്ചൻ എടുത്തുകൊണ്ടു് ബാക്കിമുഴുവൻ വേഗംതരണം. പോലീസുകാർക്ക ഒരുവീതം കൊടുത്തുകൊണ്ടു് ഞാൻ പ്രേതം ഉടൻ മറവു് ചെയ്യിച്ചു് ആ സ്ത്രീ പവനുംകൊണ്ടു് എവിടെയോ പമ്പകടന്നെന്നു് പോലീസിനെക്കൊണ്ടു് ഒരു റിപ്പോർട്ടു തയ്യാറാക്കിച്ചു് ഞാനും സാക്ഷിനിന്നു നാളെത്തന്നെ അയപ്പിച്ചേക്കാം. അഥവാ വല്ലവരും കുത്തിപ്പൊക്കി കേസിലായാൽതന്നെയും അച്ചനെ പ്രതിസ്ഥാനത്തുനിന്നു ഒഴിച്ചാൽ മതിയല്ലോ. അതു ഞാൻ ഏററു. കൂടാതെ ഒരു സംഗതികൂടെ അച്ചൻ എനിക്കു ചെയ്തുതരണം. അതായതു് അടുത്തുവരുന്ന തെരിഞ്ഞെടുപ്പിനു് അച്ചൻ എനിക്കു വോട്ടുതരികയും ഇടവകക്കാരെക്കൊണ്ടു് തരുവിപ്പിക്കയുംവേണം. ഈ കൊലപാതകത്തെക്കുറിച്ചു് അച്ചൻ ഒന്നുകൊണ്ടും ഭയപ്പെടണ്ട. അപ്പർതിരിച്ചുവരുന്നതിനുമുമ്പു് അച്ചൻ പോയി പവൻ എടുത്തുകൊണ്ടുവരണം.

ഫാദർ— നിങ്ങൾ എന്നെ തെററിദ്ധരിച്ചിരിക്കുന്നു. എനിക്കൊരു ഹൃദയം ഉണ്ടെന്നു നിങ്ങൾ മനസ്സിലാക്കണം. ആ സാധു സ്ത്രീയെ ഞാൻ വധിച്ചതുമില്ല, പവൻ അപഹരിച്ചതുമില്ല.

നാഗരം— (സഗൗരവം) തന്റെ ഹൃദയം! കഷ്ടം! കണ്ടില്ലേ ഒരു പുണ്യവാന്റെ സുകൃതം! തനിക്കു ഊരുകിട്ടണമെങ്കിൽ മതി. ഒരു ദൂഷിച്ച പുരോഹിതന്റെ ദുഷ്ടത ക്രിസ്തീയസഭയേയും വിശിഷ്യവൈദികകുലത്തേയും മ്ളാനമാക്കുമല്ലോ എന്നോർത്തു് വല്ലവിധേനയും ഒതുക്കിതീർക്കാമെന്നു ഞാൻ വിചാരിച്ചപ്പോൾ താൻ ഒരു പച്ചപരമാത്മിയുടെവേഷം കെട്ടി ആടാൻ പോകയാണല്ലേ? ആക്കു ചേതം? അറസ്ററുവരിച്ചുകഴിയുമ്പോൾ അനുഭവിച്ചറിഞ്ഞുകൊള്ളും. എന്തായാലും ഈ പിച്ചളയാട്ടമൊന്നും ശരിവച്ചുകിട്ടുകില്ല.

(കൊട്ട, കത്തി, തൂവാല മുതലായ സാമാനങ്ങളുമായി പരിശോധനക്കാർ പ്രവേശിക്കുന്നു.)

ഗ്രമസ്ഥ— (ഓരോന്നും എടുത്തുകാണിക്കുന്നു.) ഇതാണു് കൊലയായുധം. ഈ തൂവാലകൊണ്ടാണു് പണക്കിഴി പൊതിഞ്ഞിരുന്നതെന്നു തോന്നുന്നു. ഈ കൊട്ടയിലാണു് പണക്കിഴി കത്രീനാവച്ചുകൊണ്ടിറങ്ങിയതു്. ഇത്രയും സാമാനങ്ങൾ കുശിനിയിൽകിടന്നു കിട്ടി. ഇതിൽ കൂടുതൽ ഇതരതെളിവെന്താണുവേണ്ടതു്?

നഗരാ— (കുപിതനായി) വൈദികലോകത്തിന്റെ മുഖത്തു കരിതേക്കുന്ന കത്തനാരേ! തനിക്കിനിയെങ്കിലും സത്യം പറയരുതോ?

ഫാദർ— സർവ്വശക്തൻ സത്യസ്വരൂപനെങ്കിൽ ഞാൻ സത്യം പറയുന്നതുകൊണ്ടുണ്ടാകുന്ന അപമാനം കാലാന്തരത്തിൽ അന്തരിച്ചുകൊള്ളും. നിങ്ങളുടെ മർദ്ദനനയംമൂലം അർദ്ദിതനാകുന്ന എന്നെക്കൊണ്ട് ഒരു കളവ് പറയിക്കാമെന്നു നിങ്ങൾ വിചാരിക്കേണ്ടാ.

ഗ്രമസ്സു— അരപ്പാ!! കൂസലില്ലാത്ത ഈ കൊലപാതകിയെ കത്തനാരാക്കിയതു്?

മാനേ— മരമറിയാതെ കൊടിയിട്ട മെത്രാൻ വിഷമിച്ചുകൊള്ളും.

നഗരാ— (പോലീസ്കാരനോട്) ദേവാലയംപൂട്ടി മുദ്രവെക്കണം. ഈ കത്തനാരെ അറസ്റ്റുചെയ്തു് പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചുകൊള്ളണം. നേരംപുലർന്നാൽ ചിലപ്പോൾ ഈ നിരപരാധിയെ കണ്ടില്ലെന്നുവരും. വെറുതെയാണോ ഈ സന്യാസി ഉറങ്ങാതിരുന്നതു്? അരമണിക്കൂർകൂടി കഴിഞ്ഞിരുന്നെങ്കിൽ പ്രേതം മറവുചെയ്തുപോകുമായിരുന്നു. നാളെ ഞാനുംകൂടി വന്നിരുന്ന് മഹസർ തയ്യാറാക്കിക്കൊള്ളാം. (പോകുന്നു. പോലീസ് ഫാദറിനെ ബന്ധിച്ചുകൊണ്ടുപോകുന്നു.)

കർട്ടൻ

## രംഗം 11. (ഡിസ്ത്രിക്ട്കോടതി)

(ജഡ്ജി, ശ്രമസ്തൻ, വക്കീലന്മാർ, നഗരാധിപൻ ആദിയായവർ യഥാക്രമം ഇരിക്കുന്നു.)

ശ്രമസ്തൻ— ആയിരത്തി എണ്ണൂററി എൺപത്തെട്ടിൽ നൂററി അൻപതാം നമ്പർ കേസിൽ പ്രതി വിക്ടർ ഇടവകവികാരി ഫാദർ ഫ്റാൻസീസ്. (പ്യൂൺ വാതുക്കൽനിന്നു വിളിച്ചു പറയുന്നു)

പ്യൂൺ- അയിരത്തി എണ്ണൂററി എൺപത്തെട്ടിൽ നൂററി അൻപത്തു് പ്രതി വികാരി ഫ്റാൻസീസ്— ഫാദർ ഫ്റാൻസീസ്. (ബന്ധിതനായ ഫാദർ ഫ്റാൻസീസിനെ ഒരു പോലീസുകാരൻ കോടതിയിൽ ഹാജരാക്കി ക്കൂട്ടിൽ കയററി നിറുത്തുന്നു.)

ജഡ്ജി- അഞ്ചെട്ടു സാക്ഷികളെ വിസ്തരിച്ചുകഴിഞ്ഞു. ഇനി വാദിഭാഗം തെളിവിലേക്കു സാക്ഷികൾ ആവശ്യമില്ല.

സർക്കാർ വക്കീൽ- ഫാദർ ഫ്റാൻസീസിൻെറ ഒരു ഭൃത്യയായ സൂസന്നയെന്ന ഒരു കിഴവിയെക്കൂടി വിസ്തരിക്കേണ്ടതായിട്ടുണ്ടു്. ആ സ്ത്രീ കോടതിയിൽ വന്നിട്ടുണ്ടു്.

ജഡ്ജി- എന്തിനാണു് വകതിരുവില്ലാത്ത കിഴവികളെ ഉപദ്രവിക്കുന്നതു്? കോടതിയെന്നു കേട്ടാൽ ഭയന്നു ഞെട്ടുന്ന സ്ത്രീകളുടെ മൊഴികൊണ്ടു് ഒരു ക്രട്ടക്കം ഗുണം വരാനില്ല.

ജോൺവക്കീൽ- (എഴുന്നേററു്) എൺപതു വയസ്സുകഴിഞ്ഞ ഒരു പടുകിഴവിയെ ആണു് സമൻസയച്ചു വരുത്തിയിരിക്കുന്നതു്. മേലാൽ വൃദ്ധകളെയെങ്കിലും ഉപദ്രവിക്കാതിരുന്നാൽ കൊള്ളാം.

സർ. വ— സാക്ഷി വന്നിട്ടുള്ള സ്ഥിതിയ്ക്കു വല്ലതും രണ്ടു വാക്കെങ്കിലും ചോദിച്ചുവിടുകയാണു വേണ്ടതു്.

ജഡ്ജി- അനുവദിച്ചിരിക്കുന്നു.

ശ്രമസ്തൂ—വാദിഭാഗം എട്ടാം സാക്ഷി സൂസന്ന മരിയാ. (പ്യൂൺ വിളിച്ചുപറയുന്നു.)

പ്യൂൺ- വാദിഭാഗം എട്ടു സാക്ഷി സൂസന്ന മറിയാ. (വയോവൃദ്ധയായ സൂസന്നായെ ഒരു പോലീസുകാരൻ കോടതിയിലേക്കാനയിക്കുന്നു. വകതിരുവില്ലാതെ സർവ്വരേയും ശകാരിച്ചുകൊണ്ടു് സൂസന്ന വടിയുമൂന്നി പ്രവേശിക്കുന്നു,)

സൂസന്ന— എൺപത്താറു കഴിഞ്ഞ എന്നെ പിടിച്ചുകൊണ്ടുവരാൻ പോലീത്തുകാരെ പറഞ്ഞയച്ചാൻ നിങ്ങൾക്കെന്താണു കാര്യം? എന്റെ മക്കടെ മക്കടെ പ്രായമില്ലാത്ത നിങ്ങളാണോ കുഴിയിലേക്കു കാലുനീട്ടിയിരിക്കുന്ന എന്നെ വലിച്ചുകൊണ്ടുവരാൻ കാലനെ പറഞ്ഞുവിട്ടത്. നിങ്ങൾക്കൊക്കം അമ്മൂമ്മത്തള്ളമാരില്ലേ? തൈവത്തെ ഓർത്തു ഈ വയത്തുകാലത്തു ഞാൻ ഒന്നിനേയും ചപിച്ചുവിടുന്നില്ല.

ജഡ്ജി— കിഴവി എന്തിനാണ് കോപിച്ചു ശകാരിക്കുന്നത്?

സൂസന്ന—അതോ, അതു ഞാൻ പറയാം. എനിക്കു നടക്കാൻ വയ്യ. പെറയാതമാ- എന്നൊക്കെ പറഞ്ഞിട്ടു ഈ പോലീത്തുകാരു തമ്മതിച്ചില്ല. അവരെന്നെ മീശപിരിച്ചു കണ്ണുരുട്ടി കാണിച്ചു ഒന്നു ചോദിച്ചാട്ടേ. ഞാൻ എന്നാ കള്ളിയാണോ? കത്രീനായെ കൊന്ന പാപം എന്റെ തലയിൽ കെട്ടിവെക്കാനാണോ? ഒന്നിനും ചൊവ്വില്ല. (നഗരാധിപനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) ഞങ്ങടെ വികാരിഅച്ചനാ അവളെ കൊന്നതെന്ന് നാടൊട്ടുക്കു പച്ചക്കള്ളം പറഞ്ഞു പരത്തിയ ഏമാളിപ്പിള്ളയല്യോ ഈ ഇരിക്കുന്നത്. ഞങ്ങളുടെ വികാരിയച്ചൻ എത്രയോ നല്ലവനാ.

സർ. വ—ഈ വകതിരുവില്ലാത്ത സംസാരം കോടതിയിൽനിന്നു തടയണം.

ജഡ്ജി— എന്തിന്? ആ സ്ത്രീക്കു പറയാനുള്ളതു മുഴുവൻ പറഞ്ഞുതീരട്ടെ.

സൂസന്ന- എന്നെ വലിച്ചിഴച്ചുകൊണ്ടു വന്നതെന്തിനാ. ഞാൻ മുഴുവനും പറയാം. ഇടയ്ക്കാരുമൊന്നും പറഞ്ഞുതരണ്ടാ. (നഗരാധിപനെ ചൂണ്ടിക്കാണിച്ചുകൊണ്ട്) നിങ്ങളുടെ ഒപ്പം അന്തത്തിൽ ഇരിക്കുന്ന ഇവനെ എഴുന്നേല്പിച്ചുവിടണം. അയ്യോ! ഇവൻ ആണ്ടുകുമ്പതാരം കഴിക്കാത്തവനാ. (ചിരി) ചത്താൽ ഇതിനെ ഒക്കെ പട്ടിയെ കുഴിച്ചുമൂടുന്നപോലല്യോ? കഷ്ടം!! ഇവനല്യോ ഞങ്ങളെ പരിക്കുന്ന നരകാതിപൻ! പിന്നെങ്ങിനാ നാടു നന്നാകുന്നത്? എന്നെക്കൊണ്ടെന്തിനു ഉള്ളതു പറയിക്കുന്നു. എന്റെ അയിലോക്കംകാരത്തി ഒരു നല്ല പെൺപിള്ള അല്യോ ഇവന്റെ കെട്ടിയപെണ്ണ്. അയ്യോ! അവളിന്നാള് ഇവന്റെ ഒക്കെ വിശേഷം എന്നോടു പറഞ്ഞതു കേട്ടപ്പം എന്റെ തൊലു

രിഞ്ഞുപോയി. (ചിരി) പോലീത്തുകാരും ഇവനും ഒന്നിച്ചിരുന്ന ല്ലോ മദ്യം കുടിക്കുന്നതു്. കുടിച്ചു കുടിച്ചു തറവാട്ട വെളുത്തുതുട ങ്ങി.

സർ. വ- എന്തിനിതൊക്കെ പറയുന്നു?

സൂസന്ന—പിന്നെന്തിനാ എന്നെ വരുത്തിയതു്? നിങ്ങ ടെ ഒക്കെ ഇഷ്ടം ഒപ്പിച്ച കള്ളം പറയാനാണോ. ആ പോലീ ത്തുകാരുവഴിക്ക ഹോട്ടലിൽ കയറി വയറുനിറച്ചുതിന്നു. എന്നാൽ എനിക്ക തൊള്ളിവെള്ളംപോലും തന്നില്ല.

ജഡ്ജി— ഈ കിഴവിയോട്ട് ഔദാര്യമില്ലാതെ വർത്തി ച്ച പോലീസിന്റെ നടപടി തൃപ്തികരമല്ല.

സർ. വ- പള്ളിമേടയിൽ കത്രീനായെ അന്വേഷിച്ചുവ ന്ന വേലക്കാരനോട്ട് നിങ്ങൾ എന്തു പറഞ്ഞു?

സൂസന്ന- അതാരാ ചോദിച്ചതു്. അച്ചന്റെ വക്കീലാ ണോ?

ജോൺവക്കീൽ- അല്ല, സർക്കാർ വക്കീലാണു്.

സൂസന്ന- പോലീത്തുകാരു വഴിക്കവെച്ചു ഒരു വിസ്താ രം കഴിച്ചു. അച്ചനാണു കൊന്നതെന്നു പറയണമെന്നു അവ രു പറഞ്ഞുതന്നു. ദൈവതോഷം പിഴക്കുകില്ലേ. ഞാൻ കള്ള മൊന്നും പറകില്ല. ഒന്നാമതു നല്ല ഓർമ്മയില്ല.

സർ. വ- ഓർമ്മയുള്ളതു പറഞ്ഞാൽ മതി.

സൂസന്ന- നിങ്ങളൊക്കെ കള്ളന്മാരാ. അല്ലെങ്കിൽ അ ച്ചനെ അറസ്റ്റ്ചെയ്യുമോ?

സർ. വ—ചോദ്യത്തിനുത്തരം പറഞ്ഞാൽ മതി.

സൂസന്ന—പിന്നെ ഞാൻ പറയുന്നതൊക്കെ എന്നതാ. തനിക്ക കേൾക്കാൻ മേലേ? (ചിരി)

സർ. വ—വേലക്കാരനോടെന്തുപറഞ്ഞു?

സൂസന്ന—ഞാൻ എന്തോ പറയാനാ. അവൾക്ക വല്ല തോഷവും വന്നേക്കുമോ എന്നു മാത്രം.

സർ. വ— അങ്ങനെ സംശയിക്കുവാനുള്ള കാരണ മെന്തു്?

സൂസന്ന—ആ പാപസന്മാരു കുടിയുംകഴിഞ്ഞു ആടിനടക്കു ന്ന വഴിയിൽക്കൂടെയല്ലേ അവൾ പണവുംകൊണ്ടു പോയതു്. കണ്ടില്ലേ അതിന്റെ അനുഭവം.

സർ. വ— ഈ പട്ടണത്തിൽ മദ്യപാനികളുണ്ടോ?

സൂസന്ന — ആ കൊള്ളാം. ഈ ഇരിക്കുന്ന് നരകമൂപ്പൻ നന്നല്ല. പിന്നെ ചൊവ്വുള്ള ഒന്നിനെ നരകത്തിൽ കാണുമോ? (ചിരി)

സർ. വ — കത്രീനാ പണവുംകൊണ്ടു പോകുന്ന വിവരം നിങ്ങൾ ആരോടെല്ലാം പറഞ്ഞു.

സൂസന്ന— ഞാൻ അത്ര വായാടി ഒന്നുമല്ല.

സർ. വ— കത്രീനാ വരുന്നതു കണ്ടോ?

സൂസന്ന— ഞാൻ കണ്ടു.

സർ. വ— എത്ര മണിക്കാണു വന്നതു്?

സൂസന്ന— ഞാനെങ്ങനറിയുന്നു? എനിക്കു മണിയും കിണിയുമൊന്നുമില്ല സാറേ!

സർ. വ — ദേവാലയത്തിൽ മണിയില്ലേ?

സൂസന്ന— എന്നെപ്പോലൊരുകിഴവി പള്ളിമുററത്തു വരുന്നകാണുമ്പോൾ ഓടിച്ചെന്നു പള്ളിമണി അടിക്കാൻ ഞാൻ എന്നാ ഭ്രാന്തിയാണോ? (ചിരി) മെത്രാൻ വന്നാലെ മണി അടിക്കാവൂ. അല്ലെങ്കിൽ ആ ജോൺവക്കീലിനോടു ചോദിച്ചേ?

സർ. വ— കത്രീനായുടെ കൈയിൽ ഒരു കൊട്ട ഉണ്ടായിരുന്നോ?

സൂസന്ന — ഏതാണ്ടുണ്ടോന്നു.

സർ. വ— കത്രീനായെ വധിച്ചതു് ആരെന്നുവേണം വിചാരിക്കാൻ.

സൂസന്ന— പണം തട്ടിക്കൊണ്ടു പോകാൻ വന്ന വല്ല ചാത്തനും ആയിരിക്കും. (ചിരി)

സർ. വ— അങ്ങനെ ഒരു ജീവിയുണ്ടോ?

സൂസന്ന— ഉണ്ടു്. അവൻ ക്രൂട്ടക്രൂടീട്ടല്ല്യോ കുമ്പതാരിക്കാതെ നടക്കുന്നതു്.

ജഡ്ജി— കിഴവി പൊയ്ക്കോൾക.

സൂസന്ന— എനിക്കു ഒററയ്ക്കുപോകാൻ വയ്യാ.

ജഡ്ജി — പോലീസ് ഈ വൃദ്ധസ്ത്രീയെ ഭവനത്തിൽ കൊണ്ടാക്കട്ടേ.

സൂസന്ന— എടോ പോലീസുകാരാ, യശമാനൻ കല്പിച്ചതു കേട്ടില്ലേ? എൻെറ കൈക്കൊന്നു പിടിച്ചേ. (പോലീസുകാരൻ കൈക്കു പിടിച്ചു നടത്തിക്കൊണ്ടു പോകുന്നു.)

ജഡ്ജി — (പ്രതിയോട്) ഈ അന്യായം സത്യമാണോ?

ഫാദർ— സംഭവങ്ങളെല്ലാം സത്യവും അനുമാനം അസത്യവുമാണ്.

ജഡ്ജി— കത്രിനായുടെ അപ്രത്യക്ഷതയെക്കുറിച്ച് നിങ്ങളോട് സംസാരിച്ചവർ ആ സംഭവം നിങ്ങൾ നേരത്തെ അറിഞ്ഞിരുന്നതുപോലെ അവർക്കു തോന്നി എന്ന് അഭിപ്രായപ്പെടുവാൻ കാരണമെന്തു്?

ഫാദർ— കൊലപാതകി വിവരം എന്നെ ധരിപ്പിക്കാതെ ഞാൻ എങ്ങനെ അറിയുമെന്നാണ് അവിടുന്നു വിചാരിക്കുന്നതു്?

ജഡ്ജി— എൻെറ ചോദ്യം മറയ്ക്കുവാൻ ശ്രമിക്കുന്നു. ഈ കൃത്യം നിങ്ങൾ നേരത്തെ അറിഞ്ഞിരുന്നോ?

ഫാദർ— സാക്ഷികളുടെ മൊഴി വിശ്വാസയോഗ്യമെങ്കിൽ ഘാതകൻമൂലം ഞാൻ അറിഞ്ഞിരിക്കണം. അല്ലെങ്കിൽ ആ പാതകം ഞാൻതന്നെ ചെയ്തിരിക്കണം. എന്നാൽ ഞാൻ നിർദ്ദോഷിയാണ്.

ജഡ്ജി— മൃതശരീരം മൂടിയിരുന്ന കരിപ്പുശില മാററിയപ്പോൾ നിങ്ങൾക്കു പറയത്തക്ക ഭാവഭേദമൊന്നുമില്ലായിരുന്നെന്ന് നഗരാധിപൻ തന്നെ സാക്ഷിച്ചിരിക്കുന്നു.

ഫാദർ— പ്രേതത്തിൻെറ പാദങ്ങൾ മറവുചെയ്യപ്പെടാതെ പുറത്തേയ്ക്കു നീണ്ടുകിടക്കുന്നതു് ഞാൻ നേരത്തെ കണ്ടു.

ജഡ്ജി—ലൂസർ ദേവാലയത്തിൽ ഉണ്ടായിരുന്നോ?

ഫാദർ— എനിക്കറിഞ്ഞുകൂടാ.

സർ. വ—ലൂസർ സ്ഥലത്തില്ലായിരുന്നെന്ന് ഫാദർ തന്നെ മൊഴി തന്നിരിക്കുന്നതിനാൽ അയാളെ ഒരു തരത്തിലും സംശയിക്കുവാൻ പാടില്ല.

ജഡ്ജി—ഇക്കാര്യത്തിൽ നിങ്ങൾ ആരെ സംശയിക്കുന്നു.

ഫാദർ—സ്പഷ്ടമായ തെളിവില്ലാതെ ഞാൻ ആരേയും ഇക്കാര്യത്തിൽ സംശയിക്കയില്ല.

സർ. വ— ഘാതകൻ അന്യനെങ്കിൽ കൊലയായുധം ആദിയായ നിങ്ങളുടെ സാമഗ്രികൾ പള്ളിയിൽ ഇടാതെ കുഴിനിയിൽ കൊണ്ടെ മറവുചെയ്യണമെന്നുണ്ടോ?

ഫാദർ— ഘാതകൻെറ ഉദ്ദേശം എന്തായിരുന്നെന്ന് എനിക്കറിഞ്ഞുകൂടാ.

ജോൺ വ—ഫാദർ ഫ്റാൻസിസാണ് യഥാത്ഥ ഘാതകനെങ്കിൽ ആ പ്രേതവും സാമഗ്രികളും മറവുചെയ്യാതെ വച്ചു സൂക്ഷിക്കമായിരുന്നോ? ഫാദർ ഫ്റാൻസീസിൻെറ മേൽ കൊലപാതകക്കററം ആരോപിക്കപ്പെടുവാൻ വേണ്ടി ഘാതകൻ ചെയ്ത ഒരു തന്ത്രമായിരുന്നു അത്.

ജഡ്ജി—നിങ്ങളുടെ ഒരഭ്യുദയകാംക്ഷി എന്ന നിലയിൽ എനിക്കു പറയാനുള്ളത് ഫാദർ കുററം ഏററുപറഞ്ഞ് പശ്ചാത്തപിക്കണമെന്നുള്ളതാണ്. മരണശിക്ഷയിൽനിന്നു നിങ്ങളെ രക്ഷിക്കുവാൻ ഇതല്ലാതെ മറെറാരുമാൎഗ്ഗവും ഞാൻ കാണുന്നില്ല.

ഫാദർ—ഞാൻ നിരപരാധിയാണെന്നുള്ള പരമാത്ഥം മാത്രമേ എനിക്കു പറയുവാനുള്ളു.

ജഡ്ജി— വിധി പറയുന്നതിനായി കേസ് മാററിവച്ചിരിക്കുന്നു.

കർട്ടൻ.

## രംഗം 12. (തെരുവ്.)

(തെരുവിൽനിന്നു രണ്ടുപേർ സംഭാഷിക്കുന്നു)

വില്ല്യം—സ്നേഹിതാ, ഇത്തരത്തിലാണോ ഒരു പട്ടക്കാരനേ ചീത്തയാക്കുന്നതു്? ഇരിക്കുന്ന കമ്പു വരയുന്ന ഇവന്മാരെ ഒക്കെ കടലിൽ കെട്ടിത്താക്കണം.

ഹെൻട്രി— അഭിമാനവും ആഭിജാത്യവുമില്ലാത്ത നഗരാധിപൻെറ മുഴപ്പും കൊഴപ്പും കണ്ടു് 'മഹറോൻ' ചൊല്ലിവിടാതെ അവനെ വെച്ചുകൊണ്ടിരുന്നതിനു വികാരി അച്ചനു കൊടുത്ത സമ്മാനം കണ്ടില്ലേ. അദ്ദേഹത്തെ തൂക്കിക്കൊല്ലുന്ന വരെ അവൻ അടങ്ങുകില്ല. സാധുവായ വൈദികൻെറ മേൽ ആരോപിക്കുന്ന കുററത്തിനു ഒരവുതിയുമില്ല.

വില്ല്യം—അയാൾക്കിത്ര ശത്രുത വരാൻ കാരണമെന്തു്?

ഹെൻട്രി— നിരീശ്വരവാദികൾക്കു മതം കാണുമ്പോൾ മനംമറിച്ചിലുണ്ടാകും. മതത്തേയും മതാദ്ധ്യക്ഷന്മാരേയും ലോകത്തിൽ നിന്നോടിക്കാനല്ലേ അവർ പണിപ്പെടുന്നതു്. സമുദായങ്ങളെ തമ്മിൽതല്ലിക്കണം. ക്രിസ്തീയസ്ഥാപനങ്ങൾ കവൎന്നെടുത്തു് വൈദികരേയും കന്യാസ്ത്രീകളേയും കരകടത്തി നിൎമ്മതം പ്രചരിപ്പിക്കണം. ഇതൊക്കെയാണു് നഗരാധിപൻ മുതൽപേരുടെ ദൃഢനിശ്ചയം. പിന്നെ എങ്ങിനെ ഈ നാട്ടിൽ സമാധാനമുണ്ടാകും?

വില്ല്യം— പത്രമാസികകൾ വായിക്കാറുണ്ടോ? എന്തുമാത്രം അവാസ്തവപ്രസ്താവനകളാണു് അനുദിനം എഴുതിവിടുന്നതു്?

ഹെൻട്രി— എന്തിനിതൊക്കെ വായിക്കുന്നു. നാട്ടിൽ നടക്കുന്ന വാൎത്തകളൊന്നുമല്ല ഇപ്പോഴത്തെ ചില പത്രങ്ങളിൽ കാണുന്നതു്. മൎയ്യാദയില്ലാത്ത പദങ്ങൾ പ്രയോഗിച്ചു ഫാദർ ഫ്രാൻസീസിനെ തന്നെയല്ല വൈദികലോകത്തെ ഒന്നാകെ അവഹസിക്കുന്ന പ്രസിദ്ധീകരണങ്ങൾ വീട്ടിൽവച്ചു വായിക്കാൻ കൊള്ളുന്നതല്ല.

വില്ല്യം— ചോദ്യംചെയ്യാൻ ആരുമില്ലേ?

ഹെൻട്രി— ചോദിക്കാനുള്ളവരല്ലേ എഴുതിക്കുന്നതു്? പോരെങ്കിൽ സാധുക്കളുടെ പിടിച്ചുപറിച്ചെടുക്കുന്ന പണം ആവശ്യംപോലെ സംഭാവന ചെയ്യുന്നുമുണ്ടു്.

(മൈക്കൾ പ്രവേശിക്കുന്നു)

വില്യം– മിസ്റ്റർ മൈക്കൾ! നിങ്ങളെ കണ്ടിട്ട് ഒരാഴ്ച കഴിഞ്ഞല്ലോ.

മൈക്കൾ– എന്റെ സ്നേഹിതാ! ഞാൻ ഒളിച്ചുനടക്കുകയാണ്.

ഹെൻട്രി– നിങ്ങളും പ്രതിസ്ഥാനത്താണോ?

മൈക്കൾ– എങ്കിൽ എത്ര നന്നായിരുന്നു.

വില്യം– ഒരു കൊലപാതകം നാട്ടിൽ ഉണ്ടായെന്നു വിചാരിച്ച് ഒളിച്ചു നടക്കാറുണ്ടോ?

മൈക്കൾ– എന്തുചെയ്യാം! ചിലപ്പോൾ ഒളിക്കാതെ ഗത്യന്തരമില്ല. നാലഞ്ചുപ്രാവശ്യം നഗരാധിപൻ എനിക്കു നല്ല ഒരു ഉദ്യോഗം തരുവിക്കാമെന്നു പറഞ്ഞു ആളയച്ചിരുന്നു.

ഹെൻട്രി– എത്രമാസത്തെ ശമ്പളം നഗരാധിപനു കൈക്കൂലി കൊടുക്കണം.

മൈക്കൾ– അതൊന്നുംവേണ്ട. വികാരിഅച്ചൻ കത്തിയുമായി നില്ക്കുന്നതുകണ്ടെന്നു ഒരു വാചകംപറഞ്ഞാൽ മാത്രം മതി.

വില്യം– കരംതീരുവ ഉള്ളവരെകൊണ്ടു കള്ളസാക്ഷി പറയിപ്പിക്കാനാണ് അയാളുടെ അടുത്ത ശ്രമം.

മൈക്കൾ— ഏതായാലും അയാൾതരുന്ന ഉദ്യോഗം മോഹിച്ച് എന്റെ മനസ്സാക്ഷിയെ വധിക്കാൻ ഞാൻ തയ്യാറില്ല.

ഹെൻട്രി– കേസിൽ അച്ചനുവല്ലഗുണവും കിട്ടുമോ?

മൈക്കൾ– യാതൊരു രക്ഷയുമില്ല. ആ പരിശുദ്ധനായ പട്ടക്കാരനെ തൂക്കാൻതന്നെ വിധിക്കും. മൃതശരീരം മറവ് ചെയ്യുവാൻ തുടങ്ങിയപ്പോഴാണ് പോലീസുമായി താൻ ചെന്നതെന്നു ആ നശിച്ച നഗരാധിപൻ മുറസ്സു സാക്ഷിഎഴുതി. പോരെങ്കിൽ സ്വാധീനശക്തി പ്രയോഗിച്ചും ഭയപ്പെടുത്തിയും നാലഞ്ചുകള്ള സാക്ഷികളെക്കൊണ്ടും മൊഴികൊടുപ്പിച്ചു. സൂസന്നായെ വിസ്തരിച്ചു. ആ കിഴവി അയാളെ അവിടെ ഇരുത്തി തോലുരിച്ചാണ് വിട്ടതു്. എന്നാലും ഫാദർ ഫ്റാൻസീസിനെ തൂക്കാൻ ഒരു വിധി ഉണ്ടാകുന്നതുവരെ ആ നഗരാധിപൻ കച്ചേരിയിൽനിന്നിറങ്ങുകില്ല. സാക്ഷിമൊഴി വല്ലതും പിശകിയാൽ അതു് തിരുത്തി ശരിപ്പെടുത്താൻ വിസ്താരഗുമസ്തനു് നല്ല തുക കൊടുത്തിട്ടുണ്ടു്.

വില്യം— ഈ നിർമ്മതക്കാക്ക് ക്രിസ്തീയസമുദായാഭിവൃദ്ധിയിൽ ഉള്ള കണ്ണികൂടി കുറെച്ചൊന്നുമല്ല.

ഹെൻട്രി— നാം കണ്ണടച്ചിരുന്നു. നിരീശ്വരവാദികൾ ഭരണാധികാരികളുമായി. എന്തുചെയ്യാം.

മൈക്കൾ — ഇനി എങ്കിലും ശിരസ്സുയർത്തിയാൽ കൊള്ളാം.

വില്യം— വികാരിയച്ചനെ ഇതിൽനിന്നു രക്ഷിക്കാൻ വല്ല മാൎഗ്ഗവുമുണ്ടോ?

ഹെൻട്രി—ജോൺ വക്കീൽ മുറസ്സു വാദിക്കുന്നില്ലേ?

മൈക്കൾ— വാദിച്ചതുകൊണ്ടു ഗുണമൊന്നും വരാനില്ല. ആയിരം പവൻ നഗരാധിപനും ഒരു രത്നമാല അയാളുടെ ആട്ടമ്മോഹിനിക്കും കൊടുക്കാമെങ്കിൽ നാളെ അച്ചനെ ഇറക്കിക്കൊണ്ടുപോരാം.

വില്യം— കൈക്കൂലി കൊടുത്തിട്ടു രക്ഷപെടുത്തേണ്ടാ.

ഹെൻട്രി—തൂക്കിക്കൊല്ലുവാൻ വിധിയുണ്ടായാൽ മരണശിക്ഷയിൽനിന്നു മാത്രമെങ്കിലും അദ്ദേഹത്തെ രക്ഷിക്കണമെന്നു കാണിച്ച് ഒരുലക്ഷംപേരുടെ ഒപ്പുമായി ഗവമ്മെണ്ടിലേക്കു ഒരു ഹൎജ്ജി അയച്ചാൽ വല്ല ഗുണവും കിട്ടാതെവരുമോ.

മൈക്കൾ— ചിലപ്പോൾ ഗുണം വല്ലതും കിട്ടിയേക്കും. എന്നാൽ ആ നശിച്ച നഗരാധിപൻ ഇതൊന്നും അറിയരുത്.

വില്യം— അയാൾ അറിയാതെ ഹൎജ്ജിഅയയ്ക്കാൻ സാധിക്കും.

മൈക്കൾ— ഒരുമാസംമുമ്പ് പ്രതിക്കു കുററപത്രം കൊടുത്തുകഴിഞ്ഞു. നാളെയാണ് വിധിപ്രസ്താവിക്കുന്നത്.

ഹെൻട്രി-നാളെ നമുക്കെല്ലാവക്കും കച്ചേരിയിൽ ഹാജരാകണം. ജോൺ വക്കീലുമായി ആലോചിച്ച് ഹൎജ്ജി തയ്യാറാക്കണം.

മൈക്കൾ— അങ്ങനെതന്നെ. (എല്ലാവരും പോകുന്നു.)

കർട്ടൻ.

---

## രംഗം 13 (കോടതി—തുടർച്ച)

ജഡ്ജി— ഈ കേസിൽ കപ്യാർകൂടി ഉൾപ്പെട്ട കാണമെന്നു തോന്നുന്നു.

സക്കാ. വ.— ഒരിക്കലുമില്ല. സ്ഥലത്തില്ലാതിരുന്ന ലൂസറിന്റെമേൽ എങ്ങിനെ കുററമാരോപിക്കാം. ലൂസർ തീവണ്ടിയിൽ കയറിയതു് കണ്ടതായി പലരും മൊഴി കൊടുത്തിരിക്കുന്നു. ഫാദർ ഫ്റാൻസിസുതന്നെ കപ്യാരെ കണ്ടില്ലെന്നു പറയുന്നു.

ജഡ്ജി— എന്നാൽ ഈ കേസിൽ എന്തോ രഹസ്യമുണ്ടു്.

സ. വ.— രഹസ്യമെന്തും ആയികൊള്ളട്ടെ. തെളിവനുസരിച്ചു് വിധി എഴുതുകയെന്നുള്ളതാണു് നീതിന്യായ കോടതിയുടെ ധർമ്മം. കൊലപാതകത്തിനു് പ്രതിയെ പ്രേരിപ്പിച്ചരഹസ്യം അയാളുടെ ദ്രവ്യാഗ്രഹമല്ലാതെ മററൊന്നുമല്ല.

ജോൺവ.— ചിന്തകനായ ഒരുവക്കീൽ ഇങ്ങനെ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ നില്ക്കുന്ന പ്രതി ഒരു ദ്രവ്യാഗ്രഹിയായിരുന്നെങ്കിൽ ആ പണം അപഹരിക്കുവാൻ കണക്കിൽ വല്ല ഭേദഗതിയും വരുത്തിയാൽ മാത്രം മതിയായിരുന്നു. ഒരു കൊലപാതകം നടത്തേണ്ട ആവശ്യം തനിക്കില്ലായിരുന്നു.

സക്കാ. വ. — ഇതരതെളിവുകൾക്കെന്തു സമാധാനമാണു പറയുവാനുള്ളതു്.

ജോ. വ. — ഫ്റാൻസിസാണു് കൊലപാതകം നടത്തിയതെന്നു് ഇതുവരെ തെളിഞ്ഞിട്ടില്ല. കൃത്യം കണ്ടതായി ഒരു സാക്ഷിയും മൊഴി പറഞ്ഞിട്ടില്ല. ഊഹിച്ചുപറയുന്ന തെളിവുകൾ അടിസ്ഥാനമാക്കി ഒരു വൈദികനിൽ കൊലക്കുററം ആരോപിക്കുവാൻ നീതിന്യായ കോടതിക്കു പാടുള്ളതല്ല.

സക്കാ. വ. — നഗരാധിപന്റെ അഭിപ്രായത്തിനു വിലയില്ലെന്നാണോ നിങ്ങൾ വാദിക്കുന്നതു്?

ജോ. വ. — നഗരാധിപന്റെ വ്യക്തിമാഹാത്മ്യം വാദിഭാഗത്തുനിന്നുതന്നെ ഹാജരാക്കിയ എട്ടാം സാക്ഷി സൂസന്ന എന്ന വൃദ്ധസ്ത്രീ കോടതിക്കു വ്യക്തമാക്കികൊടുത്തതു് നിങ്ങൾ വിസ്മരിച്ചു കാണുകില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

സക്കാ. വ. — ആ സ്ത്രീ ഒരു ഭ്രാന്തിയാണു്.

ജോ. വ. — നിങ്ങൾ ഹാജരാക്കിയ സാക്ഷികളിൽ ഭ്രാന്തില്ലാത്തവരുടെ ലിസ്റ്റ് തരണം. (ചിരി)

ഫാദർ ഫ്റാൻസീസിൻെറ കത്തി മുതലായ സാധനങ്ങൾ കുശിനിയിൽനിന്നെടുത്തുകൊണ്ടും പ്രേതം ദേവാലയത്തിൽ കിടക്കുന്നതായി കണ്ടതുകൊണ്ടും ഫാദർ ഫ്റാൻസിസ് തന്നെയാണ് ഘാതകനെന്ന് അനുമാനിക്കുന്നതു് ഭ്രാന്തിൻെറ ലക്ഷണമാണ്.

സക്കാ. വ. പുറത്തുനിന്നുവരുന്ന ഘാതകനു വേറൊരു കത്തി കിട്ടുകില്ലെന്നുണ്ടോ.

ജോ. വ. — പുറത്തുനിന്നു വരുന്ന ഒരുവന് ഫാദർ ഫ്റാൻസീസിൻെറ കത്തി എടുക്കാൻ പാടില്ലെന്നുണ്ടോ? ഒരു ചിന്തകനായ ഘാതകൻ ഒളിവിൽ ചെയ്യുന്നകൃത്യം നല്ല മുൻകരുതലോടുകൂടിയായിരിക്കുമെന്നു മനസ്സിലാക്കണം. ഫാദർ ഫ്റാൻസിസിനെ സംശയിച്ചു് അറസ്റ്റ് ചെയ്യുവാനുണ്ടായതിൻെറ യാഥാർത്ഥ്യവുമതല്ലാതെ മററെന്താണ്. ഈ പ്രതിതന്നെയാണ് ഘാതകനെങ്കിൽ നിശ്ചയമായും അദ്ദേഹം കത്തിമുതലായതും പ്രേതവും നേരത്തെ മറവു് ചെയ്യുമായിരുന്നു.

സക്കാ. വ. — പ്രേതം മറവുചെയ്യുവാൻ വേണ്ടിയാണ് അർദ്ധരാത്രിവരെ പ്രതി ഉറങ്ങാതിരുന്നതു്.

ജോ. വ. — പ്രേതം മറവ് ചെയ്യുവാനുള്ളവരാണോ ഉറക്കമൊഴിഞ്ഞിരിക്കുന്നവരെല്ലാം. അങ്ങനെ എങ്കിൽ നഗരാധിപപ്രവൃത്തികൾക്കു എത്ര പ്രേതം മറവ് ചെയ്യുവാനുണ്ടായിരുന്നു. രാപകൽ പരിശോധന നടത്തിയിട്ട് പ്രതി അപഹരിച്ചെന്നു പറയുന്ന 480 പവനിൽ ഒന്നെങ്കിലും കിട്ടിയതായി പോലീസ് മൊഴിതന്നിട്ടുമില്ല, ഹാജരാക്കിയിട്ടുമില്ല.

സക്കാ. വ. — പവൻ കടലിൽ എറിഞ്ഞു കാണും.

ജോൺ. വ. — ദ്രവ്യാഗ്രഹികൾ പവൻ കടലിലാണോ സൂക്ഷിക്കുന്നതു്?

സക്കാ. വ. — നിരപരാധിയുടെ കുപ്പായത്തിൽ എങ്ങനെ രക്തം കാണും.

ജോ. വ. — ദേവാലയത്തിൽ മുട്ടുന്നി പ്രാർത്ഥിച്ചപ്പോൾ കുപ്പായത്തിൽ രക്തം പുരണ്ടു. അതു പരമാർത്ഥം മാത്രമാണെന്നു ഗ്രഹിക്കണം. ഒരു കൊലപാതകം നടത്താൻ നേരത്തെ കരുതിതയ്യാറായി ചെല്ലുന്ന വൈദികൻ നിശ്ചയമായും കുപ്പായം ധ

രിച്ചിരിക്കയില്ല. പ്രച്ഛന്ന വേഷധാരിയായിരിക്കുമെന്നു ചിന്തിച്ചാൽ അക്കം മനസ്സിലാക്കാം. വാദത്തിനുവേണ്ടി സമ്മതിച്ചു തന്നാൽതന്നെയും രക്തം പുരണ്ടവസ്ത്രം ഘാതകൻ മറവ് ചെയ്യാതിരിക്കുമോ?

പ്രേതം കാണുമ്പോൾ ഭയന്നുഞെട്ടാത്തവൻ ഘാതകനാണെന്നൊരു മുടന്തൻ ന്യായം വലിച്ചുനീട്ടികൊണ്ടുള്ള വാദി വക്കീലിൻെറ വാദകോലാഹലം അക്ഷേപാർഹമായ ഒന്നാണെന്ന് അദ്ദേഹം ധരിച്ചിരുന്നാൽ കൊള്ളാം. ബാലിശമായ ഈ ന്യായം കോടതിക്കു സ്വീകാര്യമെങ്കിൽ ധൈര്യമുള്ള പുരുഷന്മാർക്കെല്ലാം ഉടൻ അറസ്റ്റ്വാറണ്ടെഴുതാമല്ലോ. മറയപ്പെടാതിരുന്ന മൃതശരീരത്തിൻെറ പാദങ്ങൾ ഫാദർ നേരത്തെ കണ്ടെന്നുപറയുന്നസ്ഥിതിക്കു അത്ര അധികമൊന്നും അവിടെനിന്നു ഭയന്നുതുള്ളാനില്ല. കൊലക്കുററം ചുമത്തിയിരിക്കുന്ന വന്ദ്യവൈദികൻെറ മുഖത്തു ഇപ്പോഴും യാതൊരു ഭാവഭേദവുമില്ലാത്തതിൻെറ രഹസ്യം അദ്ദേഹത്തിൻെറ നിരപരാധിത്വമല്ലാതെ മറെറന്താണ്? വെറും ബാലിശമായ രേഖകളെ അടിസ്ഥാനമാക്കി സക്കാർവക്കീൽ വാദം മുഴക്കുന്നു. എന്നാൽ അതൊന്നും ആധാരമാക്കി ഫാദർ ഫ്റാൻസിസിൻെറമേൽ കൊലക്കുററം ആരോപിക്കുവാൻ പാടുള്ളതല്ല. അദ്ദേഹം നിർദ്ദോഷിയാണ്. (ഇരുന്നു.)

സക്കാ. വ. — ദേവാലയത്തിൽവെച്ചു കൊലപാതകം നടന്നെന്നു സർവ്വരും സമ്മതിക്കുന്നു. എന്നാൽ ദേവാലയത്തിലും അതിൻെറ പരിസരങ്ങളിലും ഫാദർ ഫ്റാൻസിസല്ലാതെ മററാരുമില്ലാതിരുന്ന സ്ഥിതിക്കു ഈ സംഭവം ഫാദർ ഫ്റാൻസിസിൻെറ അറിവോടുകൂടി നടന്നതല്ലെന്നു പറഞ്ഞാൽ അതു് വിശ്വസിക്കുന്ന നീതിന്യായകോടതി ഇതല്ലെന്നു് പ്രതിവക്കീൽ ധരിച്ചാൽ കൊള്ളാം. അനുമാനം തെററുവാൻ പാടുണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ മറെറാരു തരത്തിൽ അനുമാനിക്കുവാൻ മാർഗ്ഗമില്ലാത്തപ്പോൾ നമ്മുടെ ഊഹം പ്രമാദരഹിതമാണെന്നു ന്യായവാദം ചെയ്യുന്നതിൽ എന്തു് അബദ്ധമാണുള്ളതു്? തൻെറ കുപ്പായത്തിൽകണ്ടരക്തം താൻതന്നെ ഘാതകനാണെന്നു പ്രഖ്യാപനം ചെയ്യുന്നു. പ്രതിവക്കീൽ പറയുന്നതുപോലൊരു പ്രച്ഛന്നവേഷത്തിൻെറ ആവശ്യം ഒരു കിഴവിയെ ആരുമില്ലാത്ത അവസരം നോക്കി വധിക്കുന്ന ഘാതകനു ഉണ്ടെന്നു തോന്നുന്നില്ല. കത്രീനായെ ദേവാലയത്തിൽ

വച്ച്വധിച്ച് പവൻ അപഹരിച്ച കൊലപാതകി ഈ നില്ക്കുന്നവികാരി ഫാദർ ഫ്റാൻസീസല്ലാതെ മററാരുമല്ല. വൈദികകുലത്തിൻെറ അഭിമാനവും പാവനതയും ക്ഷതപ്പെട്ടത്തിയ ഈ പ്രതി കോടതിയുടെ ദാക്ഷിണ്യത്തിനു ഒരിക്കലും വിധേയനല്ല. (ഇരിക്കുന്നു)

ജഡ്ജി— അവധാനപൂർവ്വം വിചിന്തനം ചെയ്തു എനിക്കും ന്യായാനുസാരം മരണശിക്ഷയ്ക്കു വിധിഎഴുതുക എന്നുള്ളതാണ് ഇനിചെയ്യുവാനുള്ളത്. എന്നാൽ അതിനുമുമ്പായി പ്രതിക്കു വല്ലതും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അയതിനു സമയം നൽകുന്നു.

ഫാദർ— എൻെറമേൽ കൊലപാതകക്കുററം സ്ഥാപിച്ചുകിട്ടുവാൻ പ്രയത്നിക്കുന്ന പ്രതിയോഗികളെ ഞാൻ സ്നേഹിക്കുകയും അവക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ ദുഷ്കർമ്മസംരംഭം ക്ഷമിച്ച് വിസ്മരിക്കുകയും ചെയ്യുന്നു. ബ. കോടതി ഒരു നിരപരാധിയായ പുരോഹിതനെ മരണ ശിക്ഷയ്ക്കു വിധിക്കുന്നു എന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

ജഡ്ജി—കുററം സമ്മതിക്കാത്ത പ്രതി ഒരിക്കലും കോടതിയുടെ കരുണയ്ക്കു വിധേയനല്ല.

ഫാദർ— സത്യം പറയുന്നവൻെറമേൽ കരുണ ചൊരിയുമെങ്കിൽ നിശ്ചയമായും കോടതിയുടെ ദാക്ഷിണ്യത്തിനു ഞാൻ അർഹനാണ്. എന്നാൽ പ്രമാദരഹിതമായ കോടതിഇഹത്തിൽ ഇല്ലെന്നു എനിക്കറിയാം.

ജഡ്ജി— (വിധിപ്രസ്താവിക്കുന്നു.) ഈ രാജ്യത്തിൽ നിലവിലിരിക്കുന്ന ശിക്ഷാനിയമം 302—ാം വകുപ്പനുസരിച്ച്, 1888—ൽ 150—ാം നമ്പർ കേസിലെ പ്രതിയായ ഫാദർ ഫ്റാൻസീസ് യഥാർത്ഥ കൊലപാതകിയെന്നു കോടതിക്കു ഉത്തമബോദ്ധ്യം ഉണ്ടായതിനാൽ നിയമാനുസാരം പ്രസ്തുത പ്രതിയെ ശിരച്ഛേദം ചെയ്ത് വധശിക്ഷ നടത്തുന്നതിനു വിധിച്ചിരിക്കുന്നു. വിധി നടത്താനുള്ള സമയവും സ്ഥലവും കാണിച്ച് ഒരു ത്തരവ് കോടതിയിൽനിന്നു പിന്നീട് പുറപ്പെടുവിക്കുന്നതായിരിക്കും. (കോടതി പിരിഞ്ഞു. പോലീസ് ഫാദർ ഫ്റാൻസീസിനെ കാരാഗൃഹത്തിലേക്കാനയിക്കുന്നു.)

**കർട്ടൻ.**

## രംഗം 14 (കാരാഗൃഹം.)

(ഫാദർ ഫ്റാൻസീസ് കാരാഗൃഹവാസം അനുഭവിക്കുന്നു. ഒരു പോലീസുകാരൻ കാവൽനിൽക്കുന്നു.)

ഫാദർ— ശ്വസിക്കുവാൻ ശുദ്ധവായുവും കുടിക്കുവാൻ നല്ലവെള്ളവും ജീവിക്കുവാൻ സൂര്യപ്രകാശവും ഇല്ലാത്തതുമായ ഈ പാറാവിൽ മശകങ്ങളുടെ മർദ്ദനമേററും മൂട്ടയുടെ ദംശനം സഹിച്ചും കിടക്കുവാൻ ആണെങ്കിൽതന്നെയും ഒരു ശല്യവുമില്ല. ഇവിടെവച്ച് പാപത്തിനു പരിഹാരം ചെയ്യുവാൻ അവസരം കൈവന്നതിൽ എന്റെ അന്തരാത്മാവ് ആനന്ദിക്കുന്നു. ശാരീര ദുരിതമെല്ലാം കുറേ മണിക്കൂറിനുള്ളിൽ അവസാനിക്കുമെന്നറിയുന്നതിൽ ആമോദമടയുന്നു. ചോരചൊരിഞ്ഞ് ജഡവും ദേഹിയും തമ്മിൽ വേർപെടുന്ന വേളയിൽ ജഗൽപിതാവേ, നീമാത്രം എനിക്കാലംബം!

പോലീ— എടോ, കത്തനാരേ, തന്റെ നാക്ക് അടങ്ങിക്കിടക്കുകില്ലേ? എന്തിനാടോ ഇനി പ്രാർത്ഥിക്കുന്നതു്? തനിക്കൊരു രക്ഷയുമില്ല. ഇന്നാണ് തന്നെ തൂക്കി നോക്കുന്നതു്.

ഫാദർ— ശിരച്ഛേദനത്തിനാണല്ലോ വിധിച്ചിരിക്കുന്നതു്

പോലീ— എടോ, കഴുത്തറുത്താലും കഴുവിൽ കയററിയാലും അനുഭവമെല്ലാമൊന്നല്ലേ? അരമണിക്കൂറിനകം ആരാച്ചാരുവരും. ആ കിഴവിയുടെ സമ്പാദ്യത്തിൽ ബാക്കിവല്ലതുമിരുപ്പുണ്ടെങ്കിൽ ഇനി അതു് ആർക്കുണ്ണാനാണ്? നമുക്കു തന്നേക്കുരുതോ?

ഫാദർ— സ്നേഹിതാ, ഞാൻ നിരപരാധിയാണ്.

പോലീ— കത്തനാരു പിഴച്ചാൽപിന്നെ ചെകുത്താനാണഭേദം! ഊരുപോകുന്നതുവരെ സത്യം പറകയില്ല. വല്ലതും രണ്ടുബോട്ടിൽ ആ നഗരാധിപനു സമ്മാനിച്ചിരുന്നെങ്കിൽ ഇതു് ഇത്രയ്ക്കൊന്നും ഊർജ്ജിതമാകുമായിരുന്നില്ല. എന്തിനു പറയുന്നു. നിങ്ങൾ വല്ലവൻേറയും വാങ്ങിച്ചു കുടിക്കുന്നതല്ലാതെ കൊടുത്തു പഠിച്ചിട്ടുണ്ടോ? (ഒരുവശത്തേക്കു നോക്കുന്നു.) ഇതാ വരുന്നു. തനിക്കു സമയമായി. (പോലീസ് സൂപ്രണ്ടും ജയിൽ സൂപ്രണ്ടും പ്രവേശിക്കുന്നു. ജയിൽസൂപ്രണ്ട് കാരാഗൃഹം തുറന്നു വൈദികനെ പുറത്തിറക്കുന്നു.

പോലീ. സൂപ്രണ്ട്— നിങ്ങളെ പുറത്തിറക്കിയതെന്തിനാണെന്നു മനസ്സിലായോ?

ഫാദർ— വധശിക്ഷ നടത്തുവാൻ.

പോലി. സൂപ്രണ്ട്— നിങ്ങൾ മരിക്കാൻ തയ്യാറായിരിക്കയാണോ?

ഫാദർ— അതേ, സമയം പാർത്തുകൊണ്ടിരിക്കുന്നു.

പോലീ സൂപ്ര— കുററക്കാരനെന്നു തെളിഞ്ഞതുകൊണ്ടു് നിങ്ങളെ മരണശിക്ഷയ്ക്കു വിധിച്ചെങ്കിലും നിങ്ങളെ മരണശിക്ഷയിൽനിന്നു രക്ഷിക്കണമെന്നു കാണിച്ചു് ഒരു പൊതുജനാഭ്യർത്ഥനയുമായി ജനപ്രതിനിധികൾ നാനാഭാഗത്തുനിന്നും ഗവർമ്മെൻറിനെ സമീപിക്കുകയാൽ ഭരണാധികാരി സകരുണം മരണശിക്ഷ ഭേദപ്പെടുത്തി അതു് ജീവപര്യന്തം നാടുകടത്തലാക്കിയിരിക്കുന്നു. നിങ്ങളുടെമേൽ ഇതിൽ കൂടുതലായി ഒരു കരുണ കാണിക്കുവനില്ല.

ഫാദർ— എൻെറ ഐഹിക ജീവിതക്ലേശം ഇന്നുകൊണ്ടവസാനിക്കുമെന്നോർത്തു് ഞാൻ സന്തോഷിച്ചിരുന്നു. എന്നാൽ അതു് ആജീവനാന്തം നീട്ടിത്തരികയാണുണ്ടായതു്.

പോ. സൂ— (സ്വഗതം) ഇദ്ദേഹം ഒരു പുണ്യവാൻ ആണെന്നു തോന്നുന്നു.(പ്രകാശം)ഇതര തടവുകാരൊന്നിച്ചു് അന്ത്രേലിയായിലേക്കു് നാടുകടത്താനാണു് ആർഡർ കിട്ടിയിരിക്കുന്നതു്. അവിടെയുള്ള ഖനികളിൽ വേലചെയ്തു് ജീവിതം കഴിക്കണം.

ഫാദർ— അവിടുന്നു സദയം നാളെ ദിവ്യകാരുണ്യം അനുഭവിക്കുവാൻ ഒരവസരം ഉണ്ടാക്കിതന്നാൽ ഞാൻ ഏററം ചാരിതാർത്ഥ്യം അടയുന്നതാണു്.

പോ. സൂ— അതിനു സൗകര്യമുണ്ടാക്കിത്തരാം.

ഫാദർ— വളരെ സന്തോഷം! ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

പോ. സൂ— നമുക്കുപോകാം. (പോകുന്നു)

**കർട്ടൻ.**

## രംഗം 15 (വക്കീൽആപ്പീസ്)

(ജോൺവക്കീൽ കേസുനോക്കിക്കൊണ്ടിരിക്കുന്നു. ഗ്ലമസ്റ്റൻ എന്തോ അന്യായം പകൎത്തുന്നു.)

ജോൺവ.— ഇന്ന് വിസ്താരം നടത്താൻ സാക്ഷികൾ ഹാജരാകുമോ?

ഗ്ലമസ്റ്റൻ— ഇല്ല അവധിക്കപേക്ഷ കൊടുക്കണം.

ജോൺ വ.— അനുവദിച്ചു കിട്ടുമോ എന്തോ!

പ്യൂൺ— (പ്രവേശിച്ച്) യജമാനനെക്കാണാൻ ഒരാൾ വന്നുനില്ക്കുന്നു. കണ്ടിട്ടൊരു കിറുക്കനാണെന്നു തോന്നുന്നു.

ജോൺ വ.— എവിടെനിന്നു വരുന്നു?

പ്യൂൺ— അമേരിക്കയിൽ നിന്നാണെന്നു പറഞ്ഞു.

ജോ. വ.— (സാശ്ചൎയ്യം) അമേരിക്കയിൽ നിന്നോ?! ഏതായാലും കയറിവരാൻ പറയൂ. (പ്യൂൺ പോകുന്നു.) പ്രാകൃതവേഷത്തിൽ കണ്ണുനീർ കവിൾത്തടത്തിൽക്കൂടി ഒഴുക്കിക്കൊണ്ടു കൈയിൽ ഒരു പത്രവുമായി ലൂസർ പ്രവേശിക്കുന്നു. ഭ്രാന്തനെന്നു സന്ദേഹിച്ച് വക്കീലും ഗ്ലമസ്റ്റനും അമ്പരന്നുനില്ക്കുന്നു.)

ലൂസർ— ജോൺവക്കീൽ! വക്കീൽസാറേ! ഞാൻ ശപിക്കപ്പെട്ടവൻ. അതേ ശപ്തൻ, ശപ്തൻ. സാർ പത്രം കണ്ടോ? നോക്കണം. വായിക്കണം. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട ആ നിരപരാധി എവിടേ? ആ പുണ്യവാൻ എവിടേ? അയ്യോ! ആ നിൎദ്ദോഷിയായ വൈദികനേ വധിച്ചെന്നോ! ഫാദർ ഫ്റാൻസീസ് എവിടേ? വക്കീൽസാറേ! സത്യം പറയൂ. ഫാദർ ഫ്റാൻസീസിനെ വധിച്ചോ! (വാവിട്ടുകരയുന്നു.) അയ്യോ! വധിച്ചോ? ഞാൻ ശാപം ഏററവൻ. അയ്യോ! ശാപമേററദുഷ്ടൻ ഇനി ജീവിക്കുന്നില്ല. (തലസ്സുതന്നത്താൻ ഇടിച്ചുകൊണ്ട് നിലത്തുവിണു കരയുന്നു)

ഗ്ലമസ്റ്റ— ഈഭ്രാന്തനെ ഇറക്കിവിടണം. നാറുന്ന വസ്ത്രവുമായി വന്നുകയറിയ ഈ വകതിരുവില്ലാത്ത കിറുക്കനെ പോലീസിൽ ഏല്പിക്കണം.

ജോൺ വ— ക്ഷമിക്കണം.

ലൂസർ— (എഴുന്നേററ്) പോലീസ്! പോലീസുവരട്ടെ. അതാണുവേണ്ടതു്. എന്നെ ഏല്പിക്കണം. ഞാൻ സത്യംതന്നെ പറയും. നിരപരാധിയായ വൈദികനെ മരണശിക്ഷയ്ക്കു വിധിച്ചു.

(കരയുന്നു) എന്റെ ഹൃദയം തകരുന്നു. രക്തം പിണക്കുന്നു. ബുദ്ധിനശിക്കുന്നു. ഞാൻ ഇനി എന്തു ചെയ്യാം. ബ. അച്ചാ! അങ്ങയെ വധിച്ചെന്നോ! അയ്യോ! എനിക്കതോർക്കവയ്യാ! (കരയുന്നു)

ജോ. വ– നിങ്ങൾ എന്തിനു കരയുന്നു!

ലൂസർ– വാക്കീൽസാർ ഈ പത്രം ഒന്നുനോക്കണം ഫാദർ ഫ്റാൻസീസിനെ മരണശിക്ഷക്കു വിധിച്ചെന്നു കണ്ടു. പ്പോൾ എന്റെ ഹൃദയം തകർന്നുപോയി. തലചുററി ഞാൻ നിലത്തുവീണു. അദ്ദേഹത്തെ വധിക്കുന്നതിനുമുമ്പ് ഒന്നു കാണണമെന്നുള്ള അത്യാഗ്രഹാധിക്യത്താൽ അമേരിക്കയിൽനിന്നു ഞാൻ എങ്ങനെയൊ ഇവിടെവന്നുചേർന്നു.

ജോ. വ– അദ്ദേഹത്തെ വധിച്ചിട്ടില്ല. മരണശിക്ഷ ഭേദപ്പെടുത്തി നാടുകടത്തിയിരിക്കയാണ്. നിങ്ങൾ ആരാണ്?

ലൂസർ– അദ്ദേഹത്തെ ഇതുവരെ വധിച്ചില്ലെന്നറിയുന്നതിൽ ഞാൻ ഏററം സമാധാനപ്പെടുന്നു. ദൈവത്തിനുസ്തോത്രം. വക്കീൽ സാറേ! ഞാനാണ് കപ്യാർ ലൂസർ. എന്റെ ചെവിട്ടത്തുള്ള അടയാളം കാണുക.

ജോ. വ.– നിങ്ങൾ ഏററംക്ഷീണിച്ചിരിക്കുന്നല്ലോ.

ലൂസർ— ഞാൻ ഭക്ഷണം കഴിച്ചനാൾ മറന്നു. ഫാദർ ഫ്റാൻസീസിനെ രക്ഷിക്കണമെന്നുള്ള ഏക അത്യാഗ്രഹത്താൽ ദീർഘയാത്രകഴിച്ച് ഞാൻ അങ്ങയുടെ മുമ്പിൽവന്നിരിക്കുന്നു. അതിനുള്ള മാർഗ്ഗം അങ്ങ് പറഞ്ഞുതരണം.

ജോ. വ.— നിങ്ങൾക്കിത്ര മനോവ്യഥ ഉണ്ടാകാൻകാരണമെന്ത്?

ലൂസർ— അദ്ദേഹം നിരപരാധിയാണ്.

ജോ. വ— എന്റെ പരിപൂർണ്ണവിശ്വാസവും അതുതന്നെ. എന്നാൽ അദ്ദേഹത്തിന്റെ നിരപരാധിത്വം എങ്ങിനെ തെളിയിച്ചുകൊടുക്കാൻ സാധിക്കും? ഇതിൽ എന്തോ രഹസ്യമുണ്ട്.

ലൂസർ— ഇനി രഹസ്യമൊന്നുമില്ല: ഞാൻ പരസ്യമായി പറയുന്നു. കത്രീനായെ വധിച്ച് പവൻ അപഹരിച്ച ഘാതകൻ ഞാനാണ്.(നെഞ്ചത്തടിച്ചുകൊണ്ട്) ഈ ഞാൻതന്നെ. കപ്യാർ ലൂസർ! ലൂസറല്ലാതെ മറാരുമല്ല!! നിരപരാധിയായ പുരോഹിതനെ എങ്ങിനെയെങ്കിലും രക്ഷിക്കണം. ഞാനോ ശപിക്കപ്പെട്ടവൻ! (കരയുന്നു) ദ്രവ്യാഗ്രഹിയും വഞ്ചകനും ഘാതകനുമായ ലൂസർ മരിച്ചുകൊള്ളാം. (കരയുന്നു) ആ പരിശുദ്ധ പുരോ

ഹിതൻ എൻെറ ചതിവിൽ അകപ്പെട്ടുപോയി! എനിക്കു ഓക്കവെയ്യാ!! ഫാദർ ഫ്റാൻസിസിനുവേണ്ടി വാദിച്ച വക്കീൽ അവിടുന്നാണെന്നു പത്രത്തിൽനിന്നു ഞാൻ ഗ്രഹിച്ചു. അങ്ങയുടെ പക്കൽവന്നു പരമാത്ഥം വെളിപ്പെടുത്തിത്തന്നു. അവിടുന്നു വിചാരിച്ചാൽ ഏതുതരത്തിലെങ്കിലും അച്ചനെ രക്ഷിക്കാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം. എൻെറ കഠോരപാപത്തിനു ഏതു പരിഹാരവും ചെയ്യുവാൻ ഞാൻ സന്നദ്ധനാണ്.

ജോൺ വ– ഈ കേസ്സ് പുനരെടുപ്പിക്കാൻ ഞാൻ ശ്രമിച്ചുനോക്കാം. കുററംസമ്മതിച്ച് നിങ്ങൾ ഒരു സ്റ്റേററുമെൻറ് കൊടുക്കണം.

ലൂസർ– വക്കീൽ പറയുന്നതുപോലെ ഞാൻ എഴുതിത്തരാം. അച്ചനെ രക്ഷിക്കണമെന്നൊരുവിചാരം മാത്രമേ എനിക്കുള്ളൂ.

ജോ. വ.– നിങ്ങളെ ചിലപ്പോൾ മരണശിക്ഷയ്ക്കു വിധിച്ചേക്കും.

ലൂസർ– അതിലും ഉപരിയായ ഒരു ശിക്ഷയത്രേ ഞാൻ അർഹിക്കുന്നത്.

ജോ. വ– നിങ്ങൾനേരിട്ട് എൻെറ പക്കൽ വന്നതു എല്ലാംകൊണ്ടും നന്നായി. വരൂ. (ഇരുവരും പോകുന്നു.)

ഗ്ലമസ്സൻ— ഇവൻ എവിടന്നു വന്ന ഭ്രാന്തൻ. കൊലക്കേസിൽ പിടികൊടുക്കാതൊരുവൻ രക്ഷപെട്ടാൽ പിന്നെത്തുങ്ങാൻ എത്തുമോ? ഇയാൾക്കു ചാകാൻ ഇത്ര കൊതിയാണോ? ആ കത്തനാരച്ചൻെറ നല്ലകാലം!

കർട്ടൻ.

## രംഗം 16. (പിത്തളഖനി)

നിഷ്കാസിതനും തടവുകാരനുമായ ഫാദർ ഫ്റാൻസീസ്സ് ഇതരതടവുകാരൊന്നിച്ച് ആസ്ത്രേലിയായിൽ പിത്തളഖനിയിൽ ക്രന്താലി തുമ്പാ മുതലായ ഉപകരണങ്ങളോടുകൂടി ജോലി ചെയ്യുന്നു. 5348–ാം നമ്പർ തടവുകാരൻ എന്നെഴുതിയിട്ടുള്ള ഒരു ബാഡ്ജ് കഴുത്തിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. വേഷം, വെറുമൊരു കാച്ചട്ടമാത്രം. ക്ഷീണപരവശനായി നിലത്തിരിക്കുന്ന ഫാദർ ഫ്റാൻസീസിനെ കൂട്ടുകാർ അപഹസിക്കുന്നു.)

ഒന്നാമൻ—വേലയെടുക്കാതിരിക്കുന്ന താൻ കത്തനാരോ കപ്യാരോ? ആരായാലും ക്രന്താലി എടുത്തു ഞങ്ങളുടെ കൂടെ പണിയണം.

രണ്ടാ—എടാ, ഇവൻ കത്തനാരുവർഗ്ഗമാണെന്നു തോന്നുന്നു. ഒരു കുപ്പായം കൊടുത്തു് നമ്മുടെ കുമ്പസാരക്കാരനായിട്ടിരുത്താൻ കൊള്ളാം.

മൂന്നാ— കത്തനാരച്ചൻ മടിക്കാതെ വേല എടുക്കണം.

ഫാദർ—എൻെറ ശരീരം തളന്നു. അല്പം വിശ്രമിച്ച ശേഷം ഞാനും പണിതുകൊള്ളാം.

ഒന്നാ— അച്ചൻ പണിയണ്ടാ. ഒരു പാട്ടുപൂജ കേട്ടനാൾ മറന്നു. തനിക്കൊന്നു പാടാമെങ്കിൽ ഫീസ്സ് മുമ്പേരുതരാം.

രണ്ടാ — എന്നെ ഒന്നു കുമ്പസാരിപ്പിക്കാമോ?

മൂന്നാ— എടാ, ആദ്യം കത്തനാരെ കുമ്പസാരിപ്പിക്കണം. നിനക്കറിയാമോ ആൾ വളരെ ധീരനാ.

ഒന്നാ— ഞാൻ ഒന്നു ചോദിച്ചോട്ടേ. ഞങ്ങളുടെ ഒപ്പം നിങ്ങൾക്കും പ്രമോഷ്യൻ തന്നു് ഇങ്ങോട്ടയയ്ക്കാൻ അച്ചൻ ചെയ്ത ധീരകൃത്യമെന്താണു്?

രണ്ടാ— എടാ, കഴുത്തറുത്താലും സത്യം പറയുന്ന ജാതിയല്ല. കടുത്ത കരിമൂർഖനാ. പള്ളിക്കകത്തുവച്ച് ഒരു പെണ്ണിനെ കശാപ്പു ചെയ്തു് ഒരുകൊട്ടപ്പവൻ ഒന്നിച്ചടിച്ചെടുത്ത വികാരിയാണ്. ആളിനെ മനസ്സിലായോ?

മൂന്നാ—എൻെറ അപ്പാ! നമ്മളെന്തുഭേദം! അച്ചൻ ദയവായി അങ്ങു് പഠിച്ച മൊറാൽ പുസ്തകത്തിൽ കൊലപാതകവും പണാപഹരണവും മനോഗുണപ്രവൃത്തികളിൽ എത്രാമത്തേതാണെന്നു പറഞ്ഞുതരാമോ?

ഒന്നാ—എന്നാൽ ഇയാളിന്റെ മുമ്പിൽ കുമ്പസാരിക്കാൻ പേടിക്കണ്ടല്ലോ.

രണ്ടാ– മതിയടാ, നിറുത്തു്. ആ തുമ്പാ എടുത്തു് നിനക്കു കത്തനാരച്ചന്റെ പട്ടമൊന്നു വടിക്കാമെങ്കിൽ ആളിനെ തിരിച്ചറിയാമല്ലോ.

മൂന്നാ– കത്തനാരച്ചന്റെ നാവും തളന്നോ? ഒന്നുരിയാടുന്നില്ലല്ലോ? അടിച്ചെടുത്തതിൽ വല്ലതും ബാക്കിയിരുപ്പുണ്ടോ?

ഒന്നാ– നാണംകൊണ്ടാണടാ നാക്കനക്കാത്തതു്.

രണ്ടാ—വല്ലതുമൊന്നു പറയടോ കത്തനാരേ! തന്റെ സ്വരമൊന്നു കേൾക്കട്ടേ.

ഫാദർ– ഇതാണു് ഭൂമിയിലെ നരകം.

മൂന്നാ– ഇവിടെ അൻപതടി കുഴിച്ചുനോക്കിയാൽ നരകം കാണാം. ഞങ്ങൾ ഒരുതരത്തിൽ രക്ഷപെട്ടവരാണു്. തനിക്കു കാണണമെങ്കിൽ ഞങ്ങൾ കൂട്ടുപോരാം. (തടവുകാരെക്കൊണ്ടു് ജോലി ചെയ്യിക്കുന്ന പോലീസുകാരൻ പ്രവേശിക്കുന്നു.)

പോലീ– (സഗൗരവം) വേലയെടുക്കാതെ സമയം കളയുന്ന തെണ്ടികളെ നിങ്ങളുടെ മുതുകു ഞാൻ കുളമാക്കും.

ഒന്നാ– വലിയ ഉപകാരം. മേലാൽ കുളിപ്പിക്കാൻ ഞങ്ങളെ ആററിൽ കൊണ്ടുപോകണ്ടല്ലോ.

പോലീ—നീ എന്തു പറഞ്ഞു. വേണമെങ്കിൽ ഇപ്പോൾ കാണിച്ചുതരാം.

രണ്ടാ—വേണ്ടാ.സാർ ബുദ്ധിമുട്ടണ്ടാ.ഞങ്ങൾ കണ്ടിട്ടുണ്ടു്.

പോലീ– എടോ, കത്തനാരേ! താൻ ഇരുന്നുജപിക്കുകയാണോ? (വിഷമിച്ചു് ഫാദർ എഴുനേൽക്കുന്നു)

ഫാദർ– ശരീരം തളന്നിരുന്നുപോയതാണു്. ക്ഷമിക്കണം.

പോലീ– തനിക്കിന്നത്താഴമില്ല. വേല എടുക്കാത്തവനു ശാപ്പാടില്ല.

മൂന്നാ– അപ്പോൾ അങ്ങുന്നിനുമില്ലല്ലോ. ഞങ്ങളുടെ കൂടെ നിൽക്കണമെന്നല്ലേ ആർഡർ.

പോലീ—പോടാ, പട്ടി! നീ എന്തിനതു് അറിയുന്നു.

ഒന്നാ– എടോ, പട്ടിയും പൂച്ചയുമെല്ലാം തന്റെ വീട്ടിൽ. വെറുതെ ചീത്തയാകരുതു്. തന്റെ മററവനെ കശാപ്പു ചെയ്ത കൈയുടെ കരുത്തൊന്നും പോയിട്ടില്ല.

രണ്ടാ—മര്യാദയ്ക്കു നിന്നില്ലെങ്കിൽ തന്നെ മണ്ണിനടിയിൽ തട്ടും. ആ പാവപ്പെട്ട കത്തനാരുടെ ആഹാരം മുടക്കിയതുകൊണ്ട് നമുക്കും ഇന്നു നിരാഹാരവ്രതമാകട്ടെ.

മൂന്നാ—നമ്മുടെ കൂട്ടുകാരനെ നോക്കിയിരുത്തി കഴിക്കുന്നതു് മര്യാദയല്ല. അതുകൊണ്ടിന്നാരും അത്താഴം ഉണ്ണുണ്ടാ.

ഫാദർ—എന്നെപ്രതി എന്തിനു നിങ്ങൾ പട്ടിണി കിടക്കുന്നു.

ഒന്നാ— ഞങ്ങളെപ്പോലെ ശിക്ഷ അനുഭവിക്കേണ്ട ഒരാൾ അല്ല അച്ചനെന്നു ഞങ്ങൾക്കു തോന്നുന്നു. ഞങ്ങൾ നേരംപോക്കു പറഞ്ഞതെല്ലാം ക്ഷമിക്കണം.

പോലീ— ഞാൻ പറഞ്ഞതു് പിൻവലിച്ചിരിക്കുന്നു. കത്തനാര്ക്ക് അത്താഴം കൊടുക്കാം. നിങ്ങൾ ജോലി ചെയ്താൽ മതി.

രണ്ടാ— ഇത്രവേഗം മര്യാദപഠിച്ചോ? ഏതായാലും അങ്ങ് ശിക്ഷിച്ചതല്ലേ. ഇനി ശാപ്പാടുകഴിഞ്ഞിട്ടേ പണിയുന്നുള്ളൂ.

പോലീ— നിങ്ങൾ ജോലി ചെയ്തില്ലെങ്കിൽ എനിക്കാണ് ദ്രൂഷ്യമുണ്ടാകുന്നതു്.

മൂന്നാ— അങ്ങുന്നിനു ദൂണം വരുത്തണമെന്നൊരു വിചാരം ഞങ്ങൾക്കില്ല.

ഒന്നാ— ഞങ്ങളുടെ നാട്ടെല്ലൊടിഞ്ഞാൽ അങ്ങുന്നിനു പ്രമോഷ്യൻ കിട്ടുമല്ലേ? അപ്പോൾ ഞങ്ങളാണോ അങ്ങുന്നാണോ ആരാണ് തൊഴുതുനിൽക്കേണ്ടതു്? (പോലീസ് സൂപ്രണ്ടു പ്രവേശിക്കുന്നു. എല്ലാവരും ആചാരം ചെയ്തു് നിൽക്കുന്നു.)

പോ. സൂ.— ആരാണ് 5348-ാം നമ്പർ തടവുകാരൻ?

പോ— ഈ നില്ക്കുന്ന ഫാദർ ആണ്.

പോ. സൂ— നിങ്ങളാണോ ഫാദർ ഫ്റാൻസീസ്?

ഫാദർ— അതേ.

പോ. സൂ.— ഗവമ്മേൻറ് ചിലവിൽ 5348—ാം നമ്പർ തടവുകാരനായ ഫാദർ ഫ്റാൻസീസിനെ ഉടൻ ലബാൻസിലേക്കു തിരിച്ചയച്ചു കൊടുക്കണമെന്നു കാണിച്ച് ഭരണാധിപൻെറ ഒരു അർജൻറ് ആർഡർ കിട്ടിയിരിക്കുന്നു. (പോലീസുകാരനോട്) ഞാൻ പറഞ്ഞതു് മനസ്സിലായോ?

പോലീ— ഉത്തരവ്.

പോ. സൂ.— ഉടൻ ഫാദർ ഫ്റാൻസീസിനെ കൊണ്ടുപോയി കുളിപ്പിച്ച് കുപ്പായം ധരിപ്പിച്ച് സൂപ്രണ്ടാപ്പീസിൽ ഹാജരാക്കണം. (പോകുന്നു.)

പോലീ— ഉത്തരവ്. (ഫാദർ ഫ്രാൻസീസ് ക്രൂട്ടതട വ്യകാരോട് യാത്രപറഞ്ഞശേഷം പോകുന്നു.)

ഒന്നാ— അങ്ങുന്നേ അച്ചനു അത്താഴം കൊടുപ്പിക്കണേ!

രണ്ടാ— അച്ചൻെറ കാലാവധി ചിലപ്പോൾ കുറച്ചു കാണും.

മൂന്നാ— ഏതായാലും ആ അച്ചനെ ആരോ ചതിച്ചു കുടുക്കിൽ ചാടിച്ചതാണ്. സാധു നല്ല ക്ഷമയുള്ളവനും ഭക്തനുമാണ്. നാം പലതും പറഞ്ഞുകളിയാക്കിയിട്ടു് അദ്ദേഹത്തിൻെറ മുഖത്തു ഒരു നീരസഭാവം പോലും കണ്ടില്ല.

ഒന്നാ— നാം പറഞ്ഞു അച്ചനെ കളിയാക്കിയതു് കുറച്ചു കടന്നു പോയി.

രണ്ടാ— അത്താഴം കൊണ്ടുവരുന്നതുവരെ ഇവിടെ കിടന്നു മയങ്ങാം. (താഴെ കിടക്കുന്നു.)

കർട്ടൻ.

---

## രംഗം 17 (കോടതി.)

(ജഡ്ജി, വക്കീലന്മാർ, ഗ്രമസ്സൻ, ഫാദർ ഫ്റാൻസീസ്, നഗരാധിപൻ എന്നിവർ പ്രത്യക്ഷപ്പെടുന്നു. ലൂസറിനെ ഒരു പോലീസുകാരൻ കൂട്ടിൽകയററി നിറുത്തുന്നു.)

സർ. വ.– ഈ കേസ്സ് പുനർ എടുത്തതു് കീഴനടപടികൾക്കു വിരുദ്ധമാണു്. ഫാദർ ഫ്റാൻസീസിനെ ശിക്ഷിച്ചിട്ടു് സംവത്സരം മൂന്നു കഴിഞ്ഞിരിക്കുന്നു.

ജോ. വ.– കീഴ് നടപടികളിൽ നിരപരാധിയെ രക്ഷിക്കരുതെന്നു ഒരുവകുപ്പു് കാണിച്ചുതരാമോ? സർക്കാർ വക്കീലിൻെറ നീതിവിരുദ്ധമായ വാദം ആക്ഷേപാർഹമാണു്. നിർദ്ദോഷിയെ രക്ഷിക്കുണമെന്നുള്ളതാണു് നീതിന്യായകോടതിയുടെ ധർമ്മമെന്നു എൻെറ സ്നേഹിതൻ വക്കീൽ ഇനിയെങ്കിലും മനസ്സിലാക്കണം.

സർ. വ.– തെളിവനുസരിച്ചല്ലേ വിധിയുണ്ടായതു്?

ജോ. വ.– അന്നുലഭിച്ച തെളിവു് അപൂർണ്ണമായിരുന്നെന്നു് പിന്നീടു് ബോദ്ധ്യം വരാൻ പാടില്ലേ?

സർ. വ.– ഭേദഗതി വരുത്തിയാൽ കോടതിയുടെ തീരുമാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞു പോകുവാൻ പാടുണ്ടു്.

ജോ. വ.— പൊതുജനങ്ങൾക്കു കോടതി വിധിയെല്ലാം പ്രമാദരഹിതമാണെന്നൊരു വിശ്വാസമില്ല.

സർ. വ.— പ്രമാദരഹിതമാണെന്നു ജനങ്ങളെ ധരിപ്പിക്കണം.

ജോ. വ.– അതു എങ്ങിനെ സാധിക്കും? സത്യാവസ്ഥ നമുക്കറിയാമല്ലോ. കൈക്കൂലി വാങ്ങിച്ചു് വിധിക്കുന്നതു് പ്രമാദരഹിതമായിരിക്കുമോ? വിസ്താരത്തിനുമുമ്പു് ജഡ്ജ്മെൻറു് എഴുതുന്നതും പേരിനുമാത്രം വിസ്തരിക്കുന്നതും വിസ്തരിക്കാതെ ശിക്ഷിക്കുന്നതും നമുക്കറിവുള്ള രഹസ്യമാണല്ലോ. ഇത്തരത്തിൽ വിധിക്കുന്നതെല്ലാം സുബോധമുള്ള ഒരുവൻ പ്രമാദരഹിതമായിരിക്കുമെന്നു സമ്മതിച്ചുതരുമെന്നു തോന്നുന്നില്ല.

മുൻവിധിയിൽ തെററുവന്നിട്ടുണ്ടെന്നു കോടതിക്കു സംശയം വന്നുകഴിഞ്ഞാൽ പുനരെടുക്കേണ്ടതു് നീതിന്യായകോടതിയുടെ ധർമ്മമാണു്.

സർ. വ.– ഫാദർ ഫ്റാൻസീസ് നിർദ്ദോഷിയാണെന്നസ്ഥാപിച്ച് വൈദികകുലത്തിനുണ്ടായ അപമാനത്തെ പരിഹരിക്കാൻവേണ്ടി ആരുടെയോ പ്രേരണയാൽ ഒരു ഫജ്ജിയുമായി ഈ മനുഷ്യൻ കോടതിയിൽ ഹാജരായതാണ്. ഇത് ഒരിക്കലും സ്വീകരിക്കത്തക്കതല്ല.

ജോ. വ.— പ്രബലമായ പ്രേരണമൂലം കൊലപാതകക്കററം സമ്മതിച്ച് എത്ര നിരപരാധികൾ മരിക്കാൻ സന്നദ്ധരായി കോടതിയിൽ ഹാജരാകുമെന്നുള്ള സംഗതി ബ. കോടതിതന്നെ തീരുമാനിക്കേണ്ടതാണ്. നീതിമാത്രപ്രസക്തമായ കോടതിക്ക സക്കാർ വക്കീലിൻെറ കഴമ്പില്ലാത്ത വാദം സ്വീകാര്യയോഗ്യമല്ല.

ജഡ്ജി— (പ്രതിയോട്ട്) കപ്യാർ ലൂസർ നിങ്ങളാണോ?

ലൂസർ— ഉത്തരവ്.

സർ. വ.— ആരുടെ സഹായത്താലാണ് നിങ്ങൾ അമേരിക്കയിൽനിന്നിവിടെ എത്തിയതു്?

ലൂസർ— വഴിക്ക പലരുടേയും സഹായം ലഭിച്ചു അവരാരൊക്കെയെന്നു എനിക്കറിഞ്ഞുക്രൂടാ.

സർ. വ.– നിങ്ങളെ പ്രേരിപ്പിച്ചതാരാണ്?

ലൂസർ– എൻെറ മനസ്സാക്ഷി അല്ലാതെ മററാരുമല്ല.

സർ. വ.– അതിനുള്ള കാരണം?

ലൂസർ— നിരപരാധിയായ ഒരു പുരോഹിതൻ എൻെറ വഞ്ചനമൂലം മരണശിക്ഷയ്ക്കു വിധിയേററ വിവരം പത്രത്തിൽ കണ്ടവിനാഴികമുതൽ എനിക്കു പശ്ചാത്താപമുണ്ടായി.

ജഡ്ജി— കത്രീനായേ ദേവാലയത്തിൽവെച്ചു വധിച്ചഘാതകൻ നിങ്ങൾതന്നെയാണെന്നു സമ്മതിക്കന്നോ?

ലൂസർ— ഉത്തരവ്. ഞാൻതന്നെയാണ്.

സർ. വ.— മാഴ്സയിലേക്ക പോയ നിങ്ങൾ എങ്ങിനെ കൊലപാതകം നടത്തി?

ലൂസർ— പവൻ അപഹരിക്കണമെന്നുള്ള ദുരാശകൊണ്ടു് തീവണ്ടിയുടെ വാതിൽ തുറന്നു ഞാൻ പുറത്തുചാടി. വിക്ടർ ദേവാലയത്തിൽ വന്നപ്പോൾ നേരം പ്രഭാതത്തോടടുത്തതുകൊണ്ടു് അവിടെയുള്ള പഴയ അശ്രമക്കെട്ടിടത്തിൽ ഒളിച്ചിരുന്നു. ഉച്ചയ്ക്കു മുമ്പായി കത്രീനാ ദേവാലയത്തിൽ പണക്കിഴിയുമായി

പ്രവേശിക്കുന്നതുകണ്ടു. ആരുമറിയാതെ ഞാൻ ദേവാലയ സങ്കിത്തിമുറിയിൽ പ്രവേശിച്ചു. ആ സ്ത്രീ പ്രാൎത്ഥനകഴിഞ്ഞു പണവുമായി സങ്കീത്തി മുറിയിൽക്കൂടി പുറത്തിറങ്ങാൻ വന്ന അവസരത്തിൽ (കരയുന്നു) നേരത്തെ ഞാൻ കരസ്ഥമാക്കിയിരുന്ന ഫാദർ ഫ്റാൻസീസിൻെറ കത്തികൊണ്ടു് വധിക്കുകയാണുണ്ടായത്. കത്തി ആദിയായ സാധനങ്ങൾ കുശിനിയിൽകൊണ്ടെ നിക്ഷേപിച്ചതും ഞാൻതന്നെയാണ്.

ജഡ്ജി— ഈ സംഭവം മററുവല്ലവൎക്കും അറിയാമായിരുന്നോ?

ലൂസർ— ഫാദർ ഫ്റാൻസിസിനറിയാമായിരുന്നു.

ജഡ്ജി— എന്തുകൊണ്ടതു് അദ്ദേഹം വെളിപ്പെടുത്തിയില്ല.

ലൂസർ— അതു് കുമ്പസാരരഹസ്യം.

ജഡ്ജി— (സാശ്ചൎയ്യം) കുമ്പസാരരഹസ്യമോ?

ലൂസർ— അതേ, കൊലപാതകം കഴിഞ്ഞു് ആരുമില്ലാത്ത അവസരംനോക്കി ബ. അച്ചൻെറ മുറിയിൽചെന്നു് പാപം ഏററുപറഞ്ഞു ഞാൻ കുമ്പസാരിച്ചു. (കരയുന്നു.) ഞാൻ തട്ടിയെടുത്ത പവൻമുഴവനും ആതുരശാലക്കു തിരിച്ചുകൊടുക്കാതെ പാപം മോചിക്കയില്ലെന്നു പറഞ്ഞപ്പോൾ ഞാൻ കുപിതനായി. ഫാദർ ഫ്റാൻസീസിനെ കഠിനമായി ശകാരിച്ചശേഷം നാടുവിട്ടോടുകയാണുണ്ടായതു്.

ജഡ്ജി— ഇതെന്തൊരുവാൎത്ത! ശരീരമാകെ പുളകം കൊള്ളുന്നു. ഫാദർ ഫ്റാൻസിസ്! ലൂസർ പറഞ്ഞതു് സത്യംതന്നെയോ?

ഫാദർ— സത്യമാണ്.

ജഡ്ജി— ജീവനെ തൃണവൽഗണിച്ചു് മതാനുസാരം കുമ്പസാരരഹസ്യത്തെ അഭംഗമായിപ്പാലിച്ച അങ്ങയെ ഞാൻ ഹാൎദ്ദമായി അഭിനന്ദിക്കുന്നു.

ഫാദർ—ഞാൻതന്നെയല്ല പുരോഹിതവൎഗ്ഗം മുഴുവനും ഈ പരമരഹസ്യത്തെ ഒരഭഗ്നമുദ്രയായി കരുതുന്നു.

ജഡ്ജി— ലൂസറിനെ കണ്ടില്ലെന്നു ഫാദർ മൊഴികൊടുത്തതിൻെറ ഉദ്ദേശ്യമെന്തു്?

ഫാദർ— ലൂസർ വന്നിരുന്നെന്നു ഞാൻ പറഞ്ഞിരുന്നെങ്കിൽ ലൂസർ ഘാതകനാകാൻ പാടുണ്ടെന്നു കോടതി അനുമാനി

കമായിരുന്നു. കുമ്പസാരത്തിൽനിന്നു ലഭിച്ച അറിവു വച്ചുകൊണ്ടാണ് ഞാൻ മൊഴിതന്നതെന്ന് ലൂസർ മനസ്സിലാക്കിയാൽ വിശുദ്ധ കൂദാശയുടെ പരമരഹസ്യത്തിനു ഭംഗം നേരിടാൻ പാടുണ്ട്. കുമ്പസാരരഹസ്യം വെളിപ്പെടുവാൻ പാടുണ്ടെന്നു വന്നാൽ അതിന്റെ ദൂരവ്യാപകമായ ദൂഷ്യഫലങ്ങൾ പോലും പറയുവാൻ പാടുള്ളതല്ല.

ജഡ്ജി–(ലൂസറിനോട്) അപഹരിച്ച പവൻ നിങ്ങൾ എന്തുചെയ്തു?

ലൂസർ— മദ്യപിച്ചുതീർത്തു.

ജഡ്ജി– പവൻ കണ്ട് ആരും നിങ്ങളെ സംശയിച്ചില്ലേ?

ലൂസർ– സന്താനമില്ലാതെ മരിച്ചുപോയ എന്റെ ഒരു ഇളയമ്മയുടെ മരണപത്രികപ്രകാരം എനിക്കു ലഭിച്ചതാണെന്നു എന്റെ സ്നേഹിതന്മാരെ ഞാൻ ധരിപ്പിച്ചിരുന്നതുകൊണ്ടു ആർക്കും ഒരു സംശയവുമുണ്ടായില്ല.

ജഡ്ജി– കുമ്പസാരരഹസ്യം വെളിപ്പെടുത്താൻ പാടില്ലെന്നും ഫാദർ ഫ്രാൻസീസ് അപകടത്തിലാകുമെന്നും നിങ്ങൾക്കറിയാമായിരുന്നില്ലേ?

ലൂസർ– വൈദികർ പ്രസംഗിക്കുന്നതുപോലെ കുമ്പസാരരഹസ്യം പാലിക്കുന്നില്ലെന്നും സ്വയരക്ഷയ്ക്കുവേണ്ടി പരസ്യമാക്കാമെന്നും മററും പത്രമാസികകളിൽ ഞാൻ വായിച്ചറിയുകയുണ്ടായി. എന്നാൽ ഫാദർ ഫ്റാൻസീസ് ഗത്യന്തരമില്ലാതെ വരുമ്പോൾ എന്റെപേർ പറഞ്ഞെങ്കിലും രക്ഷപ്രാപിക്കാതിരിക്കയില്ലെന്നാണ് ഞാൻ വിചാരിച്ചത്.

ജഡ്ജി— കൊലപാതകക്കുററത്തിനുള്ള ശിക്ഷ അനുഭവിക്കുവാൻ മനസ്സായി വന്നു നിങ്ങൾ കോടതിയിൽ സത്യം ബോധിപ്പിച്ചതാണോ?

ലൂസർ— ഉത്തരവ്.

ജഡ്ജി– 1848-ൽ 150–ാം നമ്പർ ക്രിമിനൽ കേസിൽ ശിക്ഷ അനുഭവിക്കുന്ന റവ. ഫാദർ ഫ്റാൻസീസ് നിർദ്ദോഷിയാണെന്നു കോടതിക്കു ഉത്തമബോധ്യം വന്നിരിക്കുന്നു. ആ വൈദികസത്തമനെ ശിക്ഷിക്കുവാൻ സംഗതിയായതിൽ നിരുപാധികമായി ഖേദിക്കുകയും അദ്ദേഹത്തിനു നൽകിയിരുന്ന നാടുകടത്തൽ ശിക്ഷ പിൻവലിക്കുകയും ചെയ്യുന്നു.

യഥാൎത്ഥ ഘാതകൻ ആൽബർട്ട് ലൂസർ ആണെന്നു തെളിഞ്ഞിരിക്കുന്നു. കൊലപാതകം, പണാപഹരണം, കള്ളക്കുമ്പസാരം മുതലായതിനു പുറമേ, ദേവാലയം അശുദ്ധമാക്കുകയും വൈദികനെ വഞ്ചിച്ച് അപഹസിക്കുകയും ചെയ്ത പ്രതിയുടെ കുററം ഏററം ഗുരുതരമാണ്. അതിനാൽ ആറുകൊല്ലത്തെ കഠിനതടവിനുശേഷം ആൽബർട്ട് ലൂസറിനെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു.

ജോ വ— വൈദികവിദ്വേഷം വളൎത്തുവാൻ എഴുതിവിടുന്ന അവാസ്തവപ്രസ്താവനകൾകൊണ്ട് പലരും വഞ്ചിതരാകുന്നു. ലൂസറിനുണ്ടായ തെററായ അറിവും അല്പം മുമ്പ് അയാൾ പ്രസ്താവിച്ചുവല്ലോ. മതത്തിൻെറ മൗലികതത്വങ്ങൾക്കും സദാചാരത്തിനും വിരുദ്ധമായി പ്രചരിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾ തടയേണ്ടതാണ്.

ജഡ്ജി—അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ തടയുകതന്നെ ചെയ്യും. എന്നാൽ ഇതുവരെ ആരും ഗവൎമ്മെൻറിൻെറ ദൃഷ്ടിയിൽ ഒന്നും കൊണ്ടുവന്നിട്ടില്ല.

ഫാദർ— കോടതി പിരിയുന്നതിനുമുമ്പ് എനിക്കൊരപേക്ഷ ബോധിപ്പിക്കാനുണ്ട്.

ജഡ്ജി— ഫാദർ പറഞ്ഞാലും!

ഫാദർ— യഥാൎത്ഥത്തിൽ പശ്ചാത്തപിക്കുന്ന ലൂസർ വധശിക്ഷക്കർഹനാണെങ്കിലും അയാളെ അതിൽനിന്നു രക്ഷിച്ചാൽ ലോകത്തിനു കൂടുതൽ ഗുണം സിദ്ധിക്കുവാൻ പാടുണ്ട്. അതിനാൽ ബ. കോടതി ലൂസറിനെ മരണശിക്ഷയിൽനിന്നു രക്ഷിക്കണമെന്നുള്ള എൻെറ അപേക്ഷ സകരുണം സാധിച്ചുതന്നാൽ ഞാൻ ഏററം ചാരിതാൎത്ഥ്യമടയുന്നതാണ്.

ജഡ്ജി— ഫാദർ ചെയ്ത അഭ്യൎത്ഥന നീതിന്യായകോടതിക്കു സ്വീകാൎയ്യമായിട്ടുള്ളതല്ല. എന്നിരുന്നാലും ഇത്തരുണത്തിൽ അതു തിരസ്കരിക്കുവാൻ എൻെറ മനസ്സ് അനുവദിക്കുന്നുമില്ല. അതിനാൽ ലൂസറിനു നൽകിയ കഠിനതടവും വധശിക്ഷയും ജീവപൎയ്യന്തം നാടുകടത്തലായി ഭേദപ്പെടുത്തിയിരിക്കുന്നു.

ഫാദർ—ലൂസർ! സ്നേഹിതാ! പശ്ചാത്തപിക്കാനും പാപത്തിനു പ്രായശ്ചിത്തമെടുത്ത് പുണ്യജീവിതം കഴിക്കാനും നിങ്ങൾക്കു വേണ്ടുവോളം സമയം ലഭിച്ചിരിക്കുന്നു. അത് ഇനി നിങ്ങൾ ദുരുപയോഗപ്പെടുത്തുകില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ലൂസർ— (മുട്ടുന്നി) പിതാവേ! കണ്ണീർ തൂകുന്ന ഈ പാപിയെ ഒന്നാശീർവദിക്കണമേ! (ഫാദർ അനുഗ്രഹിക്കുന്നു. ലൂസർ സവിനയം എഴുന്നേററു് സ്തുതിചെല്ലി കരം മുത്തുന്നു. പോലിസു് ലൂസറിനെ കാരാഗൃഹത്തിലേക്കു കൊണ്ടുപോകുന്നു. കോടതി പിരിഞ്ഞു. ജഡ്ജി എഴുന്നേററുവന്നു് ഫാദറിനു കൈ കൊടുത്തു അദ്ദേഹത്തെ അനുമോദിക്കുന്നു. സർക്കാർ വക്കീൽ, ജോൺ വക്കീൽ, നഗരാധിപൻ എന്നിവർ ഓരോ ഹാരം അണിയിച്ചു് ഫാദറിനെ അഭിനന്ദിക്കുന്നു.

നഗരാ— അങ്ങയെ തെററിദ്ധരിക്കാൻ ഇടയായതിൽ എനിക്കതിയായ കുണ്ഠിതമുണ്ടു്. ഞാൻ ക്ഷമാപണം ചെയ്തുകൊള്ളുന്നു.

ഫാദർ— തെററിദ്ധാരണ തീർത്തുതന്ന സർവ്വേശ്വരനെ നമുക്കു് സ്തോത്രം ചെയ്താരാധിക്കാം.

കർട്ടൻ.

(ശുഭം.)